2020 ഒക്ടോബർ–ഡിസംബർ വാല്യം 4 ലക്കം 2

# SPATO NEWS

# സ്പാറ്റോ ന്യൂസ്



## ഏത് പ്രതിസന്ധിയും അതിജീവിക്കാൻ കേരളസർക്കാർ

# സ്പോറ്റൊ ന്യൂസ് 2021 ജനുവരി–മാർച്ച്

# ഫ്രെഡറിക് എംഗൽസ് 200 ജന്മവാർഷികം




"ഈ കൃതിയിൽ അവതരിപ്പിച്ചിട്ടുള്ള വീക്ഷണ രീതി രൂപപ്പെടുത്തിയതും വികസിപ്പിച്ചതും മാർക്സാണ്. വളരെ അപ്രധാനമായ പങ്കുമാത്രമെ ഞാൻ അതിൽ വഹിച്ചിട്ടുള്ളൂ. മാർക്സുമായി ചേർന്നു പ്രവർത്തിച്ച കഴിഞ്ഞ 40 വർഷക്കാലത്തും അതിനുമുമ്പും ഈ സിദ്ധാന്തം ആവിഷ്കരിക്കുന്നതിൽ ഞാൻ സ്വതന്ത്രമായ ചില സംഭാവനകൾ ചെയ്തിട്ടുണ്ട് എന്നകാര്യം നിഷേധിക്കാനാവില്ല. എന്നാൽ, അടിസ്ഥാനപരമായ ആശയങ്ങൾ ആവിഷ്കരിക്കുന്നതിൽ–പ്രത്യേകിച്ചും സാമ്പത്തികശാസ്ത്രത്തിലും ചരിത്രത്തിലും–നേതൃപരമായ പങ്ക് മാർക്സിന്റേതു തന്നെയായിരുന്നു. അദ്ദേഹമാണ് ആ ആശയങ്ങൾക്ക് അന്തിമമായ ക്ലാസ്സിക്കൽ രൂപം നല്കിയത്. ചില സവിശേഷ മേഖളകളിൽ ചെയ്ത പഠനങ്ങൾ ഒഴിച്ചുനിർത്തിയാൽ ഈ മേഖലയിൽ ഞാൻ ചെയ്തത് എന്നെക്കൂടാതെ മാർക്സിന് സ്വന്തമായി ചെയ്യാൻ കഴിയുമായിരുന്നു. എന്നാൽ, മാർക്സ് കൈവരിച്ചത് എനിക്ക് കൈവരിക്കാനാകുമായിരുന്നില്ല."

**–ഡ്യൂറിങ്ങിനെതിരെ എന്ന കൃതിയുടെ ആമുഖം/ഏംഗൽസ്**

## കഥകൾ | കവിതകൾ | ലേഖനങ്ങൾ

രചനകൾ ക്ഷണിയ്ക്കുന്നു

## സ്പാറ്റൊ അംഗങ്ങളുടെ രചനകൾക്ക് പ്രാമുഖ്യമുള്ള പ്രത്യേക ലക്കം




# സ്പാറ്റോ

**സ്റ്റേറ്റ് പബ്ലിക് സെക്ടർ & ഓട്ടോണമസ് ബോഡീസ് ഓഫീസേഴ്സ് ഫെഡറേഷൻ**

2020 ഡിസംബർ
വാല്യം 4 ലക്കം 2



**കമ്മിറ്റി**

*ചീഫ് എഡിറ്റർ*
ആനക്കൈ ബാലകൃഷ്ണൻ
ജനറൽ സെക്രട്ടറി, സ്പാറ്റൊ
9446545270

*എഡിറ്റർ*
ഈ.ഡി. ഡേവീസ്
8289859667

*മാനേജിങ് എഡിറ്റർ*
എം. പ്രമോദ്
9447668693

*സർക്കുലേഷൻ മാനേജർ*
യു.കെ. വാസു
9497067364

*പത്രാധിപസമിതി*
വി.സി. ബിന്ദു
മനോജ് ജാതവേദർ
എസ്.ബി. ബിജു
എം. ശിവപ്രസാദ്
ടി.പി. സുധാകരൻ
ഡോ. സി. സ്വരാജ്



വിലാസം
ഈ.ഡി. ഡേവീസ്
എഡിറ്റർ, സ്പാറ്റൊ ന്യൂസ്
c/o. അക്കാദമി ക്വാർട്ടേഴ്സ്
അയ്യന്തോൾ, തൃശൂർ-3
davieksa@gmail.com

മുദ്രണം & രൂപകല്പന
മൗസ് ആന്റ് മൈൻഡ്സ്
തൃശൂർ

സ്പാറ്റൊ
സംസ്ഥാനകമ്മിറ്റിക്കുവേണ്ടി
ജനറൽ സെക്രട്ടറി
ആനക്കൈ ബാലകൃഷ്ണൻ
പ്രസിദ്ധീകരിക്കുന്നത്.


# ഉള്ളടക്കം


*പത്രക്കാഴ്ച*
കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ഒരു വോട്ട് | 4

കോവിഡനന്തര കേരളവികസനവും പൊതുമേഖല-സ്വയംഭരണസ്ഥാപനങ്ങളും | 6

ഇടതുപക്ഷസർക്കാരിന്റെ കാലത്ത് കേരളത്തിലെ പൊതുമേഖല സ്ഥാപനങ്ങൾ | 10

ജനകീയബദലിനെ സംരക്ഷിക്കണം | 24
**ആനക്കൈ ബാലകൃഷ്ണൻ**

തൊഴിലുടമയുടെ ഇ.പി.എഫ്. വിഹിതം പരിമിതപ്പെടുത്തുന്ന നിർദ്ദേശം പിൻവലിക്കണം | 26
**വി. സി. ബിന്ദു**

ദെൽഹി ചലോ-കർഷകസമരം | 28
**ഈ. ഡി. ഡേവീസ്**

ഉത്തരവുകളും നേട്ടങ്ങളും | 30

സംഘടനാവാർത്തകൾ | 34

## പത്രക്കാഴ്ച

# കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധനയങ്ങൾക്കെതിരെ ഒരുവോട്ട്

നവംബർ 26-ന് നടത്തിയ ദേശീയ പണിമുടക്ക് വലിയ വിജയമായി. സ്പാറ്റൊയും അതിൽ പങ്കുചേർന്നു. 2020 ജനുവരി 8-ന് നടത്തിയ പണിമുടക്കിൽ 30 കോടി ജനങ്ങൾ പങ്കെടുത്തു.




എന്നാൽ ഈ വർഷത്തെ രണ്ടാമത്തെ പണിമുടക്ക് അതിലും എത്രയോ ഉജ്ജ്വലമായി പരിണമിച്ചു.

കോവിഡുകാലം തങ്ങളുടെ നവലിബറൽ-സംഘി അജണ്ടകൾ നടപ്പിലാക്കാനുള്ള അവസരമാക്കുകയാണ് മോഡി സർക്കാർ ചെയ്തത്. സ്വദേശീതാത്പര്യമോ ജനകീയതാത്പര്യമോ അല്ല സാമ്രാജ്യത്വമൂലധന താത്പര്യങ്ങൾ നടപ്പിലാക്കാനാണ് ബി.ജെ.പി. നിലകൊള്ളുന്നത്. കർഷകമേഖലയിലും തൊഴിൽമേഖലയിലും വിദ്യാഭ്യാസമേഖലയിലും പൊതുമേഖലയിലും അവർ നഗ്നമായ മൂലധനതാത്പര്യങ്ങൾ തന്നെ നടത്തി രാജ്യത്തെ ജനങ്ങളെ പാപ്പരീകരിക്കുന്നു.

ഇപ്പോൾ ദെൽഹിയിൽ നടത്തുന്ന കർഷകസമരം കേന്ദ്രസർക്കാർ എത്രമാത്രം കർഷകവിരുദ്ധമായ നിയമങ്ങളാണ് ഈയിടെ ഉണ്ടാക്കിയത് എന്നതിന്റെ നിദർശനമാണ്. കോർപ്പറേറ്റ് കൃഷിക്ക് ആവശ്യമായ മണ്ണൊരുക്കലാണ് മോഡി സർക്കാർ ചെയ്തത്. ഭക്ഷ്യസുരക്ഷയും തകർക്കുന്ന കരിനിയമങ്ങൾ കൂടിയാണിവ.

കോവിഡ്-19 മൂലമുണ്ടായ സാമ്പത്തിക തകർച്ചയെത്തുടർന്ന് കേന്ദ്രധനമന്ത്രി നിർമ്മലാസീതാരാമൻ 20 ലക്ഷം കോടി രൂപയുടെ ഉത്തേജകപാക്കേജ് ആണ് പ്രഖ്യാപിച്ചത്. ആത്മനിർഭർ ഭാരത്/സ്വയംപര്യാപ്തഭാരതം എന്ന പരിപാടിയിൽ ഉൾപ്പെടുത്തിയാണ് ഈ കോവിഡുകാലപാക്കേജുകൾ പ്രഖ്യാപിച്ചത്. എന്നാൽ ഈ സാമ്പത്തികമാന്ദ്യം ഉണ്ടായത് കോവിഡുകൊണ്ടല്ല.

സാമ്പത്തികവളർച്ച 2019-ൽ 4.23 ശതമാനം മാത്രമായിരുന്നു. എന്നാൽ 2014-15 ൽ ഉണ്ടായ ദേശീയ വരുമാനവളർച്ച എട്ടുശതമാനമായിരുന്നെന്ന് ഓർക്കേണ്ടതാണ്. ഇപ്പോഴാകട്ടെ 1942-ൽ ഉണ്ടായ ക്ഷാമത്തിനു സമാനമായ അവസ്ഥ ഇന്ത്യ അഭിമുഖീകരിക്കുന്നു. തൊഴിലില്ലായ്മ 23% മായി ഉയർന്നിരിക്കുന്നു. ഇപ്പോഴുള്ള 90% തൊഴിലുകളും അസംഘടിത മേഖലയിലാണുതാനും. സ്വകാര്യ മേഖലയിലെ മൂലധനനിക്ഷേപത്തിലും വലിയ ഇടിവ് സംഭവിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കടുത്ത സാമ്പത്തിക അസമത്വത്തിലേക്ക് രാജ്യം മുതലക്കൂപ്പുകുത്തിയിരിക്കുന്നു.

ഈ സന്ദർഭത്തിൽ കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പദ്ധതിയാസൂത്രണവും നിർവഹണവും രാഷ്ട്രീയനയങ്ങളും സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. പ്രളയങ്ങളെയും മാരകമായ പകർച്ചവ്യാധികളെയും അതിജീവിച്ചു നില്ക്കുന്നതിന് കേരള സമൂഹത്തെ പ്രാപ്തമാക്കിയത് ഈ സർക്കാരിന്റെ ഇച്ഛാശക്തിയും, മുൻകൈയും, ചലനാത്മകതയും സാമൂഹികപ്രതിജ്ഞാബദ്ധതയും ആണ്. പ്രതിസന്ധികളെ അതിജീവിക്കാൻ കേന്ദ്രസർക്കാർ സഹായിച്ചില്ല; എന്നുമാത്രമല്ല സഹായഹസ്തങ്ങളെ വിലക്കുകകൂടി ചെയ്തു. ഒരു ജനതയോട് ഇതിൽപ്പരം ക്രൂരതയുണ്ടോ?

കേരളസർക്കാർ പ്രതിസന്ധികളെ അഭിമുഖീകരിക്കാൻ ഗ്രാമപഞ്ചായത്തുകളെ സുശക്തമാക്കി. സർക്കാരും സമൂഹവും ഒത്തുചേർന്ന് അതിജീവനത്തിനുള്ള അടിത്തറയൊരുക്കി. പ്രളയാനന്തരം പുനർനിർമ്മാണത്തിനും മറ്റും വൻതോതിലുള്ള പണം ആവശ്യമാണ്. സർക്കാർ കിഫ്ബിയെ പുന: സംഘടിപ്പിച്ചു. കിഫ്ബി നല്ലരീതിയിൽ പ്രവർത്തിച്ചു തുടങ്ങിയപ്പോൾ കിഫ്ബിയെ തകർക്കലായി കേന്ദ്രസർക്കാരിന്റെ ലക്ഷ്യം. നാനാവിധത്തിലുള്ള അന്വേഷണ ഏജൻസികളെയും രാഷ്ട്രീയ ആജ്ഞാനുവർത്തികളായ മാധ്യമമുതലാളിമാരെയും വെച്ച് കിഫ്ബിയെ തകർക്കുന്നതിനുവേണ്ടി നടത്തിയ ഗൂഢാലോചനകൾ ഇപ്പോൾ ദൃശ്യമായിരിക്കുന്നു. കേരളം ഈ പ്രതിസന്ധികൾക്കിടയിലും മുന്നോട്ടു കുതിക്കുകയാണ്.




കേരളസർക്കാർ ഇക്കാലയളവിൽ ചെയ്തത് പൊതുസംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും നവീകരിക്കുകയുമാണ്. നഷ്ടത്തിലായ എത്രയോ പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലായി. എത്രയോ സ്ഥാപനങ്ങളിൽ മുടങ്ങിക്കിടന്ന ശമ്പളപരിഷ്കരണം യാഥാർത്ഥ്യമായി. കോവിഡുകാലത്തും സമൂഹത്തിന് താങ്ങായി ഉണർന്നു പ്രവർത്തിച്ചവയിൽ മുൻപന്തിയിൽ പൊതുമേഖലാ സ്ഥാപനങ്ങളുമുണ്ട്. പ്രതിജ്ഞാബദ്ധമായ തൊഴിൽസംസ്കാരത്തിലൂടെ വികസനപദ്ധതികൾക്ക് ഫലദായകത്വം നല്കുന്നതിൽ സ്പാറ്റൊ പ്രതിജ്ഞാബദ്ധമായി പ്രവർത്തിച്ചു.




കേന്ദ്ര സർക്കാർ ഈ സന്ദർഭത്തിലും വിറ്റുതലയ്ക്കൽ പദ്ധതികളാണ് അരങ്ങേറി ആഘോഷിക്കുന്നത്. വിത്തെടുത്ത് കുത്തിയുള്ള ആഘോഷമാണിത്. നവരത്നകമ്പനികളുടെ വിറ്റുതുലയ്ക്കൽ സംരംഭത്തെക്കുറിച്ചും മറ്റും ഇവിടെ ആവർത്തിക്കേണ്ടതില്ല. കെടുകാര്യസ്ഥതയും ധൂർത്തുമായി ഇന്ത്യയെ സാമ്രാജ്യത്വമൂലധന ശക്തികൾക്കു അടിയറവെയ്ക്കുന്ന സാഹചര്യത്തിൽ കേരള സർക്കാർ എന്ന ഇടതുപക്ഷ ബദൽ ഉയർത്തിപ്പിടിക്കാൻ പൗരന്മാർക്കു കഴിയണം. അതിനായി ഇടതുപക്ഷത്തെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ട ബാദ്ധ്യത നമുക്കുണ്ട്. ഈ ത്രിതല പഞ്ചായത്തു-നഗരപാലിക തെരഞ്ഞെടുപ്പിൽ വികസനപ്രവർത്തനങ്ങൾക്ക് കരുത്തുപകരാൻ, ജനക്ഷേമപ്രവർത്തനങ്ങൾക്ക് തുടർച്ചയേകാൻ, പൊതുമേഖലയുടെ സംരക്ഷണത്തിന് ഊർജ്ജം നല്കാൻ, മതനിരപേക്ഷ കേരളത്തിന്റെ കാവലാകാൻ ഓരോരുത്തരുടെയും വിലയേറിയ സമ്മതിദാനാവകാശം ഉപയോഗപ്പെടുത്തുകയും സമൂഹത്തെ ആ നിലയിൽ ഉദ്ബോധരാക്കുന്നതിനായി തുടർദിനങ്ങൾ പ്രയോജനപ്പെടുത്തണമെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.


**ആനക്കൈ ബാലകൃഷ്ണൻ**
ചീഫ് എഡിറ്റർ

നമ്മുടെ സംസ്ഥാനത്തടക്കം ലോകത്തിലാകമാനം കോവിഡ് 19 വ്യാപിച്ചിരിക്കുന്നു. സംസ്ഥാനത്തെ ജനജീവിതത്തെയും വികസനമേഖലകളെയും ഗൗരവമായി ബാധിക്കുന്ന പ്രശ്നമായിത്തീർന്നു ഇത്. മുൻവർഷങ്ങളിലുണ്ടായ അതിരൂക്ഷമായ വരൾച്ച, പ്രളയങ്ങൾ, ഓഖി ചുഴലിക്കാറ്റ് തുടങ്ങിയവയെല്ലാം നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിൽ വലിയ വെല്ലുവിളികളാണുയർത്തിയത്. കോവിഡ് പ്രതിസന്ധിയുടെ ഭാഗമായി ഭക്ഷ്യക്ഷാമം, തൊഴിൽ മുരടിപ്പ്, വ്യാവസായികപ്രതിസന്ധി തുടങ്ങിയ ഒട്ടേറെ പ്രശ്നങ്ങളെ മറികടക്കുന്നതിനുള്ള തീവ്രശ്രമങ്ങളിലാണ് ഇന്ന് കേരള സർക്കാർ.

ഈ പശ്ചാത്തലത്തിൽ, കോവിഡനന്തര കേരളത്തിൽ പൊതുമേഖല-സ്വയംഭരണസ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തിലൂന്നിയ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സന്നദ്ധമായിരിക്കുന്നു. നമ്മുടെ സാമൂഹ്യ ഉത്തരവാദിത്തവും വർദ്ധിച്ചിരിക്കുന്നു. സുസ്ഥിരവികസനത്തിനായിട്ടുള്ള ആസൂത്രണനിർവഹണത്തിൽ നമുക്കേറെ മുന്നോട്ടുപോകാനുണ്ട്. സംസ്ഥാനത്തെ പൊതുമേഖല-സ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് സ്പാറ്റൊ സംസ്ഥാനകമ്മിറ്റി തയ്യാറാക്കി കേരള മുഖ്യമന്ത്രിക്ക് സമർപ്പിച്ച രൂപരേഖയാണിത്.

# കോവിഡനന്തര കേരളവികസനവും പൊതുമേഖലാ സ്വയംഭരണസ്ഥാപനങ്ങളും

**കർമ്മ പരിപാടി**



### പശ്ചാത്തലം

കേരളത്തിൽ കോവിഡ് വ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ നേരിടുന്ന വികസനപ്രതിസന്ധി അതിരൂക്ഷമാകാനുള്ള സാധ്യത വളരെയേറെയാണ്. ഭക്ഷ്യോൽപാദനത്തിലും, തൊഴിലിലും, വ്യാവസായിക-കാർഷിക-വിദ്യാഭ്യാസ മേഖലകളിലും ഇന്ന് പ്രതിസന്ധി അതിഗൗരവമാണ്. വ്യാവസായിക-സേവന- ഗവേഷണ മേഖലകളിലാണ് നമ്മുടെ മിക്ക പൊതുമേഖലാ-സ്വയംഭരണസ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. ഉയർന്ന യോഗ്യതകളും, പ്രൊഫഷണൽ വൈദഗ്ധ്യവും സേവന സന്നദ്ധതയുമുള്ള ഉദ്യോഗസ്ഥരും തൊഴിലാളികളും ഈ സ്ഥാപനങ്ങളുടെ മുതൽക്കൂട്ടാണ്. ഈ സ്ഥാപനങ്ങൾ നിലനിൽക്കുന്ന ഭൂമിയും, മറ്റ് ഭൗതികസൗകര്യങ്ങളും പൂർണ്ണമായും ഉപയോഗപ്പെടുത്താത്ത സ്ഥിതിയുമുണ്ട്.

മാനവവിഭവശേഷി, നവീന സാങ്കേതികവിദ്യകളുടെ പ്രയോഗം, ആവശ്യമായ ശേഷിവികസനം, വിവിധ സ്ഥാപനങ്ങളും ഏജൻസികളും തമ്മിലുള്ള ഏകോപനം തുടങ്ങിയവ കൂടി പരിഗണിച്ച് ഓരോ സ്ഥാപനത്തെയും മെച്ചപ്പെടുത്തുന്നതിനുള്ള ആസൂത്രണവും കർമ്മപരിപാടിയും തയ്യാറാക്കേണ്ടതുണ്ട്. അത് നമ്മുടെ പരിസ്ഥിതി, ജലലഭ്യതയും വിനിയോഗവും, കാർഷിക സ്വയം പര്യാപ്തത, ഊർജ്ജവിനിയോഗം, സാങ്കേതികവിദ്യകളുടെ നവീകരണം എന്നിവ പരിഗണിച്ച് തയ്യാറാക്കണം. അതിനുള്ള ചില ധാരണകളാണ് നിർദ്ദേശിക്കുന്നത്.

### ആമുഖം

ആഗോളതലത്തിൽ അതിതീവ്രമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന കോവിഡ്-19 മഹാമാരി നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തെ അതീവ ഗുരുതരമായി ബാധിച്ചിരിക്കുന്നു. വികസന പ്രതിസന്ധിയുടെ ഭാഗമായി വ്യവസായിക - കാർഷികരംഗത്ത് ശക്തമായ മുരടിപ്പുതന്നെ ഉണ്ടാവുമെന്നാണ് സൂചനകൾ. അതോടൊപ്പം ജനജീവിതത്തിന്റെയും വികസനത്തിന്റെയും സമസ്ത മേഖലകളിലും പ്രതിസന്ധികൾ സൃഷ്ടിക്കാവുന്ന സാഹചര്യങ്ങളാണ് മുന്നിലുള്ളത്. കോവിഡ് 19 ന്റെ പ്രശ്നങ്ങൾ കഴിഞ്ഞാലും സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനമേഖലകളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കി മാത്രമേ ഈ വെല്ലുവിളികളെ അതിജീവിക്കുവാൻ കഴിയുകയുള്ളൂ. അതിനുള്ള ശ്രമങ്ങൾ സർക്കാറിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഇത്തരം പ്രശ്നങ്ങളെ മറികടക്കുന്നതിൽ സംസ്ഥാനത്തെ പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. ഓരോ സ്ഥാപനത്തിന്റെയും ഭൗതിക മാനവശേഷി പരമാവധി ഉപയോഗപ്പെടുത്തിയും സാങ്കേതികവിദ്യകളുടെ നവീകരണവും പ്രയോഗവും ശക്തമാക്കിയും ഇതിന് കഴിയും. അതിനുള്ള ശ്രമങ്ങൾ അടിയന്തരമായി ആരംഭിക്കേണ്ടതുണ്ട്.

### പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന സാധ്യതകൾ

പൊതുമേഖലാ-സ്വയം ഭരണസ്ഥാപനങ്ങളെ താഴെപ്പറയുന്ന വിഭാഗങ്ങളിലായി ഉൾപ്പെടുത്താവുന്നതാണ്.

1. ഉൽപാദനം
2. സേവനം
3. പഠനഗവേഷണങ്ങൾ
4. സാങ്കേതികസഹായം
5. മറ്റുള്ളവ

ഓരോ സ്ഥാപനത്തെയും കണക്കിലെടുത്താൽ വ്യത്യസ്തങ്ങളായ വികസനസാധ്യതകളാണ് ഉണ്ടാവുക. അതേസമയം താഴെപ്പറയുന്ന വിഷയങ്ങളിൽ വികസന ഇടപെടലുകൾക്കുള്ള സാഹചര്യവും കാണാവുന്നതാണ്. വിവിധ തരത്തിലുള്ള സ്ഥാപനങ്ങളുടെ വികസനസാധ്യതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനതല വികസനം; മാറിയ പശ്ചാത്തലത്തിലെ സാധ്യതകൾ
2. സ്ഥാപനത്തിന്റെ പശ്ചാത്തല, അടിസ്ഥാനസൗകര്യവികസനം.
3. വിവിധ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, പരസ്പരസഹായ സാധ്യതകൾ.
4. സ്ഥാപനങ്ങളുടെ സേവനങ്ങൾ, ഉൽപന്നങ്ങൾ, വൈദഗ്ധ്യം, വിവരാടിത്തറ (data base) എന്നിവ പ്രയോജനപ്പെടുത്തൽ.

### ലക്ഷ്യങ്ങൾ

1. ഓരോ സ്ഥാപനവും കൂടുതൽ സ്വയംപര്യാപ്തമാവുക.
2. സ്ഥാപനത്തിന്റെ സ്ഥലവും അടിസ്ഥാനസൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തുക.
3. ഓരോ സ്ഥാപനവും അതിന്റെ മേഖലകളിലെ മാതൃകാ സ്ഥാപനമാക്കി മാറ്റുക.
4. സ്ഥാപനത്തിന്റെ കാര്യക്ഷമതയും സാമൂഹ്യ ഉത്തരവാദിത്തവും വർദ്ധിപ്പിക്കുക.
5. വിവിധസ്ഥാപനങ്ങൾ തമ്മിൽ പരസ്പര ഏകോപനവും സഹകരണവും സാധ്യമാക്കുക
6. ഓരോ സ്ഥാപനത്തിന്റെയും സാധ്യതകൾ കണ്ടെത്തി, അതിനെ പരമാവധി പ്രയോജനപ്പെടുത്തുക.
7. ഉൽപാദന, സേവന, മാർക്കറ്റിങ് സംവിധാനങ്ങൾ വിപുലപ്പെടുത്തുവാൻ പരസ്പരം സഹായിക്കുന്നതിനുള്ള ഏകോപന സംഘടനാ സംവിധാനം വിവിധ തലങ്ങളിൽ രൂപപ്പെടുത്തുക.

## പ്രവർത്തനമേഖലകൾ/ ഇടപെടൽസാധ്യതകൾ

### 1. ഭൗതികമേഖലകൾ

1. ഓരോ സ്ഥാപനത്തിന്റെയും ഉടമസ്ഥതയിലുള്ള ഭൂമി വിവിധ ആവശ്യങ്ങൾക്കായി പരമാവധി പ്രയോജനപ്പെടുത്തുക.

2. നിലവിലുള്ള കെട്ടിടങ്ങൾ, ഓഫീസ് സൗകര്യങ്ങൾ വ്യവസായസ്ഥാപനമാണെങ്കിൽ അതിന്റെ പ്ലാന്റും മറ്റ് സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുക.

### 2. മാതൃകാസ്ഥാപനങ്ങൾ സൃഷ്ടിക്കുക

കൃഷി, ജലസംരക്ഷണം, ഊർജ്ജസംരക്ഷണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ എല്ലാ സ്ഥാപനങ്ങൾക്കും ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങളിലൂടെ മാതൃകാസ്ഥാപനമാക്കുന്നതിനായി ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള ജല ഉപയോഗം സംബന്ധിച്ച ഓഡിറ്റ് നടത്തണം. അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ ജലബജറ്റ് തയ്യാറാക്കുകയും, ബജറ്റ് നിർദ്ദേശത്തിന്റെ ഭാഗമായുള്ള തുടർപ്രവർത്തനങ്ങളും ജലമിതവ്യയവും നടപ്പാക്കണം. ജലസംരക്ഷണം, മഴവെള്ളസംഭരണം, മണ്ണുസംരക്ഷണം മുതലായവയും മാതൃകാപരമായി നടപ്പാക്കണം.

2. നിലവിലുള്ള വൈദ്യുതി ഉപഭോഗം സംബന്ധിച്ച് ഊർജ്ജ ഓഡിറ്റ്, ദക്ഷത കൂടിയ വൈദ്യുതോപകരണങ്ങൾ സ്ഥാപിക്കൽ, സൗരോർജ്ജപദ്ധതികൾ മുതലായവ.

3. മാലിന്യസംസ്കരണം ഫലപ്രദമാക്കണം. സ്ഥാപനത്തിലെ ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്കരണം, പുനരുപയോഗത്തിനായി കൈമാറൽ. വ്യവസായസ്ഥാപനങ്ങളിൽ ഉൽപാദിപ്പിക്കുന്ന മാലിന്യങ്ങളുടെ പരിപാലനം, പുനരുപയോഗം തുടങ്ങിയവ.

4. കൃഷി ചെയ്യാനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. സ്ഥാപനത്തിന്റെ ഭൂമിയിൽ പരമാവധി കൃഷി ചെയ്യുക. സംയോജിത കൃഷിക്ക് പ്രാധാന്യം നല്കണം. ഇതിൽ ദീർഘകാലവിളകൾക്ക് പ്രാധാന്യം. ഔഷധസസ്യത്തോട്ടം, സുഗന്ധവിളത്തോട്ടം തുടങ്ങിയവയും പരിഗണിക്കാവുന്നതാണ്.

5. സ്ഥാപനത്തിന്റെ കാമ്പസ് മനോഹരമാക്കണം. (ഗ്രീൻ ബെൽറ്റ്, പൂന്തോട്ടം, ക്യാമ്പസിന്റെ ഒരു ചെറിയ ഭാഗത്ത് ജൈവവൈവിധ്യത്തിന്റെ പച്ചത്തുരുത്ത് തയ്യാറാക്കൽ, ക്യാമ്പസിൽ ധാരാളം മരങ്ങൾ, ചെറിയചെടികൾ തുടങ്ങിയവ നട്ടുവളർത്തണം.)

6. ഹരിതപ്രോട്ടോക്കോൾ – സ്ഥാപനത്തിൽ പൂർണ്ണമായും സർക്കാറിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഹരിത പ്രോട്ടോക്കോൾ നടപ്പാക്കണം. പരിസ്ഥിതിസൗഹൃദ വസ്തുക്കളുടെ ഉപയോഗം, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ നിരോധനം തുടങ്ങിയവ നടപ്പാക്കണം. ഹരിത പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന്റെ നിരന്തര മോണിറ്ററിങ് കൂടി ഉണ്ടാവണം.

### 3. സ്ഥാപനങ്ങളുടെ വൈവിധ്യവൽക്കരണം

കോവിഡിന്റെ പശ്ചാത്തലത്തിൽ, പുതിയ ആവശ്യങ്ങളും വികസനസാധ്യതകളും കേരളത്തിൽ അനിവാര്യമായിരിക്കുന്നു. നിലവിലുള്ള സ്ഥാപനങ്ങളിൽ തന്നെ വൈവിധ്യവൽക്കരണം നടത്തി സ്ഥാപനങ്ങളെ മെച്ചപ്പെടുത്താൻ കഴിയും. ഇതിനായി, സ്ഥാപനങ്ങളിൽ നിലവിലുള്ള സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം പുതിയ സാങ്കേതികവിദ്യകളും ഭൗതിക സൗകര്യങ്ങളും സ്വായത്തമാക്കേണ്ടിവരും. ഇതിനായി ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇന്ത്യയിൽ വെന്റിലേറ്റർ നിർമ്മാണത്തിൽ ഐ ഐ റ്റി റൂർക്കി വളരെ മുന്നോട്ടുപോയിട്ടുണ്ട്. വെന്റിലേറ്റർ നിർമ്മാണത്തിൽ കെൽട്രോണിനോ നമ്മുടെ മറ്റേതെങ്കിലും സ്ഥാപനത്തിനോ അവരുമായി സഹകരിച്ച് ഇടപെടൽ നടത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് ഇതിനുള്ള പരിപാടി തയ്യാറാക്കണം.

2. മാസ്ക്, ഹോസ്പിറ്റൽ ലിനൻ, പിപിഇ തുടങ്ങിയ വയുടെ നിർമ്മാണത്തിൽ കെ.എസ്.ടി.സി.ക്ക് സാധ്യതകളുണ്ട്. ഇത് പ്രോത്സാഹിപ്പിക്കണം.

3. എൻജിനീയറിങ്-നിർമ്മാണമേഖലയിലുള്ള നമ്മുടെ പല സ്ഥാപനങ്ങളിലും ഓക്സിജൻ/മെഡിക്കൽ സിലിണ്ടർ നിർമ്മാണത്തിന് സാധ്യതയുണ്ട്. അതുവഴി, നിലവിൽ സ്വകാര്യമേഖലയുടെ കുത്തകയായ ഈ മേഖലയിൽ പൊതുമേഖലയുടെ സാധ്യത ഉറപ്പാക്കാനും അവയുടെ ഗുണമേന്മയും ലഭ്യതയും വർദ്ധിപ്പിക്കാനും കഴിയും.

4. കെ.എം.എം.എല്ലിൽ ഇൻഡസ്ട്രിയൽ ഓക്സിജൻ മാത്രം ഉൽപാദിപ്പിച്ചുവന്നിരുന്ന പ്ലാന്റ് നിലവിലുണ്ട്. അതിന്റെ നവീകരണവും, വിപുലീകരണവും നടന്നുവരികയാണ്. കെ.എം.എം.എല്ലിൽ ബുള്ളറ്റ് കണ്ടെയിനറുകളിൽ നിറയ്ക്കുന്നതിനും മെഡിക്കൽ ഓക്സിജൻ വിതരണത്തിനുമുള്ള അധികസംവിധാനം വളരെ കുറഞ്ഞ ചെലവിൽ ഏർപ്പെടുത്താനും കഴിയും. അങ്ങനെ ചെയ്യുന്നപക്ഷം കോവിഡ് ചികിത്സയിലും മറ്റു പകർച്ചവ്യാധി ചികിത്സയിലും തെക്കേ ഇന്ത്യയിലെ ആശുപത്രികളിൽ ആവശ്യമായേക്കാവുന്ന മുഴുവൻ ഓക്സിജനും നല്കാനുള്ള പ്രാപ്തിയിലേക്ക് ഈ സ്ഥാപനത്തെ മാറ്റാൻ കഴിയും.

5. കെ.എം.എം.എല്ലിൽ

തന്നെയുള്ള നാനോപ്ലാന്റിന്റെ വികസനമാണ് മറ്റൊരു നിർദ്ദേശം. ഇതുവഴി മരുന്നുനിർമ്മാണത്തിലും ബയോടെക്നോളജിയിലും മികച്ച നേട്ടം കൊയ്യാൻ സംസ്ഥാനത്തെ പ്രാപ്തമാക്കും, ഇവിടെയുള്ള ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റിനും കൂടുതൽ ശ്രദ്ധയും വികസനവും ആവശ്യമാണ്.

6. സൗരോർജ്ജം ഉൾപ്പടെ ഊർജ്ജോൽപാദനത്തിലും ഊർജ്ജസംരക്ഷണത്തിലും എനർജി മാനേജ്മെന്റ് സെന്റർ, ടെൽക്, കെൽ, കെ.എസ്.ഇ.ബി, ട്രാക്കോകേബിൾസ് എന്നിവ ചേർന്ന് പ്രവർത്തിച്ചാൽ ഉണ്ടാക്കാനാവുന്ന മെച്ചം വളരെ വലുതാണ്. സോളാർപാനൽ, വൈദ്യുത വാഹന ബാറ്ററി നിർമ്മാണം തുടങ്ങിയ മേഖലകളിൽ ട്രാവൻകൂർ ടൈറ്റാനിയത്തിന്റെ സാധ്യതകളും പ്രയോജനപ്പെടുത്തണം.

**4. ധനപരമായ മേഖലകൾ**

ഓരോ സ്ഥാപനത്തിലും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് സാമ്പത്തികം ആവശ്യമാണ്. അതിനു സഹായകമാവുന്ന നിലയിൽ പ്രോജക്റ്റുകൾ തയ്യാറാക്കി സർക്കാർ-സർക്കാരിതര ഏജൻസികൾ എന്നിവയ്ക്ക് സമർപ്പിക്കണം. ഇതിനുള്ള സാധ്യതകൾ കണ്ടെത്തേണ്ടതുണ്ട്.

1. സംയോജിത കാർഷിക പരിപാടികൾ

2. ജലസംരക്ഷണ-ഊർജ്ജസംരക്ഷണ പരിപാടികൾ

3. പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് ദീർഘകാല വാടകയ്ക്ക് പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകൽ, നിലവിലുള്ള കെട്ടിടങ്ങളുടെ ഉപയോഗം പരിശോധിച്ച് മുഴുവൻ സ്ഥലവും ഫലപ്രദമായി ഉപയോഗപ്പെടുത്തൽ എന്നിവയ്ക്കുള്ള പരിപാടി തയ്യാറാക്കണം.

4. വിവിധ സ്ഥാപനങ്ങളുടെ ഉപകേന്ദ്രങ്ങൾക്ക് സ്ഥലവും, താൽക്കാലിക കെട്ടിടസൗകര്യങ്ങളും ലഭ്യമാക്കൽ.

5. ഉൽപാദന-സേവന മേഖലകളുടെ വിപുലീകരണം, വൈവിധ്യവൽക്കരണം മുതലായവ.

**5. ധനസഹായം ഉറപ്പാക്കൽ**

1. വിവിധ പൊതുമേഖല സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണസ്ഥാപനങ്ങൾ (നിലവിലുള്ളവയിൽനിന്നും) വഴിയുള്ള ലോണുകൾ

2. മറ്റ് സർക്കാർ വികസന പരിപാടികളുടെ ധനസഹായം

3. പുതിയ സഹകരണ സംഘങ്ങളുടെ രൂപീകരണം

4. ദേശസാൽകൃതബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽനിന്നുള്ള വായ്പകൾ

5. മാർക്കറ്റിംഗ് സഹകരണം വിവിധ പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നിരവധി ഉൽപന്നങ്ങൾ നിലവിൽ ഉൽപാദിപ്പിക്കുന്നുണ്ട്. അവ പരമാവധി മാർക്കറ്റ് ചെയ്യുന്നതിനുള്ള പരസ്പരസഹകരണം ലഭ്യമാക്കേണ്ടതുണ്ട്. വിവിധ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ, സേവനങ്ങൾ, വൈദഗ്ദ്ധ്യം, സാങ്കേതികസഹായം എന്നിവയും പരസ്പരം കൂടുതലായി പ്രയോജനപ്പെടുത്താവുന്ന മേഖലകളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഇക്കാര്യങ്ങളിൽ സഹകരണം ഉണ്ടാക്കുന്നതിനും പ്രത്യേകപരിഗണന നൽകണം.

**6. വിജ്ഞാനവ്യാപനം, സാങ്കേതികസഹായം**

നിരവധി സ്ഥാപനങ്ങൾ വ്യത്യസ്ത മേഖലകളിൽ ധാരാളം പുതിയ കണ്ടുപിടിത്തങ്ങളും, സാങ്കേതികവിദ്യകളുടെ വൈവിധ്യവൽക്കരണവും അറിവുകളുടെ രൂപപ്പെടുത്തലുകളും നടത്തുന്നു. അവ പൊതുസമൂഹത്തിന് നൽകാവുന്ന നിലയിൽ ഓരോ സ്ഥാപനത്തിലും വിവരവിജ്ഞാനവ്യാപന സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

**7. സാങ്കേതികസഹായ സംഘം**

സംസ്ഥാന സർക്കാറിലെ വിവിധ വകുപ്പുകൾ, ഏജൻസികൾ, സർക്കാറിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ-സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും, നടപ്പാക്കുന്നതിനും, അത് പരിപാലിക്കുന്നതിനാവശ്യമായ സാങ്കേതികസഹായം ലഭ്യമാക്കുന്നതിനുമായി വിവിധ പൊതുമേഖലാ-സ്വയംഭരണസ്ഥാപനങ്ങളിലെ നിർദ്ദിഷ്ടമേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തിയ സാങ്കേതികസഹായ സംഘം രൂപീകരിക്കണം. ഇവരിൽനിന്നും വൈദഗ്ധ്യം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ മാത്രമേ മറ്റ് സ്വകാര്യ ഏജൻസികളെ ഉപയോഗപ്പെടുത്താവൂ എന്നും നയപരമായി തീരുമാനിച്ച് നടപ്പാക്കണം.

**8. ഏകോപനസമിതികൾ**

സംസ്ഥാനത്തെ പൊതുമേഖലാ-സ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഏകോപനവും സഹകരണവും വർദ്ധിപ്പിച്ച് പരസ്പരബന്ധിതങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. ഇക്കാര്യം ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട സ്ഥാപനമേധാവികളും, സ്ഥാപനം ഉൾപ്പെടുന്ന സർക്കാർവകുപ്പു പ്രതിനിധികളുമുള്ള ഏകോപന സമിതി രൂപീകരിക്കേണ്ടതാണ്. അതോടൊപ്പം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനായി പൊതുമേഖലാസ്ഥാപനങ്ങൾക്കും സ്വയംഭരണസ്ഥാപനങ്ങൾക്കുമായി പ്രത്യേക ഉപസമിതികളും രൂപീകരിക്കാവുന്നതാണ്.

*സബ്കമ്മിറ്റി കൺവീനർ*
**ടി.പി.സുധാകാരൻ**

*അംഗങ്ങൾ*
**ഡോ. എം.മോഹനൻ**
**ഡോ. ടി.ഉണ്ണികൃഷ്ണൻ**
**ഡോ. സുഭാഷ് ചന്ദ്രബോസ്**
**ഡോ. സി.സ്വരാജ്**
**ബി. സുനിൽ.**

# ഇടതുപക്ഷസർക്കാരിന്റെ കാലത്ത് കേരളത്തിലെ പൊതുമേഖലസ്ഥാപനങ്ങൾ

**പൊതുമേഖല സ്ഥാപനങ്ങൾ ജനാധിപത്യ സംവിധാനത്തിലെ അനിവാര്യരക്ഷാകവചങ്ങളാണ്. ഒരു തൊഴിൽദാതാവിന്റെ സ്ഥാനം മാത്രമല്ല, പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ളത്. അത് സമ്പദ്വ്യവസ്ഥയെ താങ്ങിനിർത്തുന്നതും സമൂഹത്തെ സാർവ്വത്രികമായി ജനാധിപത്യവത്കരിക്കുന്നതിനും സഹായകമായ ജൈവസ്രോതസ്സുകളാണ്. സ്വയംഭരണ സ്ഥാപനങ്ങൾ നാടിന്റെ ഭാവിയെ കരുപിടിപ്പിക്കുന്നതിനുള്ള വൈജ്ഞാനിക ആസൂത്രണത്തിന്റെ ഉറവകളാണ്. ചുരുക്കത്തിൽ, പൊതുമേഖലാ സ്ഥാപനങ്ങളും സ്വയംഭരണസ്ഥാപനങ്ങളുമാണ് ജനാധിപത്യസമൂഹത്തെയും ഭരണ സംവിധാനത്തെയും ശാക്തീകരിക്കുന്നത്. സമത്വം, സ്വാതന്ത്ര്യം, സമഭാവന, സാമൂഹ്യനീതി എന്നീ ആശയങ്ങളുടെ ആവിഷ്കാരത്തിൽ ഇത്തരം സ്ഥാപനങ്ങൾക്കുള്ള പങ്ക് തിരിച്ചറിയാൻ കേരളത്തിന് കഴിഞ്ഞതുകൊണ്ടാണ് കേരളം ഒരു വികസനമാതൃകയായി പരിണമിച്ചത്. പൊതുസ്ഥാപനങ്ങളുടെ ശക്തമായ സംസ്കാരത്തിന്റെ അടിത്തറയിലാണ് കേരളം ഐശ്വര്യസമ്പന്ന കേരളമാകുന്നത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് വികസനത്തിന്റെ പടവുകൾ എന്നും ചവിട്ടിക്കയറിയതാണ് ചരിത്രം. പിണറായി വിജയൻ മുഖ്യമന്ത്രിയായിട്ടുള്ള കേരള സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിയുക്തം മുന്നോട്ടുനയിക്കുന്നു. പുതിയ കർമ്മമേഖലകളിലേക്കും ദൗത്യങ്ങളിലേക്കും വ്യാപിപ്പിക്കുന്നു. കേരളത്തിലെ കഴിഞ്ഞ നാലുവർഷകാലത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ വളർച്ചയെ അടയാളപ്പെടുത്തുകയാണ് തുടർന്നുള്ള പേജുകളിൽ.**

## കെ. എം. എം. എൽ. പുതിയ ഓക്സിജൻ പ്ലാന്റ്



കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ പ്രധാന ഉൽപന്നമായ ടൈറ്റാനിയം ഡയോക്സൈഡ് പ്ലാന്റിന്റെ നിർമ്മാണത്തിന് ആവശ്യംവേണ്ട ഘടകമാണ് ഓക്സിജൻ. കഴിഞ്ഞ കുറേവർഷങ്ങളായി സ്ഥാപനത്തിന്റെ ഉൽപാദനം വർദ്ധിച്ചതിന് ആനുപാതികമായി ഓക്സിജന്റെ ആവശ്യകതയും കൂടി. പുതിയ 70 ടൺ ഓക്സിജൻ പ്ലാന്റിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഒക്ടോബർ 30-നു ഓൺലൈനായി നിർവ്വഹിച്ചു. 50 കോടി രൂപയാണ് ഈ പ്ലാന്റിന്റെ മുതൽമുടക്ക്. ഓക്സിജൻ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുവാൻ ഇതുവഴി സ്ഥാപനത്തിനായി. കൂടുതൽ വരുന്ന ഓക്സിജൻ മെഡിക്കൽ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. കോവിഡ്-19 ന്റെ സാഹചര്യത്തിൽ സംസ്ഥാനത്തെ ഓക്സിജൻദൗർലഭ്യത്തിന് ഒരു പരിഹാരം കൂടിയാണിത്.

# നൂതന വെഹിക്കിൾ ട്രാക്കിങ് സംവിധാനവുമായി യുണൈറ്റഡ് ഇലക്ട്രിക്കൽസ്

വാഹനങ്ങളുടെ ട്രാക്കിങ്ങിന് നൂതനസംവിധാനമായ വെഹിക്കിൾ ലൊക്കേഷൻ & ട്രാക്കിങ് ഡിവൈസ് വികസിപ്പിച്ച് പൊതുമേഖലാസ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് (മീറ്റർ കമ്പനി). ഇന്ത്യയുടെ ഉപഗ്രഹ ഗതി നിർണ്ണയ സംവിധാനമായ ഇന്ത്യൻ റീജിയണൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റം (ഐആർഎൻഎസ്എസ്) ഉപയോഗിച്ചാണ് ഉപകരണം പ്രവർത്തിക്കുന്നത്. ഐആർഎൻഎസ്എസ് യൂണി 140 എന്ന് പേരിട്ടിരിക്കുന്ന ഉപകരണം ഇന്ത്യൻ ഗതിനിർണയ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആദ്യ വാഹന ലൊക്കേഷൻ ട്രാക്കിങ് സംവിധാനമാണ്. ഈ ഉൽപന്നത്തിന്റെ വിപണന ഉദ്ഘാടനം ഗതാഗതവകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കായിക-വ്യവസായവകുപ്പുമന്ത്രി നിർവഹിച്ചു. പൊതുഗതാഗതസംവിധാനങ്ങളിൽ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്താൻ ഉപകരിക്കുന്നതാണ് ഈ ഉൽപന്നം.



# നേപ്പാളിലെ നിരത്തുകളിൽ ഇനി മുതൽ 'നീം ജി'യും

കേരളത്തിന്റെ സ്വന്തം 'നീം ജി' ഇനി മുതൽ നേപ്പാളിലെ നിരത്തുകളിൽ ഓടിത്തുടങ്ങും. പൊതുമേഖലാവ്യവസായസ്ഥാപനമായ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് നിർമ്മിച്ച ഇലക്ട്രിക് ഓട്ടോ 'നീം ജി' നേപ്പാളിലേക്ക് കയറ്റുമതി ആരംഭിച്ചു. 33 യൂണിറ്റാണ് ആദ്യഘട്ടത്തിൽ നേപ്പാളിലേക്ക് കയറ്റിയയ്ക്കുന്നത്. ഒരു വർഷം 500 ഇ-ഓട്ടോകൾ നേപ്പാളിൽ വിറ്റഴിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒറ്റ ചാർജ്ജിൽ 80 മുതൽ 90 കിലോമീറ്റർ വരെ ദൂരം സഞ്ചരിക്കാനാകുമെന്നതാണ് നീം ജി ഓട്ടോകളുടെ പ്രത്യേകത. കോവിഡ്വ്യാപനം പരിഗണിച്ച് സുരക്ഷ ഉറപ്പാക്കാൻ ഡ്രൈവറെയും യാത്രക്കാരെയും തമ്മിൽ വേർതിരിക്കാനുള്ള സംവിധാനമടക്കം നീം ജിയിൽ ഒരുക്കിയിട്ടുണ്ട്. നേപ്പാളിന് പുറമേ ശ്രീലങ്ക, ബംഗ്ലാദേശ് തുടങ്ങിയ അയൽരാജ്യങ്ങളിലേക്കും കയറ്റുമതി ചെയ്യുന്നതിനുള്ള ചർച്ച പുരോഗമിക്കുകയാണ്. കേരളത്തിലെ വിവിധ ഡീലർമാർക്കു പുറമേ, തമിഴ്നാട്, കർണാടക, രാജസ്ഥാൻ, ആന്ധ്ര, പഞ്ചാബ്, ഹരിയാന, ഡൽഹി, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിലും നീം ജിക്ക് വിതരണക്കാർ തയ്യാറാവുകയാണ്.



# കെൽട്രോണിന്റെ ഇ-ഹെൽത്ത് പദ്ധതിക്ക് അംഗീകാരം

കൊൽട്രോൺ ടോട്ടൽ സൊല്യൂഷൻ പ്രൊ വൈഡറായ ഇ-ഹെൽത്ത് പദ്ധതിക്ക് അംഗീകാരം. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന് കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിന്റെ മികച്ച ഓൺലൈൻ ആരോഗ്യപദ്ധതിക്കുള്ള പുരസ്കാരമാണ് ലഭിച്ചത്. വ്യക്തിയുടെ ആരോഗ്യരേഖകൾ പരിപാലിക്കുന്നതിനും ട്രാക്ക് ചെയ്യുന്നതിനും സഹായകമായ പദ്ധതി എറണാകുളം ജനറൽ ആശുപത്രിയിലാണ് നടപ്പാക്കിയിരിക്കുന്നത്. കേന്ദ്രീകൃത ആരോഗ്യ വിവരസംവിധാനം, ഇലക്ട്രോണിക് ആരോഗ്യ രേഖകൾ, കേന്ദ്ര ഡെമോഗ്രാഫിക് ഡാറ്റാബേസ് എന്നിവയാണ് ഇ-ആരോഗ്യ പദ്ധതിയുടെ പ്രധാന സവിശേഷതകൾ. പദ്ധതിക്കാവശ്യമായ ഹാർഡ് വെയറും മറ്റു സാങ്കേതികസഹായവും കെൽട്രോൺ ആണ് നല്കിയത്. അഞ്ചുവർഷത്തെ വാറന്റിയും സേവനങ്ങൾക്ക് നല്കിയിട്ടുണ്ട്. നഗരത്തിലെ മറ്റ് ആശുപത്രികളിലേക്ക് പദ്ധതി വ്യാപിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

# ക്ഷീരകർഷകർക്ക് കൈത്താങ്ങായി കേരള ഫീഡ്സ്





പ്രതിദിനം 500 ടൺ ഉൽപാദനശേഷിയുള്ള ആധുനിക കാലിത്തീറ്റ ഫാക്ടറി കേരള ഫീഡ്സ് ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കു സമീപമുള്ള അരീക്കുഴയിൽ കമ്മീഷൻ ചെയ്തു. 2020 ജനുവരി 5-നു നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിച്ചു. മൃഗസംരക്ഷണ-ക്ഷീര വികസനമന്ത്രി കെ. രാജു അധ്യക്ഷനായിരുന്നു. സ്വിറ്റ്സർലാൻഡിലെ ബ്യൂളർ കമ്പനിയുടെ സാങ്കേതികവിദ്യയും യന്ത്രങ്ങളും ഉപയോഗിച്ചു കൊണ്ടാണ് പ്ലാന്റ് നിർമ്മിച്ചിരിക്കുന്നത്. 75.75 കോടി രൂപ മുതൽമുടക്കിലുള്ള ഈ ഫാക്ടറിയിൽനിന്നും ഉൽപാദനം ആരംഭിക്കുന്നതോടെ ക്ഷീരജില്ലയായ ഇടുക്കിയിലും സമീപ പ്രദേശങ്ങളിലും ഉള്ള ക്ഷീരകർഷകർക്ക് മിതമായ നിരക്കിൽ ഗുണമേന്മയേറിയ കാലിത്തീറ്റ ലഭ്യമാകും. കേരള ഫീഡ്സിന്റെ നാലാമത്തെ കാലിത്തീറ്റ ഫാക്ടറിയാണ് ഇത്.

കോവിഡ് പ്രതിസന്ധിയിലായ ക്ഷീരകർഷകരെ സഹായിക്കാനും കമ്പനി മുന്നിട്ടു വന്നിരുന്നു. ലോക്ക് ഡൗൺ കാലത്തുപോലും കേരളാ ഫീഡ്സിന്റെ എല്ലാ പ്ലാന്റുകളും പ്രവർത്തിച്ചിരുന്നു. ക്ഷീരവികസനവകുപ്പും മൃഗസംരക്ഷണവകുപ്പുമായി സഹകരിച്ചുകൊണ്ട് കമ്പനി രണ്ടു ലക്ഷത്തിലേറെ ചാക്ക് കാലിത്തീറ്റ കുറഞ്ഞനിരക്കിൽ കർഷകർക്ക് എത്തിച്ചുനൽകി.

# തീരമേഖലാ സംരക്ഷണത്തിന് ട്രാവൻകൂർ ടൈറ്റാനിയം

കടൽക്ഷോഭത്തിൽനിന്ന് തീരമേഖലയെ സംരക്ഷിക്കാൻ ജിപ്സം ബ്ലോക്കുകൾ ഫലപ്രദം. പൊതുമേഖലാ വ്യവസായസ്ഥാപനം ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡ്, തിരുവനന്തപുരം നഗരസഭയുമായി ചേർന്ന് പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ പദ്ധതി വിജയകരമെന്ന് കണ്ടെത്തി. ബിക്യാപ്പ് എന്ന് പേരിട്ട ജിപ്സം ബ്ലോക്കുകൾ പരീക്ഷണാടിസ്ഥാനത്തിലാണ് വെട്ടുകാട് പള്ളിക്കു സമീപം കടൽതീരത്ത് നിക്ഷേപിച്ചത്. കടൽക്ഷോഭം മൂലം ജനങ്ങൾ ദുരിതമനുഭവിക്കുന്ന മേഖലയിൽ ഇവ ഫലപ്രദമായെന്ന് മാത്രമല്ല, ബ്ലോക്കുകൾ എടുത്ത് മാറ്റി പരിശോധിച്ചപ്പോൾ ബലത്തിലോ ഘടനയിലോ മാറ്റം വന്നില്ലെന്നും കണ്ടെത്തി. ഇതോടെ കൂടുതൽ മേഖലകളിൽ ജിപ്സം ബ്ലോക്കുകൾ കടൽക്ഷോഭത്തിനെതിരേ ഉപയോഗിക്കാനാകും.

ട്രാവൻകൂർ ടൈറ്റാനിയത്തിലെ ഉപോൽപന്നമായ ചുവന്ന ജിപ്സം മണലും സിമന്റുമായി നിശ്ചിത അനുപാതത്തിൽ ചേർത്താണ് ബി-ക്യാപ്പ് ബ്ലോക്കുകൾ തയ്യാറാക്കുന്നത്. ദീർഘകാലം ഈടുനില്ക്കുന്ന ജിപ്സം ബ്ലോക്കുകൾ റെയിൽവേ പ്ലാറ്റ്ഫോം, റോഡ്, വീടുനിർമ്മാണം എന്നിവയ്ക്കും ഉപയോഗിക്കാനുള്ള തയ്യാറെടുപ്പിലാണ് ട്രാവൻകൂർ ടൈറ്റാനിയം. ജിപ്സം ബ്ലോക്കുകളുടെ ഉപയോഗത്തെപ്പറ്റിയും സാധ്യതയെപ്പറ്റിയും പഠിക്കുന്നതിനായി ഹാർബർ എൻജിനീയറിങ്, കോസ്റ്റൽ ഡെവലപ്മെന്റ് അതോറിറ്റി, ഫിഷറീസ്, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുകൾ, മറൈൻ എൻജിനീയറിങ് കോളേജ്, കോസ്റ്റൽ അപ്പ്ലിഫ്റ്റ് അസോസിയേഷൻ എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി വിദഗ്ധസമിതി രൂപീകരി ച്ചിട്ടുണ്ട്.

# തെലുങ്കാനയ്ക്ക് ഊർജ്ജം പകർന്ന് ടെൽക്ക്


ലോകത്തിലെ തന്നെ ഏറ്റവും ബൃഹത്തായ വിവിധോദ്ദേശ്യ ജലസേചനപദ്ധതിയായ തെലുങ്കാനയിലെ കാളീശ്വരം പദ്ധതിക്ക് ഊർജ്ജം പകരുന്നത് ടെൽക്കിന്റെ (ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്) ട്രാൻസ്ഫോർമറുകൾ. ടെൽക്ക് 72 ട്രാൻസ്ഫോർമറുകളാണ് സമയബന്ധിതമായി ഈ കാലയളവിൽ നിർമ്മിച്ചുനൽകിയത്. ഈ പദ്ധതിക്കായി 384 കോടി രൂപയുടെ ഓർഡറാണ് ടെൽക്കിനു ലഭിച്ചത്. 16 MVA മുതൽ 315 MVA വരെ ശേഷിയുള്ളവയാണിവ. കൂടാതെ KSEB യിൽനിന്നും 335 കോടി രൂപയുടെ ഓർഡറാണ് ഈ നാലു വർഷത്തിനുള്ളിൽ ടെൽക്കിന് ലഭിച്ചത്. മറ്റ് സംസ്ഥാനങ്ങളിലെ വൈദ്യുതി വകുപ്പുകൾക്കും ടെൽക്ക് ട്രാൻസ്ഫോർമർ നിർമ്മിച്ചുനൽകുന്നു. നിലവിൽ നല്ല ഓർഡർ നിലയിലാണ് സ്ഥാപനത്തിന്റെ പ്രവർത്തനം. കഴിഞ്ഞ നാലുവർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്ന ടെൽക്ക് ചെയർമാൻ അഡ്വ. എൻ.സി. മോഹനന്റെ നേതൃത്വത്തിൽ വലിയ നേട്ടമാണു കൈവരിച്ചത്.





# ബാംബു നീം ടൈലും ചന്ദനത്തിരി സ്റ്റിക്കുമായി ബാംബൂ കോർപ്പറേഷൻ





കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്ന ബാംബു നീം ടൈലിന്റെയും ചന്ദനത്തിരി സ്റ്റിക്കിന്റെയും വിപണനോദ്ഘാടനം 2020 ഒക്ടോബർ 30-നു വ്യവസായ വകുപ്പുമന്ത്രി ഇ. പി.ജയരാജൻ നിർവ്വഹിച്ചു. പനമ്പും ആര്യവേപ്പിന്റെ വെനീറും ചേർത്താണ് ബാംബൂ നീം ടൈലിന്റെ നിർമ്മാണം. കോഴിക്കോട് നല്ലളത്തെ ഫാക്ടറിയിൽ നിന്നുമാണ് ഉൽപാദനം. നിലവിൽ വിപണിയിലുള്ള ബാംബൂ ഫ്ളോറിങ് ടൈലുകളെക്കാൾ വിലക്കുറവാണ് പുതിയ ഉൽപന്നത്തിന്. കോഴിക്കോട് നാദാപുരത്തെ പൂങ്കുളത്താണ് ചന്ദനത്തിരി സ്റ്റിക്ക് കേന്ദ്രം പ്രവർത്തിക്കുന്നത്.

# നവീകരിച്ച പ്ലാന്റുമായി കേരള സിറാമിക്സ്




കുണ്ടറ കേരള സിറാമിക്സിന്റെ നവീകരിച്ച പ്ലാന്റിന്റെയും പ്രകൃതിവാതക പ്ലാന്റിന്റെയും ഉദ്ഘാടനം 2020 സെപ്റ്റംബർ 22 നു വ്യവസായ വകുപ്പുമന്ത്രി ഇ.പി. ജയരാജന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നിർവ്വഹിച്ചു. ഫിഷറീസ് വകുപ്പുമന്ത്രി മേഴ്സിക്കുട്ടിയമ്മ സന്നിഹിതയായിരുന്നു.

പ്ലാന്റിന്റെ സ്ഥാപിത ഉൽപാദനശേഷി വീണ്ടെടുക്കുന്നതിനും ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് പ്ലാന്റ് നവീകരണം. ഇതിനായി ബ്ലഞ്ചർ, റിഫൈനിങ്, ഫിൽറ്റർ പ്രസ്സ് പ്ലാന്റുകൾ എന്നിവ പുതിയതായി സജ്ജീകരിച്ചിട്ടുണ്ട്. ക്ലേ റിക്കവറി വർദ്ധിപ്പിക്കുന്നതിനും പ്രതിമാസ ഉൽപാദനം കൂട്ടുന്നതിനും ഇതുവഴി സ്ഥാപനത്തിനായി. LNG പ്ലാന്റ് സ്ഥാപിതമായതുവഴി കമ്പനിയുടെ ഉൽപാദനച്ചെലവിന്റെ വലിയൊരു ഘടകമായ ഇന്ധനച്ചെലവ് 66% ത്തോളം കുറയ്ക്കാനും ഉൽപാദനപ്രക്രിയ കുറെക്കൂടി പരിസ്ഥിതി സൗഹൃദമാക്കുന്നതിനും കമ്പനിക്കു കഴിഞ്ഞു.

# വൈവിധ്യവത്കരണത്തിന്റെ പാതയിൽ ക്ലെയ്സ് ആൻഡ് സിറാമിക്സ്




കണ്ണൂർ ജില്ലയിലെ മങ്ങാട്ടുപറമ്പിൽ സ്റ്റാർട്ടപ് മിഷന്റെ സഹായത്തോടെ ഐ.ടി.ഹബ് ഒരുക്കിയിരിക്കുകയാണ് ക്ലെയ്സ് ആൻഡ് സിറാമിക്സ് പ്രോഡക്ട് ലിമിറ്റഡ്. മലബാറിലെ ഇന്നവേഷൻ ഇൻകുബേഷൻ സെന്റർ എന്ന നിലയിൽ സ്റ്റാർട്ട് അപ്പുകളെ സഹായിക്കുക എന്നതാണ് മുഖ്യലക്ഷ്യം. സ്കിൽ ഡെവലെപ്മെന്റ് കോഴ്സുകൾ തുടങ്ങുന്നതിനും കർഷകരെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ അഗ്രോ ഇൻഫോ പാർക് സ്ഥാപിക്കുന്നതിനും ശ്രമം നടന്നുവരുന്നു.

ഭാരത് പെട്രോളിയവുമായി സഹകരിച്ചുകൊണ്ട് പാപ്പിനിശ്ശേരി ഹെഡ് ഓഫീസിനു മുന്നിലായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു പെട്രോൾ പമ്പ് തുറന്നിട്ടുണ്ട്. കമ്പനിയുടെ മറ്റ് കേന്ദ്രങ്ങളിലും സമാനമായ രീതിയിൽ പമ്പുകൾ അധികം താമസിയാതെ തുടങ്ങും. പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വില്പനയ്ക്കും ഉള്ള സ്റ്റാളുകളും ഇതിനോടനുബന്ധമായി സജ്ജീകരിക്കും. കണ്ണപുരം കേന്ദ്രത്തിൽ വെർജിൻ കോക്കനട്ട് ഓയിൽ, തേങ്ങാ പാൽ, പൗഡർ എന്നിവയ്ക്കായുള്ള കോക്കനട്ട് പ്രോസസിങ് യൂണിറ്റ് അധികം താമസിയാതെ ഉദ്ഘാടനം ചെയ്യും. പഴയങ്ങാടി, നീലേശ്വരം എന്നിടങ്ങളിൽ ഹൈടെക് കയർ ഡീഫൈബറിങ് യൂണിറ്റുകളും ഒരുങ്ങിവരുന്നു.

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി കാർഷികരംഗത്തേക്കും അതിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ മേഖലയിലേക്കും സിറാമിക്സിന്റെ വൈവിധ്യവത്കരണം നീളുന്നു. മങ്ങാട്ട്പറമ്പിലെ പാഷൻ ഫ്രൂട്ട് തോട്ടം ഇതിലേക്കുള്ള ഒരു കാൽവെയ്പാണ്. ഇതിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങളായ സ്ക്വാഷും അച്ചാറും നിർമ്മിക്കുന്നതിനുള്ള യൂണിറ്റും പ്രവർത്തനക്ഷമമായിക്കഴിഞ്ഞു.

# ഫോം മാറ്റിംഗ്സിൽനിന്നും കയർ വുഡ്

പ്ലൈവുഡിനും പാർട്ടിക്കിൾ ബോർഡിനും ഒക്കെ പകരംവയ്ക്കാവുന്ന നൂതന ഉൽപന്നം വിപണിയിൽ എത്തിച്ചിരിക്കുകയാണ് ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് എന്ന പൊതുമേഖലാസ്ഥാപനം. ആലപ്പുഴ ജില്ലയിലെ കണിച്ചികുളങ്ങരയിലുള്ള ഫാക്റ്ററിയിലാണ് കയർ കോമ്പോസിറ്റ് ബോർഡിന്റെ ഉൽപാദനം നടക്കുന്നത്. നെതർലാൻഡ്സിലെ ഡെൽഫ്റ്റ് യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്. ഈ പുതിയ സാങ്കേതികവിദ്യപ്രകാരം ഉണക്കത്തൊണ്ട് പൊടിച്ച് ഉയർന്ന ഊഷ്മാവിൽ കടുത്ത മർദ്ദത്തിനു വിധേയമാക്കും. ഇങ്ങനെ ചെയ്യുമ്പോൾ ചകിരിയിലെയും ചകിരിച്ചോറിലെയും ലിഗ്നിൻ ഉരുകി കയർ വുഡ് രൂപം കൊള്ളും. ഫർണീച്ചർ ഉൾപ്പെടെയുള്ള ഉപയോഗങ്ങൾക്ക് കയർ വുഡ് ഉപയോഗിക്കാവുന്നതാണ്.



# മെറ്റലോഗ്രാഫിയുടെ സാധ്യതയുമായി എസ്. ഐ. എഫ്. എൽ.

തൃശ്ശൂർ ജില്ലയിലെ അത്താണിയിലുള്ള സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡിലെ മെറ്റലർജിക്കൽ ഡിപ്പാർട്ടമെന്റ് ഇൻസിറ്റു മെറ്റലോഗ്രഫി രംഗത്ത് തങ്ങളുടെ പ്രാഗല്ഭ്യം തെളിയിച്ചിരിക്കുകയാണ്. ഉയർന്ന താപനില, ഏറിയ മർദ്ദം, കൊറോസിവ് അന്തരീക്ഷം എന്നിങ്ങനെയുള്ള സാഹചര്യത്തിൽ പ്രവർത്തിക്കുന്ന നിർണ്ണായക ഉപകരണങ്ങളുടെ സേവനത്തിലെ അപചയം നിർണ്ണയിക്കുന്ന രീതിയാണ് ഇൻസിറ്റു മെറ്റലോഗ്രഫി. ഭാരത് പെട്രോളിയം ലിമിറ്റഡിനു കീഴിലുള്ള കൊച്ചിൻ റിഫൈനറിയിലാണ് ഇത് വിജയകരമായി നടത്താനായത്. റിഫൈനറിയിൽ വളരെ ഉയരത്തിൽ നിലകൊള്ളുന്ന ഉപകരണമായ ഡി ഡി എച്ച് 1 ട്യൂബിന്റെ മെറ്റലോഗ്രഫിയാണ് ആധുനിക ജർമ്മൻ ഉപകരണങ്ങളുടെ സഹായത്തോടെ എസ്.ഐ.എഫ്.എൽ. ടീം നിർണ്ണ യിച്ചത്. വൈവിധ്യവൽക്കരണത്തിനുള്ള സാധ്യതകളും ആസൂത്രണം ചെയ്തു വരുന്നു.

# കെൽട്രോൺ കൺട്രോൾസിന് പ്രതിരോധമേഖലയിൽ നിന്നും ഓർഡറുകൾ




പൊതുമേഖലാ വ്യവസായസ്ഥാപനമായ കെൽട്രോണിന് 71.25 കോടി രൂപയുടെ പ്രതിരോധ ഓർഡറുകൾ ലഭിച്ചു. അരൂരിലുള്ള കെൽട്രോൺ കൺട്രോൾസിലാണ് ഓർഡറുകൾ നടപ്പാക്കുക. കപ്പൽ തകർക്കുവാൻ ശേഷിയുള്ള ഉഗ്രബോംബുകളായ ടോർപിഡോ കണ്ടെത്തുന്നതിനും അവ നശിപ്പിക്കുന്നതിനുമുള്ള അഡ്വാൻസ്ഡ് ടോർപിഡോ ഡിഫൻസ് സിസ്റ്റംസ് (എടിഡിഎസ്) മായി ബന്ധപ്പെട്ടാണ് പ്രധാന ഓർഡർ ലഭിച്ചത്. എടിഡിഎസ് മാരീച് ടോവ്ഡ് അറേ സിസ്റ്റത്തിന്റെ ഫാബ്രിക്കേഷൻ, അസംബ്ലിങ്, ടെസ്റ്റിങ് എന്നിവയ്ക്കും എടിഡിഎസിന്റെ കടലിൽ നിക്ഷേപിക്കുന്ന ഭാഗത്തിന്റെ നിർമ്മാണത്തിനുമായി 56.29 കോടി രൂപയുടെ ഓർഡറാണ് ലഭിച്ചത്. എടിഡിഎസിന്റെ സിസ്റ്റം ഇന്റഗ്രേറ്ററായ ബാംഗ്ലൂർ ആസ്ഥാനമായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിൽ നിന്നുമാണ് കെൽട്രോണിന് ഈ ഓർഡർ ലഭിച്ചിട്ടുള്ളത്. നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യാനോഗ്രാഫിക് ലബോറട്ടറി (എൻപിഒഎൽ)-ൽ നിന്നും 14.97 കോടി രൂപയുടെ ഓർഡറും കെൽട്രോണിന് ലഭിച്ചിട്ടുണ്ട്. നാവികസേനയ്ക്കു വേണ്ടിയിട്ടുള്ള വിവിധ ഡിഫൻസ് ഇലക്ട്രോണിക്സ് സംവിധാനങ്ങൾ നിർമ്മിച്ചുനല്കുന്നതിനാണ് ഓർഡർ.

# വിപണിയിൽ മുന്നേറി ട്രാക്കോ കേബിൾ



ട്രാക്കോ കേബിൾ കമ്പനിക്ക് കണ്ട കൂർ നിർമ്മാണത്തിനായി 143 കോടി രൂപയുടെ ഓർഡർ കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ചു. പഞ്ചാബ് പവർ കോർപ്പറേഷൻ. ജോധ്പൂർ വൈദ്യുതി ബോർഡ് എന്നിവിടങ്ങളിൽനിന്നും കമ്പനിക്ക് ബൾക്ക് ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ 334 കോടി രൂപയ്ക്കുള്ള ഓർഡറുകൾ ട്രാക്കോയുടെ കയ്യിലുണ്ട്. ആധുനികവത്കരണവും വികസനവുംവഴി ഇരുമ്പനം (എറണാകുളം), പിണറായി (കണ്ണൂർ), തിരുവല്ല (പത്തനംതിട്ട) എന്നിവിടങ്ങളിലെ യൂണിറ്റുകളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാൻ കമ്പനിക്കായിട്ടുണ്ട്. ഗൃഹവൈദ്യുതീകരണത്തിനാവശ്യമായ കേബിളുകളുടെ വിപണിയിലും ട്രാക്കോ സാന്നിദ്ധ്യം ഉറപ്പാക്കിയട്ടുണ്ട്.

# സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിൽ വികസനപദ്ധതികൾ

വലിയ തോതിലുള്ള ഡൈയിങ്, പ്രിന്റിങ് എന്നീ പ്രവർത്തനങ്ങൾക്ക് കേരളത്തിലെ ടെക്സ്റ്റൈൽ മേഖല മറ്റ് സംസ്ഥാനങ്ങളെയാണ് നിലവിൽ ആശ്രയിക്കുന്നത്. ഇതിന് പ്രതിവിധി എന്ന നിലയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് കണ്ണൂർ ജില്ലയിലെ നാടുകാണിയിൽ ഫാബ്രിക് ഡൈയിങ് ആൻഡ് ഡിജിറ്റൽ പ്രിന്റിങ് യൂണിറ്റ് ആരംഭിക്കുകയാണ്. ഇതിന്റെ ശിലാസ്ഥാപനം 2020 ഒക്ടോബർ 23 നു വകുപ്പുമന്ത്രി ഇ.പി. ജയരാജൻ നിർവ്വഹിച്ചു. 26 കോടി രൂപ മുതൽമുടക്കിൽ 10 ഏക്കറിലാണ് പദ്ധതി ഒരുങ്ങുന്നത്.

കെ.എസ്.ടി.സി.യുടെ തന്നെ കീഴിലുള്ള ആലപ്പുഴ ജില്ലയിലെ കോമളപുരം സ്പിന്നിങ് ആൻഡ് വീവിങ് മില്ലിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ പുതിയ എയർ ജെറ്റ് തറികളും സ്പിന്റിലുകളും ഓട്ടോ കോർണർ വൈൻഡിങ് മെഷിനുകളും പ്രവർത്തനസജ്ജമാക്കുകയുണ്ടായി. കോവിഡ് 19 അടക്കമുള്ള നിലവിലെ സാഹചര്യം പരിഗണിച്ചുകൊണ്ട് കോമളപുരം മില്ലിൽ ഒരു നോൺ വോവൺ ഫാബ്രിക്കിന്റെ ഉൽപാദനയൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

വിവിധ സർക്കാർ വകുപ്പുകൾക്കുള്ള യൂണിഫോം തയ്യാറാക്കി നൽകുന്നതിനായി സ്ഥാപനത്തിന്




കഴിഞ്ഞിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ സാമൂഹികപ്രതിജ്ഞാബദ്ധത ഉറപ്പിക്കുന്നതാണ് കമ്പനി ഇറക്കിയ ഗുണമേന്മയേറിയ മിതമായ നിരക്കിലുള്ള 'ജനത' മാസ്കുകൾ. കോമളപുരത്തെയും പിണറായിയിലേയും മില്ലുകളിൽനിന്നും നെയ്തെടുത്ത തുണികൾക്ക് ആന്റി മൈക്രോബിയൽ ട്രീറ്റ്മെന്റ് നടത്തി പ്രത്യേകം തയ്യാറാക്കുന്ന 'സുരക്ഷാ' മാസ്കുകളും ടെക്സ്റ്റൈൽ കോർപ്പറേഷൻ വിപണിയിൽ എത്തിച്ചിട്ടുണ്ട്.

# മെറ്റൽ ഇൻഡസ്ട്രീസിൽ പെട്രോൾപമ്പ്

കാർഷിക ഉപകരണരംഗത്തുള്ള ഷൊർണ്ണൂരിലെ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് വൈവിധ്യവത്കരണത്തിന്റെ പാതയിലാണ്. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനുമായി സഹകരിച്ചുകൊണ്ട് 2020 ഒക്ടോബർ 27-നു കമ്പനി പരിസരത്ത് പെട്രോൾ പമ്പ് പ്രവർത്തനം ആരംഭിച്ചു. സംസ്ഥാന വ്യവസായ കായിക യുവജന ക്ഷേമ വകുപ്പുമന്ത്രി ഇ.പി. ജയരാജൻ ഉദ്ഘാടനം ചെയ്തു. ഷൊർണ്ണൂർ എം.എൽ.എ. പി.കെ.ശശി അദ്ധ്യക്ഷതവഹിച്ചു.

# കോവിഡിനെതിരേയുള്ള പോരാട്ടത്തിൽ കരുത്തുനൽകി കെ.എസ്.ഡി.പി.



ലോക്ക് ഡൗൺ കാലത്ത് മിക്കവാറും സ്ഥാപനങ്ങൾ നിശ്ശബ്ദമായപ്പോഴും പൂർവ്വാധികം ഉണർന്നു പ്രവർത്തിച്ച സ്ഥാപനമായിരുന്നു കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ്. സംസ്ഥാന സർക്കാർ നൽകിയ ഈതൈൽ ആൽക്കഹോൾ ഉപയോഗിച്ച് സാനിറ്റൈസർ ഉണ്ടാക്കുക എന്ന ദൗത്യമാണ് കമ്പനി ആദ്യം ഏറ്റെടുത്തത്. ഡിസ്പോസബിൾ മാസ്കുകളും കുറഞ്ഞ വിലക്ക് സജ്ജമാക്കി. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹകരണത്തോടെ സ്വാബ് കളക്ഷൻ ബൂത്തും മാസ്ക് ഡിസ്പോസൽ ആൻഡ് ഡിസിൻഫെക്റ്റിംഗ് ബിന്നും സമൂഹത്തിനു മുന്നിൽ എത്തിച്ചു. ആദ്യഘട്ടത്തിൽത്തന്നെ ആലപ്പുഴ ജില്ലയിൽ 23 സ്വാബ് കളക്ഷൻ യൂണിറ്റുകൾ തയ്യാറാക്കാനായി. അൾട്രാവയലറ്റ് കിരണങ്ങൾ ആണ് മാസ്കുകളെ അണുവിമുക്തമാക്കുന്നതിന് ബിന്നുകളിൽ ഉപയോഗിക്കുന്നത്. സർക്കാർ ആവശ്യപ്പെടുന്ന പ്രകാരം അവശ്യം വേണ്ട ആന്റിബയോട്ടിക്കുകൾ, പാരസെറ്റമോൾ, സിട്രിസിൻ തുടങ്ങിയ മരുന്നുകളും കെ.എസ്.ഡി.പി. ഇക്കാലയളവിൽ കൈമാറിയിട്ടുണ്ട്.

ഇൻജക്ഷൻ മരുന്നുകളുടെ ഉത്പാദനത്തിനായി ജർമ്മൻ സാങ്കേതികവിദ്യയോടെ പുതിയ പ്ലാന്റിന്റെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഉൽപന്നങ്ങൾ വിൽക്കുന്നതിനായി സ്വന്തം വിപണനകേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ഒരുക്കുന്നതിന് ഒരുങ്ങുകയാണ് കെ.എസ്.ഡി.പി.. ഇതിന്റെ ആദ്യപടിയായി ആലപ്പുഴ ജില്ലയിലെ പ്ലാന്റിനോടു ചേർന്ന് ഇത്തരമൊരു കേന്ദ്രം സജ്ജമാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര വിപണിയിലേക്ക് കാലെടുത്തുവയ്ക്കുന്നതിനെക്കുറിച്ചും ആലോചനയുണ്ട്.

# ഔഷധിയുടെ ഇമ്മ്യുണിറ്റി കിറ്റ്

കോവിഡ് 19-നെ ചെറുക്കാൻ ഏറ്റവും നല്ല മാർഗം പ്രതിരോധശേഷി വർദ്ധിപ്പിക്കുക എന്നതാണ് എന്നതിനെ മുൻനിർത്തി തൃശ്ശൂർ ആസ്ഥാനമായ സർക്കാർ സ്ഥാപനം ഔഷധി (ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ഐ. എം. കേരള ലിമിറ്റഡ്) ഔഷധി ഇമ്മ്യുണിറ്റി കിറ്റ് ജനങ്ങളിലെത്തിച്ചു. ആയുഷ് ക്വത്, അപരാജിത ധൂപചൂർണ്ണം, ശദദാംഗം കഷായ ചൂർണ്ണം, ഇന്ദുകാന്തം കഷായചൂർണ്ണം, ച്യവനപ്രാശം, ശംശമനീവതി ടാബ്‌ലറ്റ് എന്നിവയാണ് കിറ്റിലുള്ളത്. ഇതിന്റെ ഉപയോഗക്രമവും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അപരാജിത ധൂപചൂർണ്ണം കോവിഡ് ഐസൊലേഷൻ വാർഡുകളിലും മറ്റും പുകയ്ക്കുന്നതിനും അണുവിമുക്തമാക്കുന്നതിനും ഉത്തമമാണെന്ന് ആയുഷ് മന്ത്രാലയം സർട്ടിഫൈ ചെയ്തിരിക്കുന്നു.




# കർഷകരോട് പ്രതിജ്ഞാബദ്ധതയോടെ കാംകോ

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഗാർഹിക കാർഷികാവശ്യങ്ങൾക്ക് ഉപകരിക്കുന്ന ടൂൾ കിറ്റ് കാംകോ വിപണിയിലിറക്കി. കൃഷിവകുപ്പുമന്ത്രി വി.എസ്. സുനിൽ കുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. മന്ത്രിമാരായ ഡോ. തോമസ് ഐസക്, കടകംപിള്ളി സുരേന്ദ്രൻ, കെ.ടി. ജലീൽ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

ലോക്ക് ഡൗൺ കാലത്ത് കേരളത്തിലെ നെൽകർഷകർക്ക് കൊയ്ത്ത് യന്ത്രം ഉപയോഗിച്ച് നെൽപ്പാടങ്ങൾ സൗജന്യമായി കൊയ്തുകൊടുക്കാനും കാംകോയുടെ കാർഷികയന്ത്രങ്ങൾ സൗജന്യമായി അറ്റകുറ്റപ്പണി ചെയ്തു കൊടുക്കുന്നതിനും കമ്പനി മുന്നോട്ടുവന്നിരുന്നു. എറണാകുളം ജില്ലയിലെ അത്താണി ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള അഗ്രോമെഷിനറി കോർപ്പറേഷൻ എന്ന കാംകോ തങ്ങളുടെ



പ്രധാന ഉൽപന്നമായ പവർ ടില്ലർ ഉൾപ്പെടെയുള്ള യന്ത്രങ്ങളുമായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വിപണി കണ്ടെത്തിയതിനു പിന്നാലെ ഹിമാചൽപ്രദേശിൽ കൂടി വെന്നിക്കൊടി നാട്ടുന്നതിനുള്ള ശ്രമത്തിലാണ്.

# സ്വദേശി പശുജനുസ്സുകളെ സംരക്ഷിക്കാനൊരുങ്ങി കെ. എൽ. ഡി. ബി.



സങ്കരയിനം പശുക്കളെ സൃഷ്ടിച്ച് കേരളത്തിലെ ധവളവിപ്ലവത്തിനു ചുക്കാൻ പിടിച്ച കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മാറിയ സാഹചര്യത്തിൽ തദ്ദേശജന്യമായ പശുക്കളെ സംരക്ഷിക്കാനുള്ള ശ്രമവുമായി മുന്നോട്ട് വന്നിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ ഓച്ചിറയിൽ സ്വദേശി പശു സംരക്ഷണകേന്ദ്രത്തിന്റെ ഉദ്ഘാടനം മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ. രാജു 2020 ഫെബ്രുവരിയിൽ നിർവ്വഹിച്ചു. വെച്ചൂർ, കാസർഗോഡ് കുള്ളൻ, സഹിവാൾ തുടങ്ങിയ തദ്ദേശ ജനുസ്സുകൾ വംശം അറ്റുപോകാതെ നിലനിറുത്തുക എന്ന ഉദ്ദേശ്യമാണ് ഈ പദ്ധതിക്കു പുറകിലുള്ളത്.

# കാർഷികമേഖലയുടെ അടിസ്ഥാന സൗകര്യവികസനം കെ. എൽ. ഡി. സി. യിലൂടെ

കേരളം ഭക്ഷ്യസുരക്ഷ കൈവരിക്കുക എന്ന ലക്ഷ്യവുമായി മുന്നേറുമ്പോൾ കേരള ലാൻഡ് ഡെവലപ്മെന്റ് ബോർഡ് ഇതിലേക്കായി നിരവധി നൂതന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാർഷികമേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിൽ ചരിത്രനേട്ടം കുറിക്കുന്നതിന്റെ ഭാഗമായി പണി പൂർത്തീകരിച്ചതും ഉടൻ പണി ആരംഭിക്കുന്നതുമായ 82 കോടി രൂപ മുതൽ മുടക്കുള്ള ഇരുപതോളം പദ്ധതികളുടെ ഔപചാരികമായ ഉദ്ഘാടനം നവംബർ ആദ്യവാരം കൃഷിവകുപ്പുമന്ത്രി വി.എസ്. സുനിൽകുമാർ നിർവ്വഹിച്ചു. മന്ത്രി ശൈലജടീച്ചർ അദ്ധ്യക്ഷയായിരുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതിപ്രകാരം തൃശൂർ കോൾപ്പടവിലെ ഏകദേശം 25 പ്രധാന കനാലുകളിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ ചെളി നീക്കംചെയ്യു ന്നതിനുള്ള പണികളും പുരോഗമിച്ചു വരുന്നു.

# വനിതാവികസന കോർപ്പറേഷൻ: മുന്നേറ്റത്തിന്റെ വർഷങ്ങൾ

കേന്ദ്ര ധനകാര്യ കോർപ്പറേഷനുകളിൽനിന്നും സർക്കാർ അനുവദിക്കുന്ന ഗാരന്റിയുടെ അടിസ്ഥാനത്തിൽ വായ്പയെടുക്കുന്ന തുക, കുറഞ്ഞ പലിശയ്ക്ക് സംസ്ഥാനത്തെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കംനിൽക്കുന്ന വിവിധ സാമുദായിക വിഭാഗങ്ങളിലുള്ള വനിതകൾക്ക് സ്വയം തൊഴിൽ വായ്പയായി നൽകുന്നതാണ് വനിതാ വികസന കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം. 1988 മുതൽ 2016 വരെ ആകെ 140 കോടി രൂപയുടെ സർക്കാർ ഗാരന്റി മാത്രമാണ് സ്ഥാപനത്തിന് അനുവദിക്കപ്പെട്ടിരുന്നതെങ്കിൽ ഇക്കഴിഞ്ഞ നാല് വർഷത്തിൽ 610.56 കോടി രൂപയുടെ സർക്കാർ ഗാരന്റി അധികമായി സ്ഥാപനത്തിന് അനുവദിക്കപ്പെട്ടു. ഇത് മുഖേന നാളിതുവരെ 22000 വനിതകൾക്ക് 480 കോടി രൂപയുടെ സ്വയംസംരംഭക വായ്പ വിതരണം ചെയ്യുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്.

വായ്പാ ബിസിനസിന് പുറമേ സംസ്ഥാനത്തെ വനിതകളുടെ സാമൂഹ്യപദവി കൂടുതൽ ഔന്നത്യത്തിലെത്തിക്കാൻ ഉതകുന്ന നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് കോർപ്പറേഷന് ഇക്കാലയളവിൽ സാധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ 181 വനിതാ ഹെൽപ്‌ലൈൻ (മിത്ര) കോർപ്പറേഷന്റെ ചുമതലയിലാണ് കേരളത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. 2017 മാർച്ച് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. മിത്രയിൽ ഇതുവരെ ഏകദേശം രണ്ടര ലക്ഷം കോളുകൾ വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുവരുന്ന കേസുകളിൽ പോലീസിന്റെ സമീപനം മെച്ചപ്പെടുത്തുന്നതിനായി 'ബോധ്യം'എന്ന പരിശീലനപരിപാടിക്കും രൂപം നൽകുകയുണ്ടായി.

കോർപ്പറേഷൻ ആവിഷ്കരിച്ചു നടപ്പാക്കിവരുന്ന ആർത്തവശുചിത്വപരിപാലന പദ്ധതിയും വളരെയധികം ശ്രദ്ധിക്കപ്പെട്ട പരിപാടിയാണ്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് രാജ്യത്ത് നടപ്പാക്കിയ ഇത്തരത്തിലുള്ള ഏക പദ്ധതിയുമാണ് ഇത്. പദ്ധതിക്ക് രണ്ട് ഘടകങ്ങളാണുള്ളത്; ഷീ പാഡ് എന്നതിന്റെ ഭാഗമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ പെൺകുട്ടികൾക്ക് ഉന്നത ഗുണമേന്മയുള്ള സാനിറ്ററി പാഡ്, അവ സ്കൂളുകളിൽ സ്റ്റോക്ക് ചെയ്യാൻ സ്റ്റീൽ അലമാരകൾ, ഉപയോഗശേഷം പാഡ് പ്രകൃതിക്ക് ദോഷകരമല്ലാതെ നശിപ്പിക്കാൻ പാഡ് ഡിസ്ട്രോയറുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായം ഉപയോഗിച്ചുകൊണ്ട് വാങ്ങി വിതരണം ചെയ്യുന്നതിലൂടെ കുട്ടികൾക്ക് പ്രത്യുൽപാദന ആരോഗ്യം, ആർത്തവം, ആർത്തവ ശുചിത്വ പരിപാലനം എന്നിവയെക്കുറിച്ച് ശാസ്ത്രീയമായ അറിവുപകരുന്ന പരിശീലനമാണ് പദ്ധതിയുടെ







മറ്റൊരു ഘടകം. നാളിതുവരെ സംസ്ഥാനത്തെ സ്കൂളുകളിലെ രണ്ടര ലക്ഷം പെൺകുട്ടികളിലേക്ക് ഈ പദ്ധതി എത്തിക്കാൻ കോർപ്പറേഷനു സാധിച്ചിട്ടുണ്ട്.

ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ മുതുകാട് ആദിവാസി സെറ്റിൽമെന്റ് കോളനിയിൽ 'വനമിത്ര' എന്ന പേരിൽ നടപ്പാക്കിയ ആദിവാസി യുവതികൾക്കുവേണ്ടിയുള്ള നൈപുണ്യവികസന പരിശീലന പരിപാടി, വെറ്ററിനറി കോളേജ് റിസർച്ച് വിഭാഗത്തിന്റെ സഹായത്തോടെ വനിതകൾക്ക് കാലിവളർത്തൽ, തീറ്റപ്പുൽവളർത്തൽ എന്നിവയിൽ പരിശീലനം തുടങ്ങിയവ പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തിലെ വനിതകൾക്കായി നടപ്പാക്കിയിട്ടുള്ളതാണ്. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുവേണ്ടി കോർപ്പറേഷന്റെ ആർട്ടി ക്കിൾസ് ഭേദഗതി ചെയ്തുകൊണ്ട്, സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ ധനസഹായത്തോടെ സ്വയം തൊഴിൽ വായ്പാ പദ്ധതിയും നടപ്പാക്കിവരുന്നു.

# കേരള സോപ്സ് ഉൽപന്നങ്ങൾക്ക് വിദേശത്ത് പ്രിയമേറുന്നു




കേരള സോപ്സിന്റെ വിവിധ ഉൽപന്നങ്ങൾക്ക് വിദേശ വിപണിയിൽ താത്പര്യം ഏറി വരുന്നു. ഗൾഫ് മേഖലയിലെ രാജ്യങ്ങൾ, ജപ്പാൻ എന്നിവിടങ്ങൾക്കുശേഷം ചൈനയിലേക്കും കേരള സോപ്സ് ഉൽപന്നങ്ങൾ കയറ്റിഅയയ്ക്കുകയുണ്ടായി. കേരള സാൻഡൽ, ത്രിൽ, കൈരളി, വേപ്, കോൾടാർ എന്നിങ്ങനെയുള്ള സ്നാന സോപ്പുകളും വാഷ് വെൽ എന്ന അലക്കു സോപ്പും കേരള വിപണിയിൽ ഏറെ സ്വീകരിക്കപ്പെട്ടവയാണ്. കോഴിക്കോട് ജില്ലയിലെ ഫാക്ടറിയിൽനിന്നുമാണ് ഇവ ഉത്പാദിപ്പിക്കുന്നത്. ആഫ്രിക്കൻ വിപണിയും കമ്പനി ലക്ഷ്യമിടുന്നുണ്ട്.

# യുവാക്കളെ സജ്ജരാക്കി കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ്



സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ദുരന്തനിവാരണത്തിന് യുവാക്കളുടെ സംഘത്തെ ഒരുക്കുന്ന കർമ്മപദ്ധതിക്ക് രൂപം കൊടുത്തു. ഇതിന്റെ ആദ്യഘട്ടമായി ദേവികുളം സാഹസിക അക്കാദമിയിൽ 10 പേർ പരിശീലനം നേടി. ദുരന്ത മേഖലകളിലെ ഇടപെടലുകളിൽ നിർണ്ണായക നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിന് കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ നടന്ന 'ഷെയർ ദി ഐഡിയാസ്' പ്രോഗ്രാം സഹായകരമായി. 2018-ലെ പ്രളയ സമയത്ത് യുവാക്കളുടെ ഇടപെടലുകൾ മുൻനിർത്തി ബോർഡ് രൂപീകരിച്ച വളണ്ടിയർ സേനയായ കേരള വളണ്ടിയർ യൂത്ത് ആക്ഷൻ ഫോഴ്സിൽ പതിനായിരക്കണക്കിന് സന്നദ്ധ പ്രവർത്തകരാണ് വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നത്. കോവിഡ് ലോക്ക് ഡൗൺ കാലത്ത് മരുന്നെത്തിക്കുന്നതിനും മറ്റും ഇവർ നടത്തിയ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമാണ്. കെ.എ.എസ്. പരിശീലനത്തിനായി സംവിധാനങ്ങളും സ്ഥാപനം ഒരുക്കിയിരുന്നു. വിവിധ മേഖലകളിൽ യുവാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ബോർഡ് നടപ്പാക്കിയ 'യുവശക്തി' എന്ന പദ്ധതിയും ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതാണ്.

# അനെർട്ടിന്റെ മേൽനോട്ടത്തിൽ കാർബൺ ന്യൂട്രൽ ഗവേണൻസ് പ്രോജക്ട്

അന്തരീക്ഷമലിനീകരണവും കാലാവസ്ഥാ വ്യതിയാനവും നിയന്ത്രിച്ച് പരമാവധി ഹരിതപാതയിലൂടെ സുസ്ഥിരവികസനം ലക്ഷ്യമിട്ട് കേരളത്തിൽ കാർബൺ ന്യൂട്രൽ ഗവേണൻസ് പ്രോജക്ട് നടപ്പാക്കാൻ സർക്കാർ തീരുമാനമായി. അനെർട്ടിനാണ് ഇതിന്റെ നടത്തിപ്പുചുമതല. അനെർട്ടിന്റെ കാർബൺരഹിത കേരളം പദ്ധതിയുടെ ഭാഗമായി ഇലക്ട്രിക്ക് കാറുകൾ വ്യാപകമാക്കുന്നതിനുള്ള ആദ്യപടിയായി കേരളത്തിലെ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, മെയിൻ സെൻട്രൽ റോഡ്, ബൈപാസ് മറ്റു പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ സോളാർ ഇലക്ട്രിക്ക് വെഹിക്കിൾ ഹബ്ബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 40 ശതമാനം സബ്സിഡിയോടെ മേൽക്കൂരയ്ക്ക് മേലേ സൗരവൈദ്യുതി പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഗ്രിഡിലേക്ക് കൊടുക്കുന്ന പദ്ധതിയായ 'സൗരതേജസ്' ഈ സ്ഥാപനം വിജയകരമായി നടത്തിവരുന്നു.




# പുതുവിപണി തേടി പ്ലാന്റേഷൻ കോർപ്പറേഷൻ

കൂടുതൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കാൻ ഒരുങ്ങുകയാണ് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള. ഇതിന്റെ ആദ്യപടിയായി കശുമാങ്ങയിൽനിന്നും കാർബണേറ്റ് ചെയ്ത പാനീയം വിപണിയിൽ എത്തിച്ചിരിക്കുകയാണ് കോർപ്പറേഷൻ. കേരള യൂണിവേഴ്സിറ്റിയുടെ റിസർച്ച് വിങ്ങുമായി യോജിച്ച് വികസിപ്പിച്ചെടുത്ത ഈ പാനീയത്തിന് 'ഓഷ്യാനിയ' എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. കാസർഗോഡ് മൂളിയാർ ഉള്ള ഫാക്ടറിയിൽനിന്നുമാണ് ഇതിന്റെ ഉൽപാദനം. ഗുണമേന്മയേറിയ സെൻട്രിഫ്യൂജ്ഡ് ലാറ്റെക്സ് ആണ് സ്ഥാപനത്തിന്റെ പ്രധാന ഉൽപന്നം.

# ജനകീയബദലിനെ സംരക്ഷിക്കണം

**ആനക്കൈ ബാലകൃഷ്ണൻ**

ജനപക്ഷവികസനബദലിന്റെ പേരാണ് ഇടതുപക്ഷം എന്നതെന്ന് കേരളീയരോട് ഇന്നു പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. ബദലിന് രൂപംനല്കി അതുസാക്ഷാത്കരിക്കുക എന്നത് വളരെയേറെ ജാഗ്രതയും അദ്ധ്വാനവും സൂക്ഷ്മതല ഇടപെടലും ആവശ്യമുള്ള കാര്യമാണ്. അതുകൊണ്ട് ജനകീയബദലുകൾ കരുപിടിപ്പിക്കുക എന്നത് വിപ്ലവകരമായ കർമ്മമായി കാണേണ്ടതുണ്ട്. ഇത് സാധാരണ ഉദ്യോഗസ്ഥബോധത്തിലും വ്യവഹാരത്തിലും നിലകൊണ്ട് നിർവഹിക്കാൻ കഴിയുന്ന കാര്യമല്ല. ജനാധിപത്യസംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഇത്തരത്തിലുള്ള ബദൽനിർമ്മിതികൾ അനിവാര്യമാണ്. ഇടതുപക്ഷജനാധിപത്യമുന്നണി കഴിഞ്ഞ അഞ്ചുവർഷമായി നടത്തുന്ന ഇത്തരം ബദൽ നിർമ്മിതികൾ ഇടതുപക്ഷത്തെ ഹൃദയപക്ഷമാക്കിയിരിക്കുന്നു. ഈ മുദ്രാവാക്യം കേരളീയരുടെ ചുണ്ടിൽ തത്തിക്കളിക്കുന്നത് ചരിത്രപരവും, കാലികവുമായ സാഹചര്യങ്ങളുടെ പ്രതിഫലനം മാത്രമാണ്.

ജനപക്ഷ ബദൽനയങ്ങൾ നടപ്പാക്കി രാജ്യത്തിന് മാതൃകയായി മുന്നേറുകയാണ് കേരള സർക്കാർ. കേരളത്തിലെ വിവിധ വകുപ്പുകൾക്കു കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ വൈവിധ്യവൽക്കരണത്തിന്റെ പാതയിലൂടെ നയിച്ച് ശക്തിപ്പെടുത്തിവരുന്നു. നഷ്ടത്തിലായിരുന്ന സ്ഥാപനങ്ങളെ വ്യക്തമായ ആസൂത്രണത്തിലൂടെ ലാഭത്തിലെത്തിക്കുന്നു. കേന്ദ്രസർക്കാർ കൈയൊഴിയുന്ന സ്ഥാപനങ്ങളെ സർക്കാർ ഏറ്റെടുക്കുന്നു. ഇങ്ങനെ കേന്ദ്രസർക്കാരിന്റെ പൊതുമേഖലാ വിരുദ്ധനിലപാടിനു വിരുദ്ധമായ നിലപാടാണ് കേരള സർക്കാർ സ്വീകരിക്കുന്നത്. തകരുന്ന ഇന്ത്യൻസമ്പദ്‌വ്യവസ്ഥയ്ക്ക് ബദലായി നീതിനിഷ്ഠമായ സമീപനങ്ങൾ സ്വീകരിച്ച് പ്രതിസന്ധികൾക്കിടയിലും കേരളസർക്കാർ മുന്നോട്ടുപോകുകയാണ്.

ആരോഗ്യമേഖലയിലും വിദ്യാഭ്യാസമേഖലയിലും കേരളത്തിന്റെ സവിശേഷമായ ജനാനുകൂല ഇടപെടലുകൾ ലോകം തന്നെ സ്വീകരിക്കുന്നു. അങ്ങനെ കേരള വികസനമാതൃക ലോകശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്നു. മറ്റൊരു സംസ്ഥാനവും ചിന്തിക്കാത്ത നൂതനആശയമായിരുന്നു നാലുമിഷനുകൾ രൂപീകരിക്കുക എന്നത്. 2,19,154 വീടുകൾ ലൈഫ് മിഷൻ മുഖാന്തിരം നിർമ്മിച്ചു. ഭൂരഹിതർക്ക് ഭൂമിനൽകാനും കൂടുതൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങി. അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി രൂപീകരിച്ചു. കേരളത്തിന്റെ വികസനപദ്ധതികൾക്ക് ആവശ്യമായ ഫണ്ട് സമാഹരിച്ച് സംഭാവന ചെയ്യുക എന്നതാണ് കേരള ഇൻഫ്രാ സ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ പ്രധാനലക്ഷ്യം. ബജറ്റിൽ പ്രഖ്യാപിച്ച 50,000 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് ഇതിനകം ഫണ്ട് നൽകിയിട്ടുണ്ട്. ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്കോ മന്ത്രിസഭ തീരുമാനിക്കുന്ന പദ്ധതികൾക്കോ മാത്രമാണ് കിഫ്ബിയിൽനിന്നും ഫണ്ട് നൽകുന്നത്.

എല്ലാ ക്ഷേമപെൻഷനുകളും വർദ്ധിപ്പിച്ചു. മാത്രമല്ല അർഹരായ 60 വയസ്സിനു മുകളിലുള്ള എല്ലാ വ്യക്തികൾക്കും പെൻഷൻ നൽകാനും യാതൊരു കുടിശ്ശികയും ഇല്ലാതെ വിതരണം ചെയ്യാനും ഈ സർക്കാരിനേ കഴിയൂ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശികത്തുകയായ 1900 കോടി രൂപയും പൂർണ്ണമായും വിതരണം ചെയ്തു. പ്രതിവർഷം 48.5 ലക്ഷം പേർക്കായി 518 കോടി രൂപ വിതരണം ചെയ്യുന്നു.

ആരോഗ്യവിദ്യാഭ്യാസ മേഖലകളിൽ കേരളം കൈവരിച്ചത് വൻ മുന്നേറ്റമാണ്. വികസിത രാജ്യങ്ങളെക്കാളും വലിയ മാറ്റമാണ് കേരളത്തിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന ഭൗതികസാഹചര്യങ്ങളുടെ വികാസത്തിലുണ്ടായത്. ഇതിന്റെ ഭാഗമായി അരലക്ഷത്തോളം ക്ലാസ്സ് മുറികൾ ഹൈടെക് ആയി. 141 സ്കൂളുകൾക്ക് 5 കോടി വീതവും 395 സ്കൂളുകൾക്ക് 3 കോടി വീതവും 446 സ്കൂളുകൾക്ക് ഒരു കോടി വീതവും ഇതിനകം നൽകി. ഇടതു സർക്കാരിനുമാത്രമേ ഇങ്ങിനെയൊരു രാഷ്ട്രീയ തീരുമാനമെടുത്ത് കേരളത്തിനെ മുന്നോട്ടു നയിക്കാൻ സാധ്യമാകുകയുള്ളൂ എന്നു ചരിത്രം വ്യക്തമാക്കുന്നു.

സപ്തംബർ 9-ന് മുഖ്യമന്ത്രി നാടിനുസമർപ്പിച്ച 34 വിദ്യാലയങ്ങളുടെ പുതിയ കെട്ടിടങ്ങൾ നമ്മുടെ നാടിന്റെ അഭിമാനസ്തംഭങ്ങളായി ഏറെക്കാലം നിലനിൽക്കും. മുഴുവൻ വിദ്യാലയങ്ങളും ഹൈടെക് ആയി. സ്കൂളുകൾ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ നടത്തുന്ന ആദ്യത്തെ സംസ്ഥാനമായി നമ്മുടെ നാട് മാറി. നിയമനങ്ങളുടെ കാര്യത്തിൽ ഈ സർക്കാർ റെക്കാർഡ് സൃഷ്ടിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാർ ഉൾപ്പെടെ തസ്തികകൾ വെട്ടിക്കുറയ്ക്കുമ്പോൾ



**എല്ലാ ക്ഷേമപെൻഷനുകളും വർദ്ധിപ്പിച്ചു. മാത്രമല്ല അർഹരായ 60 വയസ്സിനു മുകളിലുള്ള എല്ലാ വ്യക്തികൾക്കും പെൻഷൻ നൽകാനും യാതൊരു കുടിശ്ശികയും ഇല്ലാതെ വിതരണം ചെയ്യാനും ഈ സർക്കാരിനേ കഴിയൂ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശികത്തുകയായ 1900 കോടി രൂപയും പൂർണ്ണമായും വിതരണം ചെയ്തു. പ്രതിവർഷം 48.5 ലക്ഷം പേർക്കായി 518 കോടി രൂപ വിതരണം ചെയ്യുന്നു.**

നമ്മുടെ സർക്കാർ പുതിയ തസ്തികകൾ സൃഷ്ടിച്ചു കൊണ്ടേയിരിക്കുകയാണ്. ദുരിത കാലഘട്ടത്തിൽപ്പോലും കേന്ദ്ര സർക്കാർ ഒരു ജനതയെ കൊള്ളയടിക്കുമ്പോൾ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വൻസാമ്പത്തിക പ്രയാസങ്ങൾക്കിടയിലും ജനങ്ങളെ ചേർത്തുപിടിച്ച് ആശ്വാസനടപടികൾ പ്രഖ്യാപിക്കുകയാണ്.

കോവിഡ് കാലത്ത് സൗജന്യ ഭക്ഷ്യകിറ്റുകൾ നൽകിയും എല്ലാവർക്കും സൗജന്യമായി ലോകോത്തര ചികിത്സ ഉറപ്പാക്കിയും ഈ സർക്കാർ മുന്നേറുന്നു. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിലും സാമൂഹ്യസുരക്ഷാപദ്ധതികൾ ഏറ്റെടുക്കുന്നതിലും ദുരിതാശ്വാസപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലും സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് കേരള സർക്കാർ സ്വീകരിച്ചുപോ രുന്നത്. ഭക്ഷ്യ-കാർഷിക സുരക്ഷ ഉറപ്പാക്കാൻ എൽഡിഎഫ് സർക്കാർ പ്രഖ്യാപിച്ച് നടപ്പാക്കി വരുന്ന പരിപാടികൾ ലക്ഷ്യം കണ്ടുവരികയാണ്. എല്ലാ മേഖലയിലും ജനപങ്കാളിത്തത്തോടെ സുതാര്യത ഉറപ്പുവരുത്തി ഇടപെടാനാണ് ഇടതുപക്ഷം പരിശ്രമിക്കുന്നത്. ഇതിന് ഒരുപാട് സദ്ഫലങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാ ജനപക്ഷ ബദലുകളെയും ബോധപൂർവം ഇടപെട്ട് കംസവൃത്തി ചെയ്യിച്ച് ഞെക്കിക്കൊല്ലുകയാണ് കേന്ദ്രസർക്കാർ.

സാമൂഹികപ്രതിജ്ഞാബദ്ധമായ ജനപക്ഷരാഷ്ട്രീയത്തിൽനിന്നുമാത്രമേ ബദലുകൾ ഉണ്ടാക്കാൻ കഴിയൂ എന്നു നാം കാണേണ്ടതുണ്ട്. അതിന് ഇടതുപക്ഷത്തിനുമാത്രമേ സാധിക്കൂ. ജനവിരുദ്ധ-കോർപ്പറേറ്റ് മുതലാളിത്ത അനുകൂലനയത്തിന്റെ പ്രയോക്താക്കൾക്ക് അതിനൊരിക്കലും കഴിയില്ല എന്നതാണു വസ്തുത.

യുവജനങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന് നൂറ് ദിന കർമ്മപദ്ധതിക്കുതന്നെ സർക്കാർ രൂപംനൽകി. തെരഞ്ഞെടുപ്പിനുമുമ്പ് എൽഡിഎഫ് പുറത്തിറക്കിയ പ്രകടനപത്രികയിലെ എല്ലാ വാഗ്ദാനങ്ങളും പൂർത്തീകരണത്തിലേക്ക് നീങ്ങുകയാണ്. സമസ്തമേഖലകളിലും എൽഡിഎഫ് ഭരണം പുതുചരിത്രം സൃഷ്ടിച്ചു എന്നു കാണാവുന്നതാണ്. ഈ നേട്ടങ്ങൾ നിലനിർത്തുകയും പുതിയ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യേണ്ടത് നാടിന്റെ ആവശ്യമാണ്. സമസ്ത മേഖലകളിലും അടിസ്ഥാന പരമായ മാറ്റം നേരിട്ടനുഭവിക്കാൻ കഴിഞ്ഞ കേരള ജനത നന്മയുള്ള സർക്കാരിനെ വീണ്ടും അധികാരത്തിലേറ്റാൻ നിലകൊള്ളണം. കഠിനമായി യത്നിക്കണം. കേന്ദ്ര സർക്കാരും ഇവിടത്തെ പ്രതിപക്ഷങ്ങളും ഭരണഘടനയുടെ അടിസ്ഥാനതത്ത്വങ്ങൾ തന്നെ അട്ടിമറിക്കാൻ ശ്രമിക്കുകയാണ്. പുകമറ സൃഷ്ടിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച് ഭരണഘടനാവിരുദ്ധപ്രവർത്തനങ്ങൾ നടത്താനുള്ള അണിയറ നീക്കങ്ങളാണ് പുറത്തുവരുന്നത്. എന്നാൽ ഈ ഇടതുപക്ഷ കേരള ബദലിനെ കണ്ണിലെ കൃഷ്ണമണിപോലെ സൂക്ഷിക്കേണ്ടതും സംരക്ഷിക്കേണ്ടതും നമ്മുടെ നാടിന്റെ കടമയും ഏവരുടെയും ഉത്തരവാദിത്തവുമാണ്. ഇടതുപക്ഷം ഇന്ത്യയ്ക്കുബദലാകുന്ന നാളുകൾ നമുക്ക് സാക്ഷാത്കരിയ്ക്കാനാകണം.

**ധനകാര്യവകുപ്പിന്റെ സർക്കുലറിനും ശമ്പളപരിഷ്കരണ ഉത്തരവിലെ നിർദ്ദേശത്തിനും എതിരേ പല സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അനുകൂലവിധി നേടുകയും ചെയ്തു. സ്പാറ്റൊയുടെ ഇടപെടലിന്റെകൂടി ഫലമായി അനർട്ടിൽ തൊഴിലുടമാവിഹിതം പരിമിതപ്പെടുത്തിക്കൊണ്ടുള്ള നടപടി പിൻവലിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കി. 2011-ലെ സർക്കുലർ അടിയന്തിരമായി റദ്ദാക്കുന്നതിനും, ശമ്പള പരിഷ്കരണ ഉത്തരവുകളിൽ പി എഫ് വിഹിതം പരിമിതപ്പെടുത്തണമെന്ന നിർദ്ദേശം ഉൾക്കൊള്ളി ക്കുന്ന പതിവ് ഒഴിവാക്കുന്നതിനുംവേണ്ടി ഉത്തരവുണ്ടാകണമെന്ന് സ്പാറ്റൊ സംസ്ഥാനകമ്മിറ്റി മുഖ്യമന്ത്രിക്കും ധനകാര്യവകുപ്പുമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. അനുകൂല പ്രതികരണം ഉണ്ടാകുകതന്നെ ചെയ്യും.**

# തൊഴിലുടമയുടെ ഇ.പി.എഫ്. വിഹിതം പരിമിതപ്പെടുത്തുന്ന നിർദ്ദേശം പിൻവലിക്കണം

**വി.സി. ബിന്ദു**

സംസ്ഥാനത്തെ പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏകദേശം ഒന്നര ലക്ഷത്തിലധികം ജീവനക്കാരുണ്ട്. ഇവരുടെ വാർദ്ധക്യകാലത്തെ ഏക വരുമാനം ഇ.പി.എഫ്. സ്കീം അനുസരിച്ചുള്ള പെൻഷൻ ആണ്.

2007-2010 കാലത്ത് ഏതാനും പൊതുമേഖലാസ്ഥാപനങ്ങളിലെ ഓഡിറ്റുമായി ബന്ധപ്പെട്ട ചില സി എ ജി പരാമർശങ്ങളെത്തുടർന്ന് Govt. Fin(PUC) kcv¡pecv\w.71/2011/Fin.dt. 20.10.11) പ്രകാരം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലേയും, സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിലേക്കുള്ള തൊഴിലുടമാവിഹിതം, അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർന്ന തുകയുടെ 12 ശതമാനം എന്നതിനുപകരം അന്നത്തെ ക്യാപ്പ്ഡ് സീലിങ് ആയ 6,500/- രൂപയുടെ 12 ശതമാനമായി നിജപ്പെടുത്തി. അതായത്, ഒരു തൊഴിലാളിയുടെ (ഉദ്യോഗസ്ഥന്റെ/യുടെ) പിഎഫിലേക്കും പെൻഷൻ ഫണ്ടിലേക്കും കൂടി തൊഴിലുടമ പ്രതിമാസം കേവലം 780 രൂപ അടച്ചാൽ മതിയാവും എന്നതാണ് ഈ നിർദ്ദേശത്തിന്റെ കാതൽ. അങ്ങനെ വരുമ്പോൾ പ്രതിമാസം ഒരു തൊഴിലാളിയുടെ പെൻഷൻ വിഹിതം വെറും 541 രൂപമാത്രമാണ്.

ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കിയ പ്രസ്തുത സർക്കുലർ പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട് അന്ന് പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയോ ഓഫീസർമാരുടെയോ സംഘടനകളുമായി ചർച്ചനടത്തുകയോ ആശയവിനിമയം നടത്തുകയോ ചെയ്യുകയുണ്ടായിട്ടില്ല.

പിന്നീട് ക്യാപ്പ്ഡ് സീലിങ്ങിന്റെ പരിധി 2014-ൽ 6500 രൂപയിൽ നിന്നും 15000 രൂപ ആയി EPFO ഉയർത്തിയെങ്കിലും മേൽപ്പറഞ്ഞ സർക്കുലർ നാളിതുവരെ സർക്കാർ ഭേദഗതി ചെയ്തിട്ടില്ല. ഒട്ടുമിക്ക സ്ഥാപനങ്ങളുടെയും ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ പി എഫ് വിഹിതം ക്യാപ്പ്ഡ് സീലിങ്ങിന് ആനുപാതികവുമായി മാത്രമേ

നൽകാവൂ എന്ന നിർദ്ദേശം ഉൾക്കൊള്ളിക്കുന്നുണ്ട്. എന്നാൽ ഇതുകൊണ്ട് ഉണ്ടാകുന്ന ദോഷങ്ങൾ എന്തെന്ന് സർക്കാർതലത്തിൽ ഒരിക്കലും പരിശോധിച്ചതായോ ബന്ധപ്പെട്ടവരുമായി ചർച്ചചെയ്തതായോ കാണുന്നില്ല.

ക്യാപ്പ്ഡ് സീലിങിന് ആനുപാതികമായി(6500/15000 രൂപയുടെ 8.33%) പെൻഷൻ വിഹിതമടയ്ക്കപ്പെട്ടിട്ടുള്ള ഒരു വ്യക്തിക്ക് ലഭിക്കുന്ന ആജീവനാന്ത പ്രതിമാസ പെൻഷൻ തുക തുലോം പരിമിതമാണ് (1000 രൂപ മുതൽ 3000 രൂപ വരെമാത്രം). മാത്രമല്ല, സർക്കാർ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ നിന്നും വ്യത്യസ്തമായി ക്ഷാമബത്ത ആനുകൂല്യമോ ശമ്പളപരിഷ്കരണത്തോടനുബന്ധിച്ച വർദ്ധനവോ ഇ.പി.എഫ്. പെൻഷനേഴ്സിന് ഇല്ല, മരണം വരെ ഈ തുക മാത്രം.

ഈ വിഷയത്തിൽ താഴെക്കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്.

1) പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിലവിലുള്ള ഏക പെൻഷൻ പദ്ധതി The Employees Provident Fund & Miscellaneous Provisions Act 1952 പ്രകാരമുള്ള എംപ്ലോയീസ് പെൻഷൻ പദ്ധതിയാണ്. ജീവനക്കാരുടെ 12% വിഹിതം പിഎഫിലേക്കും, തൊഴിലുടമയുടെ 8.33 % പെൻഷൻ ഫണ്ടിലേക്കും ബാക്കി 3.67 % പിഎഫിലേക്കുമാണ് വകയിരുത്തപ്പെടുന്നത്. പദ്ധതി അനുസരിച്ച് തൊഴിലുടയ്ക്കു മാത്രമേ പെൻഷൻ ഫണ്ടിലേക്ക് വിഹിതം അടയ്ക്കാൻ സാധിക്കുകയുള്ളൂ.

2) പദ്ധതി ചട്ടങ്ങൾ അനുസരിച്ച് തൊഴിലാളിയും തൊഴിലുടമയും ചേർന്ന് സമ്മതപത്രങ്ങൾ നൽകുന്നപക്ഷം പ്രോവിഡന്റ് ഫണ്ടിലേക്കും പെൻഷൻ ഫണ്ടിലേക്കും അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർന്ന എഫക്ടീവ് ശമ്പളത്തിനാനുപാതികമായി വിഹിതമടയ്ക്കാനും, ഉയർന്ന പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി ടി തൊഴിലുടമാവിഹിതത്തിന്റെ 8.33% പെൻഷൻ ഫണ്ടിലേക്ക് വകയിരുത്താനും സാധിക്കും.

3) എന്നാൽ ഈ അവകാശം ഉപയോഗിക്കുന്നതിനുള്ള തൊഴിലുടമയുടെയും തൊഴിലാളിയുടെയും സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്ന തരത്തിൽ ആയതിന് കട്ട് ഓഫ് ഡേറ്റ് നിശ്ചയിച്ചുകൊണ്ട്, ഒന്നിലധികം തവണ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ (EPFO) ഉത്തരവുകൾ പുറപ്പെടുവിച്ചു. ഇത് കേരളമുൾപ്പടെയുള്ള നിരവധി സംസ്ഥാന ഹൈക്കോടതികളിൽ ചോദ്യംചെയ്യപ്പെട്ടു. ഇവയിലെല്ലാംതന്നെ സ്കീം അംഗങ്ങൾക്ക് അനുകൂലമായ വിധിവരികയും അവയ്ക്കെതിരേ EPFO സമർപ്പിച്ച സ്പെഷ്യല് ലീവ് പെറ്റീഷന് സുപ്രീം കോടതി 2016-ൽ തള്ളിക്കളയുകയും ചെയ്തു. നിലവിൽ സർവീസിലുള്ളവർക്ക് പരമാവധി പെൻഷൻ വിഹിതത്തിനുള്ള അനുമതി തുടർന്നും നല്കുന്നതിനും, വിരമിച്ചവർക്ക്, പരമാവധി വിഹിതത്തിനുള്ള അനുമതി ഫണ്ട് ലഭിക്കാത്തതിനാൽ അവരുടെ പ്രോവിഡന്റ് ഫണ്ടിലേക്ക് നേരത്തേ വകയിരുത്തിയ ബാക്കി തൊഴിലുടമാവിഹിതം പെൻഷൻ ഫണ്ടിലേക്ക് വകമാറ്റുകയോ, തിരിച്ചടയ്ക്കുകയോ ചെയ്തുകൊണ്ട്, പരമാവധി പെൻഷൻ അവർക്ക് നല്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീം കോടതി, EPFO യ്ക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

4) ഇതിനും പുറമേ എംപ്ലോയീസ് പെൻഷൻ സ്കീമിൽ 2014-ൽ വരുത്തിയ തൊഴിലാളി വിരുദ്ധ ഭേദഗതികൾ അസാധുവാക്കിക്കൊണ്ട് 2018 ഒക്ടോബർ 12-ന് ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ചരിത്ര പ്രധാനമായ വിധി പ്രസ്താവിക്കയുണ്ടായി. യഥാർത്ഥ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പദ്ധതിയിലേക്ക് വിഹിതമടയ്ക്കുന്നതിനുള്ള സംയുക്ത തെരഞ്ഞെടുപ്പിന് അവസരം നിഷേധിച്ചുകൊണ്ട് EPFO പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളെയും ടി കോടതിവിധി റദ്ദാക്കിയിരിക്കുകയാണ്. ഈവിധി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏറ്റവും ആദ്യം ഇപിഎഫ്ഒയ്ക്ക് കത്തെഴുതിയത് നമ്മുടെ സംസ്ഥാന തൊഴിൽ മന്ത്രി ആണ്. ഈ വിധിക്കെതിരേ EPFO സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റീഷനും സുപ്രീംകോടതി തള്ളിക്കളയുകയുണ്ടായി.



എന്നാൽ, ഈ കോടതി വിധികളുടെ അന്തഃസത്തയ്ക്ക് ചേരാത്ത രീതിയിൽ തൊഴിലുടമാവിഹിതം പരിമിതപ്പെടുത്തണമെന്ന നിർദ്ദേശം ഉൾക്കൊള്ളുന്ന മേൽസൂചിപ്പിച്ച സർക്കാർ

*(42-ാം പേജിൽ തുടർച്ച)*




# ദെൽഹി ചലോ
# കർഷകസമരം മോദി സർക്കാരിനുള്ള മരണമണി

**ഈ.ഡി.ഡേവീസ്**

സ്വദേശിപ്രേമം നടിച്ച് അധികാരത്തിൽ എത്തിയ കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ പാസാക്കിയ കർഷകവിരുദ്ധനിയമം വലിയ പ്രക്ഷോഭങ്ങൾക്ക് ഹേതുവായിരിക്കുന്നു. പഞ്ചാബിലെ 32 കർഷകസംഘടനകൾ തുടങ്ങിവെച്ച സമരം ഇപ്പോൾ 300-ൽപരം സംഘടനകളുടെ പിന്തുണയോടെ ദെൽഹി മാർച്ചായി പരിണമിച്ചിരിക്കുന്നു.

കേന്ദ്ര സർക്കാർ സമരത്തെ നേരിടുന്നതിന് പ്രാകൃതമായ സമീപനമാണ് സ്വീകരിച്ചത്. സഞ്ചാരമാർഗ്ഗങ്ങൾ നശിപ്പിക്കുക, സ്റ്റേഡിയമെല്ലാം ജയിൽ ആക്കുക, പോലീസ് തന്നെ ഒളിഞ്ഞുനിന്നും തെളിഞ്ഞുനിന്നും കല്ലേറിയുക, ടിയർഗ്യാസ് പൊട്ടിക്കുക, റോഡ് വെട്ടിപ്പൊളിച്ച് കിടങ്ങുകൾ ഉണ്ടാക്കുക, റോഡിൽ മണ്ണിട്ട് കുന്നുണ്ടാക്കുക പ്രചണ്ഡമായ നുണപ്രചരണം സംഘടിപ്പിക്കുക, ഭിന്നിപ്പിച്ച് തകർക്കാൻ നോക്കുക തുടങ്ങി എന്തെല്ലാം ഹീനവൃത്തികൾ ചെയ്ത് പയറ്റുന്നു. എന്നിട്ടും കർഷകർ തളരുന്നില്ല. കേന്ദ്ര സർക്കാർ ഉണ്ടാക്കിയ മൂന്ന് കർഷകവിരുദ്ധ കരിനിയമങ്ങളും വൈദ്യുതി നിയമവും പിൻവലിക്കണമെന്നാണ് സമരം ചെയ്യുന്ന കർഷകസംഘടനകളുടെ ആവശ്യം. അവർ പതിനായിരക്കണക്കിന് ട്രാക്ടറുകളുമായി ദെൽഹി നഗരത്തിൽ പ്രവേശിച്ചു. അഞ്ചു ലക്ഷം ആളുകളെങ്കിലും ഒരാഴ്ചയായി ഈ സമരത്തിൽ അണിചേർന്നിട്ടുണ്ട്. പാർലമെന്റിൽ ഈ നിയമം പാസാക്കുന്ന സന്ദർഭത്തിൽ തന്നെ പഞ്ചാബിലെയും ഹരിയാനയിലെയും കർഷകർ തുടങ്ങിവെച്ചതാണ് സമരത്തിന്റെ പരിണതിയാണിത്.

എന്താണ് കർഷകസമരക്കാർ ഉയർത്തുന്ന പ്രധാന പ്രശ്നങ്ങൾ? പ്രധാനമന്ത്രി മോദി ഇപ്പോഴും കർഷകനിയമങ്ങൾ കർഷകർക്ക് പ്രയോജനകരമാണെന്നും പ്രതിപക്ഷപാർട്ടികളാണ് തെറ്റിദ്ധാരണ ഉണ്ടാക്കുന്നതെന്നും കർഷകർക്ക് പ്രയോജനപരമാണെന്നും പ്രതിപക്ഷ പാർട്ടികളാണ് തെറ്റിദ്ധാരണ ഉണ്ടാക്കുന്നതെന്നും പറഞ്ഞുകൊണ്ടിരിക്കുന്നു. കർഷകരുടെ മൻകി ബാത്ത് കേൾക്കാൻ പ്രധാനമന്ത്രി തയ്യാറല്ല എന്നതാണ് പരിഹാസ്യമായി തീർക്കു

ന്നത്. പ്രധാനമന്ത്രിയുടെ ഈ നിലപാടുമൂലം കേന്ദ്രസർക്കാരിന്റെ ഉന്നതന്മാർ എന്തുചെയ്യണമെന്നറിയാതെ പരസ്പരവിരുദ്ധമായ പ്രസ്താവനകൾ ഇറക്കി ഇരുട്ടിൽ തപ്പുകയാണ്. കർഷകർക്കിടയിൽ ഭിന്നതയുണ്ടാക്കി പ്രക്ഷോഭത്തെ തകർക്കാനുള്ള നീക്കങ്ങളും വിജയിക്കുന്നില്ല. ഉത്തർപ്രദേശിൽനിന്നുള്ള കർഷകസമരഭടന്മാർ ദെൽഹി-ഗാന്ധിപ്പൂർ അതിർത്തിയിൽ തമ്പടിച്ചിരിക്കുകയാണ്. ഡൽഹി പോലീസ് ആ റോഡ് അടച്ചിരിക്കുകയാണ്. ഹരിയാനയിലെ ടിക്രി, സിംഗു ബോർഡറുകളിലാണ് പഞ്ചാബ്-ഹരിയാന തുടങ്ങിയ സംസ്ഥാനത്തുനിന്നുള്ള കർഷകഭടന്മാർ കേന്ദ്രീകരിച്ചിട്ടുള്ളത്. സോനിപ്പതി, റോത്തക്, ജയ്പൂർ, ഗാന്ധിയാബാദി-ഹാപൂർ, മഥുര തുടങ്ങിയ അതിർത്തിറോഡുകളിൽ മുഴുവനും കർഷകർ ഉപരോധം തീർത്തിരിക്കുകയാണ്. സമരത്തിനുപിന്നിൽ ഖാലിസ്ഥാൻ ഭീകരവാദികളാണെന്ന പല്ലവി വന്നു. പിന്നീട് പ്രതിപക്ഷ പാർട്ടികളുടെ കുത്സിതനീക്കമായി പ്രചരിപ്പിച്ചു. ശിരോമണി അകാലിദൾ കരിനിയമങ്ങളുടെ പേരിൽ എൻ.ഡി.എ. വിട്ടു. ഇപ്പോൾ പ്രകാശ്സിങ്ങ് ബാദൽ പ്രത്യക്ഷസമരരംഗത്തുമെത്തി. വ്യാജപ്രചരണതന്ത്രങ്ങൾ ഇക്കാര്യത്തിൽ പണ്ടേപോലെ ഫലിച്ചിട്ടില്ല. മോഡിയുടെ വാചകക്കസർത്തുകളെല്ലാം തോറ്റുപോകുകയാണിവിടെ. കരാർകൃഷി വ്യാപകമാക്കുന്ന നിയമം വഴി കരാർ കൃഷിക്ക് ഇന്ന് നിലവിലുള്ള നിബന്ധനകൾ എല്ലാം എടുത്തുകളഞ്ഞിരിക്കുന്നു. ഉൽപ്പാദനം മാത്രമല്ല സേവനങ്ങളും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. യഥാർത്ഥത്തിൽ കരാർ കൃഷിയെ അല്ല കുത്തകകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതാണ് പുതിയ നിയമം.

കർഷകന്റെ ഭൂമി മാത്രമല്ല തൊഴിൽശക്തിയും കുത്തകകൾക്ക് അടിയറവ് വെക്കേണ്ട



അവസ്ഥ ഉണ്ടാക്കിയിരിക്കുന്നു. കർഷകർ അടിമ മാത്രമാകുന്ന ഒരവസ്ഥ സംജാതമാക്കുന്നതിലേക്കാണ് കേന്ദ്രസർക്കാർ നയസമീപനങ്ങളും, നിയമങ്ങളും നയിക്കുക.

പൊതുവിൽ പരിമിതമായ കാർഷിക സംരക്ഷണനിയമങ്ങളാണ് രാജ്യത്ത് ഉള്ളത്. അതു ദുർബലമാക്കുകയാണ് പുതിയ നിയമങ്ങളിലൂടെ ഉണ്ടാക്കിയത്. കാർഷിക വിപണി സ്വകാര്യ വൻകിട കുത്തകകളുടെ കൈയിലേക്ക് ഒതുങ്ങുന്നതിനുള്ള കൃത്യമായ സാഹചര്യം ഒരുക്കലാണിത്. കോർപ്പറേറ്റ് താൽപര്യത്തോടൊപ്പം ഒരു രാജ്യം ഒരു വിപണി എന്ന അമിതാധികാര കേന്ദ്രീകരണ ചിന്തയുടെ ബുദ്ധിക്ഷയവും ഈ നിയമങ്ങളുടെ അന്തർധാരയായി പ്രവർത്തിച്ചുവോ? ഇന്ത്യയിൽ കർഷകന് നല്ല വില എവിടെ കിട്ടുന്നുവോ അവിടെ ഉൽപന്നം വിറ്റഴിക്കാം എന്നത് വീമ്പിളക്കൽ കേൾക്കുന്നതുപോലെ ഇമ്പമുള്ള വസ്തുതയായി ഒരിക്കലും പരിണമിക്കില്ല.

ഭക്ഷ്യസുരക്ഷ എന്ന അടിസ്ഥാനാവശ്യവും ഇവിടെ ദുർബലമാക്കപ്പെട്ടിരിക്കുന്നു. വൻതോതിലുള്ള പൂഴ്ത്തിവെപ്പിനും, കരിഞ്ചതകളും ഇത് കളമൊരുക്കിയിരിക്കുന്നു. മണ്ഡി എന്ന സംവിധാനത്തിലൂടെ കർഷകർക്ക് ലഭിച്ചിരുന്ന ആശ്വസനടപടികളും അവതാളത്തിലാകുന്നു. ഒരു പ്രദേശത്തെ കാർഷികോൽപന്ന കമ്പോളസമിതിയാണ് മണ്ഡി. ഇതിലൂടെ കർഷകന് മിനിമം വില ഏറെക്കുറെ ഉറപ്പാക്കാൻ കഴിഞ്ഞിരുന്നു. സർക്കാർ നിശ്ചയിക്കുന്ന താങ്ങുവില കുറഞ്ഞതായാലും അദ്ധ്വാനത്തിനനുസരിച്ചുള്ളതായില്ലെങ്കിലും സ്വകാര്യ ഏജൻസികളുടെ ചൂഷണത്തെ കുറച്ചൊക്കെ തടഞ്ഞുനിർത്താൻ കഴിഞ്ഞിരുന്നു. പുതിയ നിയമത്തിൽ താങ്ങുവിലയേ പറയുന്നില്ല എന്നതാണ് കർഷകരെ വേദനിപ്പിക്കുന്ന വലിയ പ്രശ്നം. ഇവർ സൂക്ഷിക്കുന്ന തുറന്ന വിപണിയിൽ കർഷകരുടെ വിലപേശൽ ശക്തി കുറയുകയായിരിക്കും ആത്യന്തികഫലം. കുത്തകകൾ പ്രാദേശികവിപണിയുടെ നിയന്ത്രണം ലഭിക്കുകയാണിവിടെ. ചുരുക്കത്തിൽ ഉല്പന്നസംഭരണം കുത്തകകളിൽ കേന്ദ്രീകരിക്കുന്നതിനുമാത്ര മാകും സ്വകാര്യ ചന്തകളും ഓൺ ലൈൻ വ്യാപാരവും വഴിതുറക്കുക.

അവശ്യസാധന ഭേദഗതിനിയമം ഭക്ഷ്യസാധനങ്ങൾ ശേഖരിക്കുന്നതിനും സ്റ്റോക്കുവെക്കുന്നതിനും ഇന്നുള്ള അളവുപരമായ നിയന്ത്രണങ്ങൾ ഇല്ലാതാക്കുന്നു. തറവില സമ്പ്രദായവും ഇല്ലെങ്കിൽ സ്ഥിതിഗതികൾ അങ്ങേയറ്റം കർഷകവിരുദ്ധമാകുന്നു. ഭക്ഷ്യസുരക്ഷ തന്നെ അവതാളത്തിലാക്കുമിത്. ●

# ഉത്തരവുകളും നേട്ടങ്ങളും

## ശമ്പളവിഹിതം കിഴിവു ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക ഉത്തരവ്

സർക്കാരിന്റെ കോവിഡ് പ്രവർത്തനങ്ങൾക്കായി സർക്കാർ/അനുബന്ധമേഖലയിലെ ജീവനക്കാരുടെ ശമ്പളം കിഴിവുചെയ്യുന്നതുമായി ബന്ധപ്പെട്ട് പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ വ്യക്തതക്കുറവ് ഉണ്ടായിരുന്നു. ഇക്കാര്യം സൂചിപ്പിച്ചു കൊണ്ട് സ്പാറ്റൊ സർക്കാരിലേക്ക് നിവേദനം സമർപ്പിക്കുകയും 03/07/2020-ലെ ജി.ഒ.നം.91-2020 പ്രകാരം പുതിയ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ഇതുപ്രകാരം പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവിഹിതം കോവിഡ് പ്രവർത്തനങ്ങൾക്കായി കിഴിവു ചെയ്യുമ്പോൾ അവരുടെ പ്രതിമാസ ഇ.പി.എഫ്. വിഹിതത്തിൽ കുറവുവരാൻ പാടില്ല. ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ പെൻഷൻ ആനുകൂല്യം നിലനിർത്തുന്നതിന് ഇത് ഏറെ സഹായകരമാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പിതൃത്വാവധി

കെ.എസ്.ആർ. ബാധകമായ പൊതുമേഖലാ സ്ഥാപനങ്ങളിലെ പുരുഷജീവനക്കാർക്ക് മാത്രമായിരുന്നു 2013 മുതൽ പിതൃത്വാവധി നിലവിലുണ്ടായിരുന്നത്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഇത് ബാധകമാക്കണമെന്ന് സ്പാറ്റൊ സംസ്ഥാന കമ്മിറ്റി നിവേദനം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 10.06.2020-ലെ k.D.(A ) നം.78/2020/ ധന ഇറങ്ങുകയും ഇതുപ്രകാരം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്ഥിരം ജീവനക്കാരായ പുരുഷന്മാർക്ക് 10 ദിവസത്തെ പിതൃത്വാവധി അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളിൽ പലതിലും ഓഫീസർ വിഭാഗത്തിന്റേതുൾപ്പെടെയുള്ള തസ്തികകൾ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുകയാണ്. നിരവധി സ്ഥാപനങ്ങളിൽ ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. ഉദ്യോഗസ്ഥവിഭാഗം ജീവനക്കാരുടെ നിയമനം, സി.എം.ഡി./കിറ്റ്കോ/പ്രൊഡക്ടിവിറ്റി കൗൺസിൽ തുടങ്ങിയ സർക്കാർ ഏജൻസികൾ വഴി ത്വരിതഗതിയിൽ നടത്താവുന്നതാണ്. കോവിഡ് പശ്ചാത്തലത്തിൽ നാടിനെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന തൊഴിലില്ലായ്മപ്രശ്നം ഒരളവുവരെ പരിഹരിക്കാനും ഇതുകൊണ്ടാകും. ഇക്കാര്യം സ്പാറ്റൊ സംസ്ഥാനകമ്മിറ്റി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇതിനുമേൽ തികച്ചും

അനുഭാവപൂർവ്വമായ സമീപനമാണ് ഉണ്ടായിട്ടുള്ളത്. പല സ്ഥാപനങ്ങളിലും നിയമനനടപടികൾ ആരംഭിച്ചുകഴിഞ്ഞു.

## വർക്കിങ് ക്യാപിറ്റൽ അസിസ്റ്റൻസ്

നമ്മുടെ സംഘടനയുടെകൂടി ശ്രമഫലമായി പൊതുമേഖലാസ്ഥാപനങ്ങൾക്കുള്ള പൊതു ശീർഷത്തിൽ വിനിയോഗിക്കാതെകിടന്നിരുന്ന 30 കോടി രൂപ പുനർവിനിയോഗം ചെയ്യുന്നതിനായി RIAB സർക്കാരിന് നിർദ്ദേശം സമർപ്പിക്കുകയും വ്യവസായവകുപ്പ് ഇത് ജൂണിൽ അംഗീകരിക്കുകയുമുണ്ടായി. വ്യവസായ വകുപ്പിനുകീഴിലുള്ള 26 പൊതുമേഖലാസ്ഥാപനങ്ങൾക്ക് വർക്കിങ് ക്യാപിറ്റൽ അസിസ്റ്റൻസ് ആയാണ് ഈ തുക ലഭിച്ചത്. കോവിഡ് മഹാമാരിയിൽ പ്രതിസന്ധിയിലായിരുന്ന പല സ്ഥാപനങ്ങൾക്കും ഇത് ഏറെ ഗുണം ചെയ്തു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ (3 കോടി), KEL (3 കോടി), ട്രാക്കോ കേബിൾസ് (3 കോടി), ട്രാവൻകൂർ സിമന്റ്സ് (2 കോടി), കേരള ഓട്ടോമൊബൈൽസ് (2 കോടി) എന്നിവയാണ് ഈ സ്ഥാപനങ്ങളിൽ ചിലത്.

## അനെർട്ട് ജീവനക്കാരുടെ ഇ.പി.എഫ്. തൊഴിലുടമാവിഹിതം

അനെർട്ടിൽ ജീവനക്കാരും തൊഴിലുടമയും തുല്യമായി ആയിരുന്നു ഇ.പി.എഫ്. വിഹിതം നിക്ഷേപിച്ചുവന്നിരുന്നത്. 2011 ലെ ധനകാര്യവകുപ്പിന്റെ ഉത്തരവിനെത്തുടർന്ന് അനെർട്ടിൽ തൊഴിലുടമാവിഹിതം 15,000/- (അന്ന് 6,500/-) രൂപയുടെ ആനുപാതിക വിഹിതമായി വെട്ടിക്കുറച്ചു. ഇതിനെതിരേ അനെർട്ട് ജീവനക്കാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 2016-ൽ ജീവനക്കാർക്ക് അനുകൂലമായി ഇടക്കാല വിധി ഉണ്ടാകുകയും ചെയ്തു. അന്തിമ വിധിയിൽ സർക്കാർ തലത്തിൽ ഇതുസംബന്ധിച്ച തീരുമാനം എടുക്കാൻ കോടതി നിർദ്ദേശിച്ചിരുന്നു. സംഘടന ഇക്കാര്യത്തിൽ ഇടപെടുകയും മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിരുന്നു. ഇതിന്റെ ഫലമായി തൊഴിലുടമ, ജീവനക്കാരന്റെ വിഹിതത്തിനു തുല്യമായ രീതിയിൽ ഇ.പി.എഫ്. വിഹിതം അടയ്ക്കണമെന്ന് 2020 നവംബറിൽ ഊർജ്ജവകുപ്പ് സെക്രട്ടറി ഉത്തരവു പുറപ്പെടുവിച്ചു.

## കെ.എം.എം.എൽ-ന് മൈനിങ് ലീസ് നീട്ടിക്കിട്ടി



കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ 203.802 ഹെക്ടർ പ്രദേശത്ത് മൈനിങ് ലീസ് അനുവദിച്ചിരുന്നു. ആയതുപ്രകാരം കമ്പനി ഖനനവും ധാതുനീക്കവും നടത്തിവന്നിരുന്നു. എന്നാൽ ചില സ്ഥാപിതതാത്പര്യക്കാർ ഇതിന് തുരങ്കം വെക്കുന്നതിന് ശ്രമം നടത്തിയിരുന്നു. ഹ്രസ്വകാലത്തേക്ക് മൈനിങ് തടസ്സപ്പെടുകയും ചെയ്തിരുന്നു. ഈ വിഷയം സ്പാറ്റൊ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും 2020 മാർച്ച് മാസത്തിൽ മൈനിങ് കാര്യത്തിൽ കമ്പനിക്ക് അനുകൂലമായ ഒരു ഉത്തരവ് ഉണ്ടാകുകയും ചെയ്തു.

## SIMET കോളെജുകൾക്ക് അഫിലിയേഷൻ

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (SIMET) ന്റെ കീഴിൽ 7 നഴ്സിങ് കോളെജുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ മൂന്ന് കൊളെജുകൾക്ക് ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷൻ ഈ വർഷം ലഭിക്കുകയുണ്ടായില്ല. സംഘടന ഈ വിഷയം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയടക്കം ശ്രദ്ധയിൽ കൊണ്ടുവരികയും കൃത്യമായി ഇടപെടൽ നടത്തുകയും ഉണ്ടായി. ഈ കോളെജുകൾക്ക് 2020 -21 വർഷത്തേക്ക് സർവ്വകലാശാലയുടെ അംഗീകാരം ലഭിച്ചു.

## മലബാർ സിമന്റ്സിൽ കാഷ്വൽ ലീവ് കൂടി : ശമ്പളപരിഷ്കരണ അപാകത പരിഹരിച്ചു

മലബാർ സിമന്റ്സിലെ ശമ്പളപരിഷ്കരണത്തിലെ പഴയ പേ റിവിഷൻ അനോമലി പരിഹരിക്കപ്പെട്ടു. സ്പാറ്റോയുടെ ഇടപെടലിന്റെ വിജയമാണിത്. PRC ഈ ഫയലിട്ടു തട്ടിക്കളിച്ചപ്പോൾ സമയബന്ധിതമായി ധനകാര്യവകുപ്പുമന്ത്രിയുടെ മുൻപാകെ ഇക്കാര്യമെത്തിക്കുകയും ഫയൽ വിളിപ്പിച്ച് ഉത്തരവാക്കുകയും ചെയ്യുകയായിരുന്നു.

മലബാർ സിമന്റ്സിലെ മാനേജീരിയൽ വിഭാഗം ജീവനക്കാരുടെ കാഷ്വൽ ലീവ് വളരെ പരിമിതമായിരുന്നു. ഇതു വർദ്ധിപ്പിക്കണം എന്നത് ദീർഘകാലമായുള്ള ഒരാവശ്യമായിരുന്നു. കമ്പനിയുടെ സ്റ്റാഫ് റെഗുലേഷനിൽ മാറ്റം വരുത്തുന്നതിന് നടപടിയെടുക്കാൻ കമ്പനി മാനേജ്മെന്റ് വിമുഖത പ്രകടിപ്പിച്ചിരുന്നു. സ്പാറ്റോയുടെ നിരന്തര സമ്മർദ്ദത്തെത്തുടർന്ന് മാനേജിങ് ഡയറക്ടർ ഈ വിഷയം സർക്കാരിലേക്ക് സമർപ്പിക്കുകയും വ്യവസായ വകുപ്പ് കാഷ്വൽ ലീവ് 7-ൽ നിന്നും 12 ആയി വർദ്ധിപ്പിക്കാൻ 2020 ജൂണിൽ അനുമതി നൽകുകയും ചെയ്തു.

## KBPS-ൽ സ്ഥാപനത്തിനായി ഇടപെടൽ




കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ പെൻഷനും മറ്റ് സർവ്വീസ് വിഷയങ്ങളും സംബന്ധിച്ച് IMG യുടെ പഠനറിപ്പോർട്ട് ചർച്ചചെയ്യുന്നതിനുള്ള യോഗത്തിൽ സ്പാറ്റോയെക്കൂടി ഉൾപ്പെടുത്തി. ഇത് സംഘടനാപരമായി വലിയ നേട്ടമാണ്. KBPS ന് മറ്റ് ഗവ: സ്ഥാപനങ്ങളിൽനിന്നും കിട്ടാനുണ്ടായിരുന്ന കുടിശ്ശിക പിരിക്കുന്നതിൽ സംഘടന ഇടപെടുകയും ഏകദേശം 26 കോടിയോളം രൂപ പിരിഞ്ഞുകിട്ടുകയും ചെയ്തു.

## KEL-ൽ പ്രൊമോഷൻ പോളിസി

2012-ൽ പ്രാബല്യത്തിൽ വരേണ്ട കേരള ഇലക്ട്രിക്കൽ ആൻഡ് അല്ലൈഡ് എൻജിനിയറിങ് കമ്പനി ലിമിറ്റഡ്-ലെ ഓഫിസർമാരുടെ ശമ്പളപരിഷ്കരണം കമ്പനി നഷ്ടത്തിലായതിന്റെ പേരിൽ നിരാകരിച്ചിരുന്നു. അത് നടപ്പാക്കുന്നതിനായി സംഘടനാതലത്തിലും പാർട്ടിതലത്തിലും ഇടപെടലുകൾ നടത്തി. ഇതിന്റെ പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിൽ ആണ്. KEL-ലെ ഓഫീസർമാരുടെ പ്രൊമോഷൻ പോളിസിയുമായി ബന്ധപ്പെട്ട് SPATO യുടെ ഇടപെടലുകൾ 2014 മുതൽ നടത്തുന്നതാണ്. 2018-19ൽ ഡ്രാഫ്റ്റ് പോളിസി ഉണ്ടാക്കുകയും KEL ബോർഡ് അംഗീകരിച്ചശേഷം സർക്കാരിന്റെ അനുമതിക്കു നൽകുകയും ചെയ്തിരുന്നു. 2020 ഒക്ടോബറിൽ ഇതു സംബന്ധിച്ച് വിജ്ഞാപനം ഇറങ്ങി. ഇതിനാൽ ഓഫീസർമാരുടെ പ്രൊമോഷൻ ന്യായമായ രീതിയിൽ നടത്തുവാൻ സാധിക്കുന്നതാണ്. സംഘടനയുടെ ഈ നേട്ടം വരുംതലമുറയ്ക്ക് വളരെയേറെ ഉപകാരപ്രദമായിരിക്കും.

## വെയർഹൗസിങ് കോർപ്പറേഷനിൽ പ്രൊബേഷൻ ഡിക്ലറേഷൻ

KSWC യിലെ അസിസ്റ്റന്റ് മാനേജർമാരുടെ തടഞ്ഞുവെച്ചിരുന്ന പ്രൊബേഷൻ ഡിക്ലറേഷൻ കാര്യത്തിൽ കാര്യമായ ഇടപെടൽ നടത്തി അത് നേടിയെടുക്കുന്നതിന് കഴിഞ്ഞു. കൂടാതെ IMG മുഖേന ഇപ്പോൾ നടത്തിവരുന്ന പുതിയ സ്റ്റാഫ് പാറ്റേൺ പരിഷ്കരണവിഷയത്തിൽ യൂണിറ്റ് കമ്മിറ്റി കാര്യമായ ഇടപെടൽ നടത്തിയതിന്റെ ഫലമായി സ്പാറ്റൊ യൂണിറ്റ് കമ്മിറ്റി അടക്കമുള്ള ഓഫീസർമാരുടെ സംഘടനകളുടെകൂടി അഭിപ്രായം തേടുന്നതിനും തുടർചർച്ചയ്ക്കു വിളിക്കുന്നതിനും മാനേജ്മെന്റിന് തയ്യാറാകേണ്ടി വന്നു. ജീവനക്കാരുടെ ശമ്പളപരിഷ്കരണവിഷയത്തിൽ സ്പാറ്റൊ സംസ്ഥാന ജില്ലാ നേതൃത്വങ്ങളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകുകയും അതുകൊണ്ട് ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ അന്തിമ അനുമതി

കിട്ടുന്ന സ്ഥിതിയിൽ എത്തിക്കുന്നതിനും സാധിച്ചു. 2007 മുതൽ 2009 വരെയുള്ള കാലഘട്ടത്തിലെ ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക യൂണിറ്റ് കമ്മിറ്റിയുടെ കൂടി ഇടപെടലിന്റെ ഭാഗമായി അനുവദിച്ചു. ഇതുപോലെയുള്ള യൂണിറ്റ് കമ്മിറ്റിയുടെ നിരന്തരമായുള്ള ഇടപെടലിന്റെ ഫലമായി മാനേജ്മെന്റ് പെൻഷൻ അടക്കമുള്ള വിഷയങ്ങളിൽ സ്പാറ്റൊ യൂണിറ്റ് കമ്മിറ്റിയുടെകൂടി അഭിപ്രായം ഇപ്പോൾ തേടുന്നുണ്ട്.

## കേരള സിറാമിക്സിലെ ശമ്പളപരിഷ്കരണം

2011 മുതൽ പെൻഡിങ്ങിലായിരുന്ന കേരളാ സിറാമിക്സിലെ ഓഫീസർമാരുടെ ശമ്പളപരിഷ്കരണം മന്ത്രിസഭ അംഗീകരിച്ചു. കഴിഞ്ഞ രണ്ട് വർഷമായി സ്പാറ്റൊ സംസ്ഥാനനേതൃത്വം നടത്തിയ കൃത്യമായ ഇടപെടലുകൾകൊണ്ടാണ് ഇത് സാധ്യമായത്. രണ്ടുതവണ ഫയൽ തിരസ്കരിക്കപ്പെട്ടപ്പോഴും വ്യവസായ മന്ത്രിയുടെയും ധനകാര്യ മന്ത്രിയുടെയും ഓഫീസുകളുമായി ക്രിയാത്മകമായി ബന്ധപ്പെടാനും ഫയൽ വീണ്ടും സജീവമാക്കുന്നതിനും സംഘടനയ്ക്കു കഴിഞ്ഞു.

## കേരളാ ഫീഡ്സിൽ ഇടക്കാലാശ്വാസം



കേരളാ ഫീഡ്സിലെ ഉദ്യോഗസ്ഥവിഭാഗം ജീവനക്കാരുടെ ശമ്പളപരിഷ്കരണം 2016 മുതൽ നിലവിൽ വരേണ്ടതാണ്. ശുപാർശ സർക്കാരിന്റെ പരിഗണനയിലായിരുന്ന സാഹചര്യത്തിൽ മാനേജ്മെന്റുമായി ഉണ്ടായിരുന്ന ധാരണയെത്തുടർന്ന് ഇടക്കാലാശ്വാസം നൽകിവന്നിരുന്നു. എന്നാൽ ശമ്പളപരിഷ്കരണ ഫയൽ ധനകാര്യവകുപ്പ് തിരസ്കരിച്ചതിനെത്തുടർന്ന് കമ്പനി മാനേജ്മെന്റ് ഇടക്കാലാശ്വാസം നൽകുന്നത് മരവിപ്പിച്ചിരുന്നു. ഈ വിഷയത്തിൽ സംസ്ഥാന കമ്മിറ്റി ഇടപെടുകയും ഇടക്കാലാശ്വാസം പുനഃസ്ഥാപിക്കുകയും ഫയൽ സർക്കാരിലേക്ക് വീണ്ടും സമർപ്പിക്കുകയും ചെയ്തു.

## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ജീവനക്കാരുടെ കരാർ പുതുക്കൽ

സ്പാറ്റൊ നേതൃത്വം ശക്തമായി ഇടപെട്ടതിന്റെ ഫലമായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ കരാർ ജീവനക്കാരുടെ കരാർ കാലാവധി മുൻവർഷങ്ങളിലെപോലെ ഈ വർഷവും ഒരു വർഷത്തേക്കു നീട്ടിക്കൊണ്ട് സർക്കാർ ഉത്തരവായി. കാലാവധി തീരുന്ന മുറയ്ക്ക് സെക്രട്ടേറിയറ്റിലേക്ക് എഴുതിയും ഗവേണിങ് ബോഡി ശുപാർശ ചെയ്തും പുതുക്കൽപ്രക്രിയ നടക്കുന്ന രീതിയായിരുന്നു ഇതുവരെ, എന്നാൽ ഈ വർഷം സെക്രട്ടേറിയറ്റിലേക്ക് കത്തു പോവുകയും ജി ബി പുതുക്കാനുള്ള തീരുമാനത്തിന് അംഗീകാരം നൽകുകയും ചെയ്തിട്ടും കാലാവധി തീർന്ന ദിവസം ഇവരെ പിരിച്ചുവിടുന്നതായി ഡയറക്ടർ അറിയിച്ചു. സ്പാറ്റൊ ഇടപെടലിൽ ആ തീരുമാനത്തിനെതിരേ സർക്കാർ തീരുമാനം നടപ്പിലാക്കാനായി.

## ടൈറ്റാനിയത്തിൽ സബോർഡിനേറ്റ് സ്റ്റാഫ് ആയിരുന്നവരുടെ ശമ്പളപരിഷ്കരണം

2013 ഒക്ടോബർ മാസം മുതൽ നടപ്പിലാക്കേണ്ടുന്ന ശമ്പളപരിഷ്കരണം 80% ശമ്പളത്തിൽ സബോർഡിനേറ്റ് സ്റ്റാഫിന് അനുവദിച്ച നാൾ മുതൽ, ആ കാലയളവിൽ സബോർഡിനേറ്റ് ആയിരുന്ന നിലവിൽ ഓഫീസർമാർ ആയവർക്കും അനുവദിക്കണമെന്ന ആവശ്യം സ്പാറ്റോ ടൈറ്റാനിയം യൂണിറ്റ് മുന്നോട്ടുവച്ചിരുന്നു. സംസ്ഥാന നേതൃത്വം ഈ വിഷയത്തിൽ ഇടപെടുകയും വ്യവസായ മന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന യോഗതീരുമാനപ്രകാരം 2020 ജനുവരിമാസത്തെ ശമ്പളവിതരണം മുതൽ ഇത് നടപ്പിലാക്കുകയും ചെയ്തു.

# സംഘടനാവാർത്തകൾ

## സ്പാറ്റൊ മാധ്യമ ശിൽപ്പശാല



തെരഞ്ഞെടുത്ത സ്പാറ്റൊ അംഗങ്ങൾക്കായി 2020 ഫിബ്രവരി 8-നു, തിരുവനന്തപുരം വട്ടിയൂർക്കാവ് റീച്ചിൽവച്ച് മാധ്യമ ശിൽപ്പശാല സംഘടിപ്പിച്ചു. ജനറൽ സെക്രട്ടറി സ. ആനക്കൈ ബാലകൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ചു. വിവിധ വിഷയങ്ങളിൽ ഈ രംഗത്തെ പ്രഗല്ഭർ ക്ലാസ്സുകൾ നയിച്ചു. ശ്രീ. പി. എസ് രാജശേഖരൻ - 'എഴുത്തും അച്ചടിമാധ്യമങ്ങളും', ശ്രീ. ബിജു മോഹൻ -'ദൃശ്യമാധ്യമങ്ങളുടെ ഉപയോഗവും സമകാലീന സാധ്യതകളും', ശ്രീ. ടി.ഗോപകുമാർ-'നവമാധ്യമങ്ങളിലെ രാഷ്ട്രീയം' എന്നിങ്ങനെയായിരുന്നു ക്ലാസ്സുകൾ. സംസ്ഥാന പ്രസിഡന്റ് സ. ബിന്ദു വി.സി., സെക്രട്ടേറിയറ്റ് അംഗങ്ങളായ സ. ബിജു എസ്.ബി., സ. ടി.പി. സുധാകരൻ എന്നിവർ സംബന്ധിച്ചു.

## പുതിയ ജില്ലാസെക്രട്ടറിമാർ



അനീഷ് എസ്.പ്രസാദ്
തിരുവനന്തപുരം



അനിൽകുമാർ കെ.വി.
ആലപ്പുഴ



വിനോദ് പൃത്തിയിൽ
കണ്ണൂർ-കാസർഗോഡ്

തിരുവനന്തപുരം ജില്ലാ സെക്രട്ടറി സ.ബൈജു കെ.എസ്., ആലപ്പുഴ ജില്ലാ സെക്രട്ടറി സ. പ്രദീപ് കുമാർ കെ. എന്നിവർ ഔദ്യോഗികമായി സ്ഥലം മാറിപ്പോയതിനാൽ ഈ ജില്ലകളിലേക്ക് പുതിയ സെക്രട്ടറിമാരെ തെരഞ്ഞെടുക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലാ കമ്മിറ്റി യോഗം ചേർന്ന് സ. അനീഷ് എസ്. പ്രസാദിനെയും ആലപ്പുഴ ജില്ലാകമ്മിറ്റി യോഗം സ.അനിൽകുമാർ കെ.വി. യെയും പുതിയ ജില്ലാ സെക്രട്ടറിമാരായി തെരഞ്ഞെടുത്തു. കണ്ണൂർ-കാസർഗോഡ് മേഖലാ സെക്രട്ടറി വ്യക്തിപരമായ കാരണങ്ങളാൽ ഒഴിഞ്ഞ സാഹചര്യത്തിൽ ഈ മേഖലാ കമ്മിറ്റി തീരുമാനമനുസരിച്ച് സ. വിനോദ് പൃത്തിയിൽ പുതിയ മേഖലാ സെക്രട്ടറിയായി ചുമതല ഏറ്റെടുത്തു.

## കോവിഡ് സഹജീവനം പഠനകമ്മിറ്റി

കോവിഡ്19 സഹജീവനകാലത്തെ സംസ്ഥാനപൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലനില്പും വളർച്ചയും സംബന്ധിച്ചും കേരളത്തിന്റെ പൊതുവായ വളർച്ചയും വികാസവും സ്വയംപര്യാപ്ത സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ മാറ്റിയെടുക്കുന്നതിനുള്ള സംഘടനയുടെ നിർദ്ദേശങ്ങൾ സംബന്ധിച്ചും പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു വിദഗ്ധ സമിതിയെ സ്പാറ്റോ സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം നിയോഗിച്ചിരുന്നു. സ. ടി.പി. സുധാകരൻ കൺവീനറും ഡോ.ടി.ഉണ്ണികൃഷ്ണൻ, ഡോ.എം. മോഹനൻ, ഡോ. സുഭാഷ് ചന്ദ്രബോസ്, ഡോ. സി. സ്വരാജ്, സ. ബി.സുനിൽ എന്നിവർ സമിതി അംഗങ്ങളുമായുള്ള കമ്മിറ്റി വിവിധ സ്പാറ്റൊ അംഗങ്ങളിൽനിന്നുമുള്ള നിർദ്ദേശങ്ങൾകൂടി സ്വീകരിച്ചുകൊണ്ട് വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും അത് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു.

## ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട കമ്മിറ്റി

നിലവിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലാവധി ഇനി ഒരു വർഷം മാത്രമേ ഉള്ളൂ. നിരവധി പൊതുമേഖലാ സ്വയം ഭരണസ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണ നടപടികൾ പൂർത്തീകരിക്കാനുണ്ട്. ഓരോ സ്ഥാപനത്തിന്റെയും ഈ വിഷയങ്ങൾ പഠിച്ച് അതാത് വകുപ്പു മന്ത്രി, ധനകാര്യ മന്ത്രി മുഖ്യമന്ത്രി എന്നിവർക്ക് സമർപ്പിക്കേണ്ടതുണ്ട്. അതിനായി സ്പാറ്റൊ സംസ്ഥാന സെക്രട്ടറിയേറ്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചു. എം. ശിവപ്രസാദ് കൺവീനറും മിനി എൻ. ആർ. ജോ:കൺവീനറും പി. അജിത് കുമാർ, ബിജു എസ്.ബി., അനീഷ് എസ് പ്രസാദ്, കെ.എസ്. ബൈജു എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി വിവിധ സ്ഥാപനങ്ങളിൽനിന്നും വിവരം ശേഖരിച്ചു കഴിഞ്ഞു. അതിന്റെ ക്രോഡീകരണം നടന്നു കൊണ്ടിരിക്കുന്നു.

## കെൽട്രോൺ തിരുവനന്തപുരം ജില്ലാ യൂണിറ്റ് കമ്മിറ്റികൾ

സ്പാറ്റൊ കെൽട്രോൺ തിരുവനന്തപുരം ജില്ലാ ജനറൽ ബോഡി യോഗം 2020 ഫെബ്രുവരി 27-ന് സ്പാറ്റൊ സംസ്ഥാന കമ്മിറ്റി ഓഫീസിൽ കൂടി. യോഗത്തിൽ സംസ്ഥാന പ്രസിഡന്റ്, സ: ബിന്ദു വി.സി., സംസ്ഥാന ജനറൽ സെക്രട്ടറി സ: ആനക്കൈ ബാലകൃഷ്ണൻ, സംസ്ഥാന-ജില്ലാ നേതാക്കൾ, മറ്റു ജില്ലകളിലെ സ്പാറ്റൊ യൂണിറ്റ് ഭാരവാഹികൾ, പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

ജില്ലയിലെ കെൽട്രോൺ സ്പാറ്റൊ യൂണിറ്റിനെ പ്രവർത്തനവിപുലീകരണത്തിനായി കരകുളം, തിരുവനന്തപുരം സിറ്റി എന്നീ രണ്ട് യൂണിറ്റുകളായി വിഭജിക്കാൻ തീരുമാനിച്ചു.

കരകുളം യൂണിറ്റ് ഭാരവാഹികൾ: പ്രസിഡന്റ്– സ: സജീവ് കുമാർ, സെക്രട്ടറി – സ: ദിനീഷ്, ട്രഷറർ –സ: ജയകൃഷ്ണൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ– സ: നികാന്ത്, സ: സജ്ജയ്, സ: വിപിൻ.

തിരുവനന്തപുരം സിറ്റി യൂണിറ്റ് ഭാരവാഹികൾ : പ്രസിഡൻറ് – സ: അശ്വതി മോഹൻ, സെക്രട്ടറി – സ: അജിത്കൃഷ്ണൻ, ട്രഷറർ –സ: റിയാസ് തങ്ങൾ, എക്സി: കമ്മിറ്റി അംഗങ്ങൾ –സ: മനോജ്, സ: ജിഷ, സ: ബൈജു, സ: ദേവി, സ: സിനി.

ബഹു: ഹൈക്കോടതി വിധി പ്രകാരമുള്ള ശമ്പളപരിഷ്കരണം, കരാർ ജീവനക്കാരുടെ പ്രശ്നങ്ങൾ എന്നിവയ്ക്കായി വിവിധ സമരപരിപാടികൾ ആസൂത്രണം ചെയ്തു. ഇതിനായി സംസ്ഥാനത്തെ വിവിധ കെൽട്രോൺ സ്പാറ്റൊ യൂണിറ്റ് പ്രതിനിധികളെ ഉൾപ്പെടുത്തി 15-അംഗ സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു.

ഭാരവാഹികൾ : ചെയർമാൻ – സ: അനിൽ ടി.എസ്. (കണ്ണൂർ), കൺവീനർ – സ: അനിൽകുമാർ (അരൂർ), വൈസ് ചെയർമാൻ – സ: അജിത് കൃഷ്ണൻ (തിരുവനന്തപുരം), ജോ: കൺവീനർ – സ: രാജ് കൃഷ്ണൻ (കണ്ണൂർ)

## കെൽട്രോൺ കുറ്റിപ്പുറം യൂണിറ്റ് ഭാരവാഹികൾ

കെൽട്രോൺ കുറ്റിപ്പുറം യൂണിറ്റിൽ, കോഴിക്കോട് മേഖല സെക്രട്ടറി സ. ജയചന്ദ്രൻ, സംസ്ഥാനകമ്മറ്റി അംഗം സ. അനിൽ എന്നിവരുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ സ്പാറ്റൊ യൂണിറ്റ് രൂപീകരിച്ചു.

പുതിയ ഭാരവാഹികൾ: പ്രസിഡന്റ്-സ. പ്രമോദ് വി.പി., സെക്രട്ടറി-സ.സജീഷ് കെ., വൈസ് പ്രസിഡന്റ് – സ. ശിവൻ കെ., ജോ. സെക്രട്ടറി – സ.സതീശൻ എസ്., ട്രഷറർ– സ.വത്സൻ കെ.

## FIT മാനേജ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചു

സർക്കാർ അംഗീകാരം ലഭിക്കാത്തതിനാൽ ശമ്പളപരിഷ്കരണം നടത്താൻ കഴിയാത്ത സാഹചര്യമാണ് പല സ്ഥാപനങ്ങളിലും ഉള്ളത്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമാണ് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിലെ സാഹചര്യം. സർക്കാരിന്റെ ശമ്പളപരിഷ്കരണ ഉത്തരവിറങ്ങിയിട്ടും അത് നടപ്പാക്കാതെ വച്ചുതാമസിപ്പിക്കുകയാണ് FIT മാനേജ്മെന്റ്. മാനേജ്മെന്റിന്റെ ഈ നിലപാടിൽ സ്പാറ്റൊ യൂണിറ്റ് യോഗം ശക്തമായി പ്രതിഷേധിച്ചു. ഇതുമായി ബന്ധപ്പെട്ട് FIT ചെയർമാന് യൂണിറ്റ് ഭാരവാഹികളായ സ. വേലായുധൻ, സ. ബൈജു, സ. ഷിബു എന്നിവരുടെ നേതൃത്വത്തിൽ നിവേദനം നൽകി.

## പട്ടികജാതി പട്ടികവികസന കോർപ്പറേഷനിൽ മുൻകാല സർക്കാർ സർവീസ് പരിഗണിക്കണം

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ജില്ലാ മാനേജരായി നേരിട്ട് നിയമനം ലഭിക്കുന്നതിനുള്ള അടിസ്ഥാന

യോഗ്യത ബിരുദാനന്തര ബിരുദവും സർക്കാർ സ്ഥാപനങ്ങളിൽ/സർക്കാർ വകുപ്പുകളിൽ വികസന പദ്ധതികൾ നിർവ്വഹണം നടത്തിയതിലുള്ള രണ്ടുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയവുമാണ്. സർക്കാർ സേവനകാലത്തെ സേവനപുസ്തകമാണ് കോർപ്പറേഷനിൽ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയൊക്കെ ആണെങ്കിലും സർക്കാർ വകുപ്പിൽനിന്നും നേരിട്ട് നിയമനം ലഭിച്ച ജില്ലാമാനേജർമാരുടെ മുൻകാല സേവനകാലം നിലവിൽ യാതൊരു സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നില്ല. KSEB പോലുള്ള സ്ഥാപനങ്ങൾ ഇതുപരിഗണിക്കുമ്പോഴാണ് കോർപ്പറേഷനിൽ ഇത് നടപ്പാക്കാനാവാത്തത് എന്നത് വിരോധാഭാസമാണ്. ധനകാര്യവകുപ്പിന്റെ അനുമതി ലഭിക്കാത്തതാണ് തടസ്സമായി നിൽക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഒക്ടോബറിൽ പട്ടികജാതി പട്ടികവർഗ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. എ.കെ. ബാലന് സ്പാറ്റൊ വിശദമായ നിവേദനം നൽകി.

## കെൽട്രോണിൽ സ്പാറ്റൊ സമരമുഖത്ത്

01.04.2012 മുതൽ നടപ്പാക്കേണ്ട കെൽട്രോണിലെ ഓഫീസർമാരുടെ ശമ്പളപരിഷ്കരണത്തെ സംബന്ധിച്ച ഉത്തരവ് ഒക്ടോബർ 2017 നാണ് പുറപ്പെടുവിക്കുന്നത്. സ്റ്റേറ്റ് ഡി.എ.യിൽനിന്നും ഇൻഡസ്ട്രിയൽ ഡി.എ.യിലേക്ക് മാറ്റുന്നതുൾപ്പെടെയുള്ള നിരവധി അപാകതകൾ നിറഞ്ഞതായിരുന്നു ഈ ഉത്തരവ്. ഇതിനെതിരായി സംഘടന മാനേജ്മെന്റ്, വകുപ്പ് സെക്രട്ടറി, വകുപ്പുമന്ത്രി എന്നിങ്ങനെ വിവിധ തലങ്ങളിൽ ഇടപെടലുകൾ നടത്തുകയുണ്ടായി. 2018-ൽ വ്യവസായമന്ത്രിയുടെ സാന്നിധ്യത്തിൽ മാനേജ്മെന്റും സ്പാറ്റൊ നേതൃത്വവും ചർച്ച നടത്തുകയും പ്രശ്നപരിഹാരത്തിന് ധാരണയാവുകയും ചെയ്തു. എന്നാൽ മാനേജ്മെന്റ് തുടർനടപടികൾക്ക് തയ്യാറായില്ല. തുടർന്ന് കെൽട്രോണിലെ ഉദ്യോഗസ്ഥർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും സ്റ്റേറ്റ് ഡി.എ. പുനഃസ്ഥാപിക്കുന്നതിന് അനുകൂല വിധി സംഘടിപ്പിക്കുകയുമുണ്ടായി. എന്നാൽ മാനേജ്മെന്റും വകുപ്പും ഇത് അംഗീകരിക്കാൻ തയ്യാറായില്ല. തുടർന്നുണ്ടായ കോടതിയലക്ഷ്യവിധിയിലും അനുകൂലസമീപനം ഉണ്ടായില്ല.

ഇതേത്തുടർന്ന് സ്പാറ്റൊ സംസ്ഥാന നേതൃത്വം സമരപരിപാടികളുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചു. 2020 മാർച്ച് 6-നു കെൽട്രോണിന്റെ വിവിധ യൂണിറ്റുകളിൽ ബാഡ്ജ് കുത്തി പ്രതിഷേധിക്കുകയുണ്ടായി. മാർച്ച് 17-നു ധർണ്ണ ആസൂത്രണം ചെയ്തിരുന്നെങ്കിലും കോവിഡ് സാഹചര്യത്തിൽ മാറ്റിവക്കുകയുണ്ടായി. ചെയർമാനുമായി മാർച്ച് 18-ന് സംഘടനാപ്രതിനിധികൾ ചർച്ച നടത്തുകയുണ്ടായി. അനുകൂല പ്രതികരണമാണ് ലഭിച്ചത്. എന്നാൽ ലോക്ക് ഡൗണും കോവിഡും തുടർന്നുള്ള ഇടപെടലുകൾക്ക് പ്രതികൂലമായിരുന്നു. ജൂലൈ മാസത്തിൽ ധനകാര്യവകുപ്പുമന്ത്രി, കമ്പനി ചെയർമാൻ, എം.ഡി., എന്നിവർക്ക് സ്പാറ്റൊ സംഘടനയുടെ നിലപാട് വ്യക്തമാക്കിക്കൊണ്ട് നിവേദനം നൽകി. പ്രശ്നം പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ സംഘടന ഇപ്പോഴും സമരമുഖത്താണ്.

ഈ വിഷയത്തിൽ അനുകൂല തീരുമാനമുണ്ടാകുമെന്ന് ഇപ്പോൾ ധനകാര്യ-വ്യവസായ വകുപ്പുമന്ത്രിമാർ ഉറപ്പു നൽകിയിട്ടുണ്ട്.

## ഐ.ടി. മിഷനിൽ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തണം

കേരള സംസ്ഥാന ഐ.ടി.മിഷനിലും അക്ഷയയിലും ജോലിചെയ്യുന്ന പത്തു വർഷത്തിലേറെ പ്രവർത്തന പരിചയമുള്ള കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സ്പാറ്റൊ സംസ്ഥാന കമ്മിറ്റി ഐ.ടി.വകുപ്പുമന്ത്രി കൂടിയായ മുഖ്യമന്ത്രിക്ക് നിവേദനം നൽകി. സംസ്ഥാനത്തൊട്ടാകെയുള്ള ഇ-ഗവേണൻസ് സംരംഭങ്ങളെ ഏകോപിപ്പിക്കുകയും അവ സുഗമമായി നടപ്പിലാക്കുകയും ചെയ്യുന്നത് ഐ.ടി.മിഷൻ ആണ്. മിഷനിലും അക്ഷയയിലും പ്രവർത്തിക്കുന്ന ജീവനക്കാർ ഡെപ്യൂട്ടേഷനിലോ കരാർ അടിസ്ഥാനത്തിലോ ഉള്ളവരാണ്. ഇതിൽ ഭൂരിഭാഗം ഓഫിസർമാരും സ്റ്റാഫും തുടക്കകാലം മുതൽ തന്നെ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നവരാണ്. പ്രാഗല്ഭ്യവും പരിചയസമ്പത്തുമുള്ള ഈ ജീവനക്കാരെ നിലനിർത്തുന്നത് തീർച്ചയായും ഈ സ്ഥാപനങ്ങളുടെ ഈടുറ്റ പ്രവർത്തനങ്ങൾക്ക് ഊർജ്ജദായകകരമായിരിക്കുമെന്നതിൽ സംശയമില്ല.

## SILK-ൽ ശമ്പളക്കുടിശ്ശിക നൽകണം

സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡിലെ ഉദ്യോഗസ്ഥവിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണം 01.04.2014 മുതൽ പ്രാബല്യത്തിൽ വരേണ്ടതായിരുന്നെങ്കിലും നടപ്പിലായില്ല. 19.06.2020 നു നടന്ന PEB മീറ്റിങ്ങിൽ ശമ്പളപരിഷ്കരണത്തിന് ശുപാർശ ചെയ്തിരുന്നെങ്കിലും മുൻകാല പ്രാബല്യം ഉണ്ടാകില്ല എന്ന് വ്യക്തമാക്കിയിരുന്നു. സ്പാറ്റൊ SILK-SIFL യൂണിറ്റ് യോഗം ഇത്തരമൊരു തീരുമാനത്തെ അപലപിച്ചു. സ്ഥാപനം വർഷങ്ങളായി ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 10-ൽ താഴെ മാത്രം ഉദ്യോഗസ്ഥന്മാരാണ് സ്ഥിരമായിട്ടുള്ളത്. നിലവിൽ ഇടക്കാലാശ്വാസം നൽകി വരു

ന്നുണ്ട്. ഈ സാഹചര്യത്തിൽ ശമ്പളക്കുടിശ്ശിക യോടെ മുൻകാല പ്രാബല്യത്തിൽ ശമ്പളപരിഷ്ക രണ ഉത്തരവ് ഇറക്കുന്നതിനായി വ്യവസായവകുപ്പു മന്ത്രിക്ക് സ്പാറ്റോ ജനറൽ സെക്രട്ടറി നിവേദനം സമർപ്പിച്ചു.

## കെൽട്രോണിൽ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തണം

കെൽട്രോണിലെ 80 ശതമാനത്തോളം വരുന്ന കരാർ ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് സ്പാറ്റോ മാനേജ്മെന്റിനോട് ആവശ്യപ്പെട്ടു. ഇവർക്ക് നൽകിവന്നിരുന്ന ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ പുനഃസ്ഥാപിക്കണമെന്നും സംഘടന നിർദ്ദേശം വച്ചു. ദീർഘകാലമായി കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തുവന്നിരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തേണ്ടതാണെന്ന ആവശ്യവും സംഘടന ഉന്നയിച്ചു.

## ഓട്ടോകാസ്റ്റിലെ ഓഫീസർമാരോട് കാണിക്കുന്ന അനീതി അവസാനിപ്പിക്കണം

തികച്ചും പക്ഷപാതപരമായാണ് ഓട്ടോകാസ്റ്റിലെ ഉദ്യോഗസ്ഥവിഭാഗം ജീവനക്കാരോടുള്ള മാനേജ്മെന്റ് സമീപനം. ഇതിൽ സംഘടനയ്ക്കുള്ള ശക്തമായ പ്രതിഷേധം രേഖാമൂലം ചെയർമാനും എം.ഡി. ക്കും നൽകുകയുണ്ടായി. ഉദ്യോഗസ്ഥ ഇതര ജീവനക്കാരുടെ ശമ്പളം ഏറക്കുറെ കൃത്യമായി നൽകുന്നുണ്ടെങ്കിലും ഓഫീസർമാരുടെ ശമ്പളം പലപ്പോഴും രണ്ടും മൂന്നും മാസം കഴിഞ്ഞാണ് നൽകുന്നത്. 2014 മുതൽ നടപ്പാക്കേണ്ട ശമ്പളപരിഷ്കരണ ശുപാർശ സർക്കാരിലേക്ക് അയയ്ക്കുന്നതിന് മാനേജ്മെന്റ് ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നുണ്ടെങ്കിലും ഉദ്യോഗസ്ഥർക്ക് അത് നിഷേധിച്ചിരിക്കുകയാണ്. പി.എഫ്.തൊഴിലുടമ വിഹിതം സംബന്ധിച്ച് കോടതിയിൽനിന്നും അനുകൂല ഉത്തരവ് സംഘടിപ്പിച്ചുവെങ്കിലും അത് നടപ്പിലാക്കാൻ മാനേജ്മെന്റ് ഇതുവരെയും തയ്യാറായിട്ടില്ല. ഇക്കാര്യങ്ങളിൽ പരിഹാരം ഉണ്ടാക്കണമെന്ന് സ്പാറ്റോ ആവശ്യപ്പെട്ടു.

## SIMET–ലെ വിഷയങ്ങളിൽ ധാരണയായി

SIMET ഡയരക്ടർക്ക് സ്പാറ്റോ സംസ്ഥാന കമ്മിറ്റി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സംഘടനയെ ചർച്ചയ്ക്കു വിളിക്കുകയുണ്ടായി. 2020 ഫെബ്രവരി 1 ന് നടന്ന ചർച്ചയിൽ സംസ്ഥാന നേതാക്കൾ പങ്കെടുത്തു. ചർച്ചയിൽ താഴെപ്പറയുന്ന വിഷയങ്ങളിൽ ധാരണയായി.

(1) നിലവിലെ സാലറി DA ആയ 35% ന്റെ കൂടെ 37% കൂടി 72% ആക്കാനും സർവീസ് വെയ്റ്റേജ് ആയ 5% (AGP) സർവീസ് കാലാവധിക്കു അനുസരിച്ചു നൽകുവാനും, കൺസോളിഡേറ്റഡ് പേ 21,600 ൽ നിന്നും 25600 ആക്കുവാനും പേ റിവിഷൻ വരുന്ന മുറയ്ക്ക് ഇത് നടപ്പിലാക്കാനും Basic + AGP യുടെ 72% DA ജിബി യിൽവച്ചു അംഗീകാരം നേടാനും ധാരണയായി.

(2) ലക്ചറർ പോസ്റ്റിൽ തുടരുന്ന മൂന്നു പേരെ പുനർനാമകരണം ചെയ്യുവാനും, സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഉണ്ടാകുന്ന ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്തുവാനും ധാരണയായി.

(3) പ്രസവാവധി 3 മാസം എന്നുള്ളത് 6 മാസമാക്കാനും രണ്ടു ജീവനക്കാരുടെ പ്രസവാവധി ജിബി യിൽ വച്ചു പാസ്സാക്കിയശേഷം നൽകുവാനും തീരുമാനമുണ്ടായി.

(4) ഇ.പി.എഫ്. ആനുകൂല്യം എല്ലാ ജീവനക്കാർക്കും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുവാനും തീരുമാനമായി.

(5) ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളാമെന്നും തീരുമാനമായി.

(6) SIMET ന്റെ വരുമാനമാർഗം കൂട്ടുവാനായി പുതിയ പ്രൊജെക്ടുകൾ, കോഴ്സുകൾ, സീറ്റ് വർദ്ധിപ്പിക്കൽ, ഗ്രാന്റ്–ഇൻ–എയ്ഡ് എന്നീവിഷയങ്ങളിൽ സംഘടന സക്രിയമായി ഇടപെടുമെന്ന് സ്പാറ്റോ സംസ്ഥാനനേതൃത്വം ഉറപ്പു നൽകി.

## റിമോട്ട്സെൻസിങ് സെന്ററിലെ പെൻഷൻ പ്രായം 60 വയസ്സാക്കണം

ആസൂത്രണം, വികസനം, പരിസ്ഥിതിസംരക്ഷണം, ദുരന്തലഘൂകരണം. തുടങ്ങിയ മേഖലകളിൽ റിമോട്ട് സെൻസിങ്, ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം, തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ വികസനപ്രവർത്തനങ്ങൾക്കാവശ്യമായ ഭൂപടങ്ങൾ, വിവിധതരത്തിലുള്ള ഡാറ്റാബേസ്, പഠനങ്ങൾ, റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കുന്ന സ്ഥാപനമാണ് റിമോട്ട് സെൻസിങ് സെന്റർ. ഇവിടത്തെ സർവിസ് റൂൾ പ്രകാരം ശാസ്ത്രസാങ്കേതികവിഭാഗത്തിലെ ജീവനക്കാരുടെ പെൻഷൻപ്രായം 60 വയസ്സ് വരെ ആണെന്നും, എന്നാൽ 55 വയസ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക് 60 വയസ്സുവരെ 5 വർഷത്തേക്ക് സർവീസ് നീട്ടിനൽകുന്നതിനുള്ള വിവേചന അധികാരം സെന്ററിനാണെന്നും നിശ്ചയിച്ചിട്ടുണ്ട്. നിലവിലെ സർവിസ് റൂൾ പ്രകാരം, 55 വയസ്സ് പൂർത്തിയാകുന്ന ജീവനക്കാരന് മാനേജ്മെന്റിന്റെ ഉത്തരവു ലഭിച്ചാൽ

മാത്രമേ 60 വയസ്സ് വരെ സർവീസ് ലഭിക്കുകയുള്ളൂ. സെന്ററിലെ ജീവനക്കാർ വിവിധ സമയങ്ങളിൽ സർവീസ് കാലം നീട്ടി ലഭിക്കുവാനും ഉത്തരവ് നേടുവാനും പ്രായോഗികമായി ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. പെൻഷൻ പ്രായത്തിലെ ഈ 'അവ്യവസ്ഥ' പലപ്പോഴും ലോൺ ആവശ്യങ്ങൾക്കും മറ്റും വേണ്ടി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റിലും മറ്റും ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ആട്ടോണോമസ് സ്ഥാപനങ്ങളിൽ ജീവനക്കാരുടെ പെൻഷൻപ്രായം 60 വയസ്സായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ റിമോട്ട് സെൻസിങ് സെന്ററിലെ ശാസ്ത്രസാങ്കേതിക ജീവനക്കാരുടെ പെൻഷൻപ്രായം 60 വയസ്സായി നിജപ്പെടുത്തി ഉത്തരവാകുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന കമ്മിറ്റി മുഖ്യമന്ത്രിക്ക് നിവേദനം നൽകി.

## സ്പാറ്റൊ ടെൽക് യൂണിറ്റ് നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്തു



ടെൽക് ജനറൽ വർക്കേഴ്സിൽപ്പെട്ട കയറ്റിറക്കു തൊഴിലാളികൾക്ക് സ്പാറ്റൊ അരിയും നിത്യോപയോഗസാധനങ്ങളും വിതരണം ചെയ്തു. വിതരണോദ്ഘാടനം ടെൽക് ചെയർമാൻ അഡ്വ. എൻ.സി.മോഹനൻ നിർവ്വഹിച്ചു. സ്പാറ്റൊ യൂണിറ്റ് പ്രസിഡന്റ് സ.സാൻജോ ദാസ്, ടെൽക് എംപ്ലോയീസ് യൂണിയൻ ജന. സെക്രട്ടറി സ. കെ.കെ.അംബുജാക്ഷൻ, സിപിഐ എം ബ്രാഞ്ച് സെക്രട്ടറി സ. സി.എസ്.മനോജ്, ടെൽക് ജനറൽ വർക്കേഴ്സ് യൂണിയൻ സെക്രട്ടറി സ. രാജുലാസർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

കണ്ണൂർ-കാസർഗോഡ് അതിർത്തിയിലെ ചന്തേര പോലീസ് സ്റ്റേഷനിലെ പോലീസുകാർക്ക് ടെൽക് സ്പാറ്റൊ യൂണിറ്റ് മാസ്കും ഫേസ് ഷീൽഡും വിതരണം ചെയ്യുകയുണ്ടായി.

## ഓൺലൈൻ പഠനസഹായവുമായി മലബാർ സിമന്റ്സ് യൂണിറ്റ്




സ്പാറ്റൊ മലബാർ സിമന്റ്സ് യൂണിറ്റ് പാലക്കാട് പുതുശ്ശേരി പഞ്ചായത്തിലെ വാദ്ധ്യാർചള്ള പ്രദേശത്തുള്ള ഒരു കുടുംബത്തിലെ കുട്ടികൾക്ക് ഓൺലൈൻ പഠനാർത്ഥം ഒരു ടി.വി. നൽകുകയുണ്ടായി.. കോങ്ങാട് MLA ശ്രീ വിജയദാസ് ടി.വി. കുടുംബത്തിന് കൈമാറി. സ്പാറ്റൊ ഭാരവാഹികളായ സ:ജിതേഷ്, സ. ഗിരീഷ്, സ. ജയചന്ദ്രൻ, സ. അനൂപ് ജോസ്, മലബാർ സിമന്റ്സ് എംപ്ലോയീസ് യൂണിയൻ CITU ജനറൽ സെക്രട്ടറി സ. ആർ. ഹരിദാസ് എന്നിവർ പങ്കെടുത്തു.



18-06-2020ന് അർഹതയുള്ള കുടുംബത്തിന് ടി.വി. കൈമാറാനായി പുതുശ്ശേരി പഞ്ചായത്തിലേക്ക് ടെലിവിഷൻ വാങ്ങി നൽകുകയുണ്ടായി. കമ്പനി ഡയറക്ടർ ബോർഡ് അംഗം ശ്രീ. എസ്.ബി. രാജു പുതുശ്ശേരി പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. ഉണ്ണികൃഷ്ണന് ടി.വി. കൈമാറി

## കോവിഡ് കാലത്ത് തുണയായി കെ.എം.എം.എൽ. യൂണിറ്റ്

കെ.എം.എം.എല്ലിനു മുന്നിലെ ഓട്ടോ സ്റ്റാന്റിലെ ഡ്രൈവർമാർക്ക് സ്പാറ്റോ കെ.എം.എം.എൽ സൗജന്യ ഇന്ധന കൂപ്പണുകൾ നൽകി. 'പ്രിയ സാരഥികൾക്ക് സ്നേഹപൂർവ്വം' എന്ന ഈ പദ്ധതി

ലോക്ക് ഡൗണിൽ തളർന്ന അനേകം ഓട്ടോ റിക്ഷ ഡ്രൈവർമാർക്ക് തുണയായി. ചടങ്ങിന്റെ ഔദ്യോഗിക ഉദ്ഘാടനം കമ്പനി എം.ഡി നിർവഹിച്ചു. വിതരണോദ്ഘാടനം ചവറ സി.ഐ ശ്രീ നിസാമുദ്ദീൻ നിർവഹിച്ചു.






കുട്ടികളുടെ ഓൺലൈൻ പഠനത്തിനായി ആർ. സതീശൻ ഗ്രന്ഥശാലയുടെ ഭാരവാഹികൾക്ക് സ്പാറ്റോ കെ.എം.എം.എൽ യൂണിറ്റ് രണ്ട് എൽ.ഇ.ഡി ടി.വി.കൾ സമ്മാനിച്ചു. ചടങ്ങ് കമ്പനി എം.ഡി ശ്രീ. ജെ.ചന്ദ്രബോസ് നിർവഹിച്ചു.

## തിരുവനന്തപുരം ജില്ലാ കമ്മിറ്റി പഠനോപകരണങ്ങൾ നൽകി

സ്പാറ്റൊ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പട്ടം ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂൾ പത്താം ക്ലാസ് വിദ്യാർത്ഥിനി ഭാഗ്യലക്ഷ്മിക്ക് ഓൺലൈൻ പഠനത്തിനായി LED TV നൽകുകയുണ്ടായി.



സംസ്ഥാന പ്രസിഡന്റ് സ. ബിന്ദു വി.സി., ടി.വി. കൈമാറി..

## കേരള ഫീഡ്സിൽ വൈവിധ്യവത്കരണനിർദ്ദേശം സമർപ്പിച്ചു

കേരള ഫീഡ്സ് ലിമിറ്റഡിൽ ഉൽപന്നവൈവിധ്യവത്കരണത്തെക്കുറിച്ചു പഠിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായി ഫീഡ്സ് യൂണിറ്റ് യോഗം ഷൈൻ എസ്.ബാബു കൺവീനറായും ഫ്രാൻസിസ് പി.പി., രാജശേഖരൻ കെ.എൻ., ജയചന്ദ്രൻ ബി. എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. കമ്പനി പ്രവർത്തനമൂലധന ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ ഫാക്ടറികൾ സ്ഥാപിച്ചുള്ള വൈവിധ്യവത്കരണം വേണ്ടെന്നും അതിനു ബദലായി നിലവിലുള്ള വിപുലവും ശക്തവുമായ വിതരണ ശൃംഖല ഉപയോഗിച്ച് പുതിയ ഉൽപന്നങ്ങൾ ട്രേഡിങ് നടത്തണമെന്നും കമ്മിറ്റി നിരീക്ഷിച്ചു. ഇതുമായി ബന്ധപ്പെട്ട വിശദമായ ശുപാർശ മാനേജ്മെന്റിനു സമർപ്പിച്ചു.

## ചികിത്സ സഹായം

സ്പാറ്റൊയുടെ മുൻ സംസ്ഥാന സെക്രട്ടറി ആലപ്പുഴ നിവാസിയായ സ. ജയചന്ദ്രൻ വാഹനാപകടത്തെത്തുടർന്ന് ചികിത്സയിലായിരുന്നു. ഇദ്ദേഹത്തിന്റെ ചികിത്സയ്ക്കായി അംഗങ്ങളിൽനിന്നും സ്വരൂപിച്ച തുക രൂപ 1,66,700/അദ്ദേഹത്തിന്റെ മകൾ സാന്ദ്രാ സൂര്യയ്ക്ക് 2020 മാർച്ച് മാസം ആദ്യം കൈമാറുകയുണ്ടായി. ഈ മനുഷ്യസ്നേഹപ്രവർത്തനത്തിൽ ആത്മാർത്ഥമായി സഹകരിച്ച അംഗങ്ങൾക്ക് സംസ്ഥാന കമ്മിറ്റിയുടെ അഭിവാദ്യങ്ങൾ.

# ഹരിതകേരളം മിഷൻ: കേരളത്തിന്റെ പരിസ്ഥിതി പുന:സ്ഥാപനത്തിനുള്ള ജനകീയ യജ്ഞം

കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ രൂപീകരിച്ച നവകേരളം കർമ്മ പദ്ധതിയിലെ നാലുമിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന്റെ പ്രധാന ലക്ഷ്യം കേരളത്തിന്റെ പരിസ്ഥിതിയുടെ പുനസ്ഥാപനമാണ്. വെള്ളം, വൃത്തി, വിളവ് എന്ന ആശയത്തോടെ ജലസംരക്ഷണവും ജലസുരക്ഷയും, ശുചിത്വ-മാലിന്യ സംസ്ക്കരണം, കൃഷി എന്നീ മേഖലകളിലൂന്നിയ മൂന്ന് ഉപമിഷനുകളിലെ പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നത്. കഴിഞ്ഞ നാലു വർഷക്കാലയളവിൽ ഈ മൂന്നു മേഖലകളിലും ലക്ഷ്യമിട്ട പ്രവർത്തനങ്ങളിൽ പ്രകടമായ നേട്ടങ്ങൾ കൈവരിക്കാൻ മിഷനു കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുടെ ഭാഗമായും ജനകീയ പങ്കാളിത്തത്തോടെയുമാണ് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളിൽ ഈ നേട്ടങ്ങൾ കൈവരിച്ചത്.


**ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ:**

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിനും തുടർന്ന നടത്തിയ പ്രവർത്തനങ്ങളും സംസ്ഥാനത്ത് ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കി. സംസ്ഥാനത്ത് ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിലും 93 നഗരസഭകളിലുമായി 1,033 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അജൈവ മാലിന്യശേഖരണത്തിനായി ഹരിതകർമ്മസേനകൾ രൂപീകരിച്ചു. 805 സ്ഥാപനങ്ങളിലായി 28,632 പേര് അടങ്ങുന്ന ഹരിത കർമ്മ സേന സജീവമായി പ്രവർത്തിക്കുന്നു. അജൈവമാലിന്യശേഖരണത്തിനും സംഭരണത്തിനുമായി 1339 മെറ്റീരിയൽ കളക്ഷൻ സെന്ററും (എം.സി.എഫ്) തരംതിരിച്ച് പുനചംക്രമണത്തിനും സംസ്കരണത്തിനുംവേണ്ടി 162 റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും (ആർ.ആർ.എഫ്) ഇതോടനുബന്ധിച്ച് പൂർണ്ണതോതിൽ പ്രവർത്തിക്കുകയാണ്. 15,358 മാലിന്യ സംസ്കരണ പ്രോജക്ടുകൾ വിവിധതദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യാഥാർത്ഥ്യമായി. അതിലൂടെ പ്രതിദിനം സംസ്ഥാനത്തുണ്ടാകുന്ന ജൈവമാലിന്യത്തിന്റെ 45% ഉറവിട മാലിന്യസംസ്കരണ സംവിധാനത്തിലൂടെ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നു. 1,419 സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകളും 97 കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു. 2023 കി.മീ റോഡ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആർ.ആർ.എഫുകളിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തു. 1575 മെട്രിക് ടൺ ഇ-വേസ്റ്റ് സംസ്ഥാനത്ത് ആകെ നാലുവർഷം കൊണ്ട് സമാഹരിച്ച് കൈമാറി. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഹരിത ടൂറിസം പദ്ധതിക്ക് (ഉദാ-വഴികാട്ടാൻ വാഗമൺ) തുടക്കം കുറിച്ചു.

**ജലസംരക്ഷണ ഉപമിഷൻ :**

ജലസംരക്ഷണവും ജലസുരക്ഷയും മുൻനിർത്തി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ കഴിഞ്ഞ നാലു വർഷക്കാലത്തിനുള്ളിൽ ആകെ 412 കി.മീ പുഴകളും 41,529 കി.മീ തോടുകളും പുനരുജ്ജീവിപ്പിച്ചു. 1,013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാൻ തയ്യാറാക്കി. 105

**വെള്ളം, വൃത്തി, വിളവ് എന്ന ആശയത്തോടെ ജല സംരക്ഷണവും ജലസുരക്ഷയും, ശുചിത്വ-മാലിന്യ സംസ്ക്കരണം, കൃഷി എന്നീ മേഖലകളിലൂന്നിയ മൂന്ന് ഉപമിഷനുകളിലെ പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നത്. കഴിഞ്ഞ നാലു വർഷക്കാലയളവിൽ ഈ മൂന്നു മേഖലകളിലും ലക്ഷ്യമിട്ട പ്രവർത്തന ങ്ങളിൽ പ്രകടമായ നേട്ടങ്ങൾ കൈവരിക്കാൻ മിഷനു കഴിഞ്ഞിട്ടുണ്ട്. വിവിധവകുപ്പുകളുടെ ഏകോപനത്തോടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുടെ ഭാഗമായും ജനകീയ പങ്കാളിത്തത്തോ ടെയുമാണ് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളിൽ ഈ നേട്ടങ്ങൾ കൈവരിച്ചത്.**




ബ്ലോക്ക്തല നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി. 60,116 ഏക്കർ വൃഷ്ടിപ്രദേശ പരിപാലനം നിർവ ഹിച്ചു.നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് 2019 ഡിസംബറിൽ സംഘടിപ്പിച്ച ഇനി ഞാനൊഴുകട്ടെ കാമ്പയിനിലൂടെ മാത്രം രണ്ടു ഘട്ടങ്ങളിലായി സം സ്ഥാനത്തെ 7,291 കി.മീ ദൂരം നീർ ച്ചാലുകളും തോടുകളും ശുചീ കരിച്ച് നീരൊഴുക്ക് സാധ്യമാക്കി. സംസ്ഥാനത്ത് ഏറ്റവും ജല ക്ഷാമം അനുഭവിക്കുന്ന നാല് ജില്ലകളിൽ ബന്ധാര മാതൃകയി ലുള്ള വേനൽക്കാല ജലസംഭര ണികൾ നിർമ്മിക്കുന്നതിന് പ്രവർ ത്തനങ്ങൾ ആരംഭിച്ചു.

**കൃഷി ഉപമിഷന്:**

തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളുടെയും കൃഷിവകുപ്പിന്റേ യും സഹായത്തോടെ 277 ഗ്രാമ പഞ്ചായത്തുകളിലായി 1314 വാർ ഡുകൾ ഹരിതസമൃദ്ധി വാർഡാ ക്കുന്നതിനു കഴിഞ്ഞു. കൃഷി യോഗ്യമാക്കിയ മുഴുവൻ ഭൂമി യിലും കൃഷി നടത്തുന്ന തരിശ് രഹിത ഗ്രാമ പദ്ധതി പ്രകാരം 89 തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളെ ഇതിനകം തരിശ് രഹിത മായി പ്രഖ്യാപിച്ചു. സംസ്ഥാന ത്തെ എല്ലാ ഐ.ടി.ഐ കാമ്പ സുകളും ഹരിത കാമ്പസാക്കുന്ന കർമ്മപദ്ധതി പ്രകാരം സംസ്ഥാ നത്തെ 12 ഐ.ടി.ഐകളെ ഹരിത ക്യാമ്പസുകളാക്കി.

വ്യവസായ വകുപ്പിന് കീഴി ലുള്ള പൊതുമേഖലാ സ്ഥാപന ങ്ങളിൽകൃഷി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഹരിത കേരളം മിഷനുമായി ചേർന്ന് കൃഷി നടപ്പിലാക്കുന്ന പദ്ധതിയാ രംഭിച്ചു. ഇതുവരെ 9 ജില്ലകളി ലായി 34 സ്ഥാപനങ്ങളിൽ കൃഷി ആരംഭിച്ചു.

കേരളത്തെ കാർബൺ ന്യൂ ട്രൽ സംസ്ഥാനമാക്കി മാറ്റുന്നതിന് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഹരിത കേരള മിഷൻ ആരംഭിച്ചു കഴിഞ്ഞു. ●



# ആദരാഞ്ജലികൾ

സ്പാറ്റൊ സംസ്ഥാനകമ്മിറ്റി അംഗ മായിരുന്ന ഡി.ഹരിഹരൻനായർ (60) 24.11.2020-നു തിരുവനന്തപുരത്ത് നിര്യാതനായി. കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിലെ ഉദ്യോഗസ്ഥനായി രുന്നു. ഉത്തരവാദിത്തത്തോടും അർപ്പണബോധത്തോടുംകൂടി എന്നും സർവീസിൽ നിറഞ്ഞുനിന്നു. ദീർഘകാലമായി സംഘടനയിലെ സൗമ്യസാന്നിധ്യം. സഖാവിന്റെ സ്മരണയ്ക്കു മുന്നിൽ ഒരുപിടി രക്തപുഷ്പങ്ങൾ.

*(27-ാം പേജിൽനിന്ന് തുടർച്ച)*

സർക്കുലർ പിൻവലിക്കപ്പെട്ടിട്ടില്ല, അതിന്റെ ചുവട് പിടിച്ചുകൊണ്ട് വിവിധ ശമ്പളപരിഷ്കരണ ഉത്തരവുകളിൽ നൽകുന്ന നിർദ്ദേശവും നാളിതുവരെ തിരുത്തപ്പെട്ടിട്ടില്ല. അടുത്തിടെ സാലറി കട്ടുമായി ബന്ധപ്പെട്ടിറക്കിയ സർക്കാർ ഉത്തരവിലും പി എഫ് വിഹിതം ക്യാപ്പ്ഡ് സീലിങ്ങിന് പരിമിതപ്പെടുത്തുന്ന കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇ പി എഫ് ബാധകമായ സ്ഥാപനങ്ങളിലെ ജോലിസ്വഭാവം, പ്രവർത്തന അന്തരീക്ഷം, സേവന വേതന വ്യവസ്ഥ എന്നിവ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും തുലോം വ്യത്യസ്തമാണ്. അവയിൽ ഭൂരിഭാഗവും വിവിധതരം വ്യവസായ വാണിജ്യ സ്ഥാപനങ്ങളാണ്; ഷിഫ്റ്റ് ജോലി, പ്രതിദിന ജോലി ദൈർഘ്യം, കുറഞ്ഞ എണ്ണം പൊതു അവധി ദിവസങ്ങൾ, കൈകാര്യം ചെയ്യുന്ന വസ്തുക്കളുടെയും ഉപകരണങ്ങളുടെയും അപകടസ്വഭാവം ഇങ്ങനെ ഒട്ടനവധി കാരണങ്ങളുടെ അടിസ്ഥാനത്തിലാണ് വ്യാവസായിക മേഖലയിൽ പണിയെടുക്കുന്നവർക്ക് കൂടുതൽ ആനുകൂല്യം കിട്ടുന്ന തരത്തിലുള്ള ഇ പി.എഫ്. നിയമവും മറ്റും ഇന്ത്യയിലുണ്ടായത്. അത് രാജ്യം ഒപ്പിട്ട പല അന്താരാഷ്ട്ര കൺവൻഷനുകളുടെ ഭാഗം കൂടിയാണ്. 90 കളിൽ തുടങ്ങിയ സാമ്പത്തിക പരിഷ്കരണങ്ങളുടെ ഫലമായി ഇത്തരം പദ്ധതികളിലും മറ്റും മാറ്റങ്ങൾ വരുത്തുന്നതിനിടയായിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ഇന്ത്യയുടെ പരമോന്നത നീതിപീഠം തൊഴിലാളിക്ക് ഒപ്പമാണ് നിന്നത്.

പ്രായേണ റിസ്ക്ക് കുറഞ്ഞ ജോലിചെയ്യുന്ന സർക്കാർ, അധ്യാപക ജീവനക്കാർക്ക് ഭേദപ്പെട്ട സർവ്വീസ് പെൻഷൻ/ നാഷണൽ പെൻഷൻ സ്കീം വിഹിതം സർക്കാരിൽനിന്നും ലഭിക്കുന്നുണ്ട് എന്നിരിക്കെ പൊതുമേഖലാ സ്വയംഭരണസ്ഥാപനങ്ങളിലെ ജീവനക്കാർ റിട്ടയർമെന്റിനു ശേഷം മരുന്നിന് പോലും തികയാത്ത ആയിരമോ രണ്ടായിരമോ രൂപയുടെ പ്രതിമാസ പെൻഷൻ ലഭിക്കുന്ന സ്ഥിതിയിലേക്ക് വലിച്ചെറിയപ്പെടുന്ന സ്ഥിതിവിശേഷമാണ് മേൽപ്പറഞ്ഞ സർക്കുലറിലെ/ശമ്പള പരിഷ്കരണ ഉത്തരവിലെ തൊഴിലുടമ വിഹിതം പരിമിതപ്പെടുത്തുന്ന നിർദ്ദേശത്തിലൂടെ സംഭവിക്കുന്നത്.

ധനകാര്യവകുപ്പിന്റെ സർക്കുലറിനും ശമ്പളപരിഷ്കരണ ഉത്തരവിലെ നിർദ്ദേശത്തിനും എതിരേ പല സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അനുകൂല വിധി നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. സ്പാറ്റൊയുടെ ഇടപെടലിന്റെകൂടി ഫലമായി അനർട്ടിൽ തൊഴിലുടമാവിഹിതം പരിമിതപ്പെടുത്തിക്കൊണ്ടുള്ള നടപടി പിൻവലിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. 2011-ലെ സർക്കുലർ അടിയന്തിരമായി റദ്ദാക്കുന്നതിനും, ശമ്പള പരിഷ്കരണ ഉത്തരവുകളിൽ പി എഫ് വിഹിതം പരിമിതപ്പെടുത്തണമെന്ന നിർദ്ദേശം ഉൾക്കൊള്ളിക്കുന്ന പതിവ് ഒഴിവാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സ്പാറ്റൊ സംസ്ഥാന കമ്മിറ്റി ബഹു. മുഖ്യമന്ത്രിക്കും ധനകാര്യവകുപ്പു മന്ത്രിക്കും നിവേദനം നൽകി അനുകൂല പ്രതികരണത്തിന് കാത്തിരിക്കുകയാണ്.

SPATO NEWS

# സ്പാറ്റോ ന്യൂസ്



## പൊതുമേഖല – സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഫീസർമാരുടെ സംഘശബ്ദം

**ഭാവിചിന്തകൾ**

**വൈവിധ്യവൽക്കരണം**

**ധൈഷണികരൂപങ്ങൾ**

വായിക്കുക വരിക്കാരാവുക

**സ്പാറ്റോ ന്യൂസ്**

# വികസനത്തിന്
# ഒരു വോട്ട്
# സാമൂഹ്യമൈത്രിക്ക്
# ഒരു വോട്ട്